# ജനകീയാസൂത്രണം 1996

## സമഗ്രവികസനറിപ്പോർട്ട്



## പൊഴുതന ഗ്രാമപഞ്ചായത്ത്


വയനാട് ജില്ല

139-5



ഒമ്പതാം പദ്ധതി ജനകീയപദ്ധതി

# പൊഴുതന ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസനസെമിനാർ

# സമഗ്രവികസനരേഖ

## 1996





എല്ലാവരുടെയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും
ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല

— മഹാത്മാഗാന്ധി

# എഡിറ്റോറിയൽ

**എഡിറ്റർ**

ശ്രീ. കെ.വി.ദിവാകരൻ ആനോത്ത്

**എഡിറ്റോറിയൽ സ്റ്റാഫ്**

ശ്രീമതി. നെദീറാ മുസ്തഫ
കെ.കെ.ശ്രീധരൻ
ടി.കെ.ഹംസ
കെ.ഗോവിന്ദൻ
എൻ.സി.പ്രസാദ്
പി.കുഞ്ഞയമു
സി.എം.ശിവരാമൻ
കെ.വാസുദേവൻ
ഇ.ശങ്കരൻകുട്ടിനായർ
സി.ഷംസുദ്ദീൻ
എൻ.ചന്ദ്രശേഖരൻ നായർ
പി.കേശവൻ
ടി.യു.വിജയരാമദാസ്
കെ.പി.ജോൺ

# ഉള്ളടക്കം

ആമുഖം
പഞ്ചായത്ത് പൊതുവിവരണം
പൊഴുതന പഞ്ചായത്ത് ചരിത്രം
ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
കൃഷിയും ജലസേചനവും
മൃഗസംരക്ഷണവും മത്സ്യബന്ധനവും
വ്യവസായം
വിദ്യാഭ്യാസം
കുടിവെള്ളവും പൊതുജനാരോഗ്യവും
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
പാർപ്പിടം, സാമൂഹ്യക്ഷേമം
സംസ്കാരം
വനിത
സഹകരണം
പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം
വിഭവസമാഹരണം
ടൂറിസം
ഉപസംഹാരം

# മുൻ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

പ്രസിഡൻറ്



എൻ.ആർ. നാണുനായർ
10—1—72  27—8—79

കെ.ഗോവിന്ദൻ (മെമ്പർ)
പി .രാഘവൻ നായർ
എം.എൽ.പൈലി
ടി.കെ.ഹംസ
സി.കണ്ണൻ
സി.കെ.മമ്മുഹാജി
എ.ശാന്തകുമാരി മുകുന്ദൻ
എം.ചിപ്പുക്കുട്ടി നായർ

പ്രസിഡൻറ്



കെ. ഗോവിന്ദൻ
28—9—79  29—10—84

സി.അലിമമ്മു (വൈസ് പ്രസിഡൻറ്)
മെമ്പർമാര
പി.ഇ.കണാരൻ നായർ
പി.ആലി
പി.കെ.പുതിയാണ്ടി
സി.ടി.മൊയ്തീൻ
വി.പി.റുഖിയ
എം.ടി.കുഞ്ഞുമുഹമ്മദ്

പ്രസിഡൻറ്



പി.ഇ. കണാരൻ നായർ
2—2—1988  29—9—1995

ടി.കെ.ഹംസ (വൈസ്പ്രസിഡൻറ്)
മെമ്പർമാർ
കെ.ഗോവിന്ദൻ
സി.പാത്തുമ്മ
സി.എച്ച്.മമ്മി
പി.ആർ. മണി
എ.പി.ശ്രീകുമാർ
വി.പി.റുഖിയ

# പൊഴുതന പഞ്ചായത്ത് ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ

പ്രസിഡൻറ്



ശ്രീമതി
നെദിറ മുസ്തഫ

വൈസ് പ്രസിഡൻറ്



കെ.കെ. ശ്രീധരൻ

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



ടി.കെ. ഹംസ്സ

## അംഗങ്ങൾ



ശോഭാ രാജൻ



കാർത്ത്യായനി അമ്മ



എൻ.സി.പ്രസാദ്



ചാത്തി വെള്ളൻ



സി.മുഹമ്മദ്



പി.കുഞ്ഞയമു

# ആമുഖം

മഹാത്മാഗാന്ധിയുടെ സ്വപ്നം സ്വാശ്രയഗ്രാമങ്ങളായിരുന്നല്ലോ. കഴിഞ്ഞ കാലത്തെ ആസൂത്രണം ഈ ആശയത്തെ യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചെങ്കിലും വികസനപ്രക്രിയയുടെ വൈകല്യങ്ങൾ കാരണം ഗ്രാമങ്ങളിൽ പോരായ്മകൾ വളരെയേറെ അവശേഷിച്ചു. ഇതിന്റെ പ്രധാനകാരണം ആസൂത്രണം ഗ്രാമങ്ങളിൽ നിന്നുത്ഭവിച്ചില്ല എന്നുള്ളതാണെന്നും പിന്നീട് മനസിലായി.

ത്രിതല പഞ്ചായത്തുകളുടെ രൂപീകരണത്തോടെ അധികാരം ജനങ്ങളിലേക്ക് കൈമാറ്റം ചെയ്തു. വികസനത്തിന് ഗ്രാമീണരുടെ പങ്കാളിത്തം ആസൂത്രണഘട്ടത്തിൽ തന്നെ വേണമെന്ന ചിന്താഗതിക്ക് ആക്കം കൂട്ടി. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിന് തുടക്കം കുറിക്കുന്നത് ഗ്രാമസഭകളിൽ നിന്നാകട്ടെ എന്നു തീരുമാനിച്ചതും. ഒമ്പതാം പദ്ധതിയുടെ

ഗ്രാമസഭകളുടെ വിവരം

| വാർഡ് നമ്പർ | നടത്തിയ തീയതി | സ്ഥലം | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | സ്ത്രീ | പുരു. | ആകെ |
| 1 | 29—9—96 | കല്ലൂർ ലീഫ് വെയിറ്റിംഗ് ഷെഡ് | 22 | 142 | 164 |
| 2 | 29—9—96 | വേങ്ങാത്തോട് | 40 | 111 | 151 |
| 3 | 2—10—96 | പാറക്കുന്ന് മസ്റ്ററൂൾ ഷെഡ് | 165 | 137 | 302 |
| 4 | 29—9—96 | ജി.എൽ.പി.എസ് വലിയപാറ | 8 | 93 | 101 |
| 5 | 1—10—96 | ജി.എൽ.പി.എസ് അച്ചൂരാനം | 70 | 135 | 205 |
| 6 | 30—9—96 | ജി.എൽ.പി.എസ് അച്ചൂരാനം | 50 | 240 | 295 |
| 7 | 22—9—96 | കമ്മാടം കുന്ന് | 30 | 206 | 236 |
| 8 | 2—10—96 | പിണങ്ങോട് ജി.യു.പി.സ്ക്കൂൾ | 20 | 116 | 136 |
| 9 | 26—9—96 | കൃഷിഭവൻ, ഇടിയംവാൾ | 25 | 130 | 155 |
| | | ആകെ | 430 | 1310 | 1740 |

അടങ്കലിന്റെ ഏകദേശം 30—40 ശതമാനം തുകക്ക് വരുന്ന വികസന പരിപാടികൾ താഴെത്തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ പ്രധാന ഉദ്ദേശം. ഈ തുക എങ്ങനെ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഉപകാരപ്രദമാകുന്ന പദ്ധതികളായാവിഷ്കരിക്കാം എന്നുള്ളതിനെ പറ്റി ചിന്തിക്കാനാണ് വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടിയതും പന്ത്രണ്ടു വിഷയങ്ങളിലായി ചർച്ചകൾ നടത്തിയതും. പ്രാദേശിക പ്രത്യേകതകളുടെ സാഹചര്യത്തിൽ പ്രായോഗികമായി നടപ്പാക്കാൻ പറ്റുന്ന പല പദ്ധതികൾക്കും രൂപം കൊടുക്കാൻ ഗ്രാമസഭകൾക്ക് കഴിഞ്ഞിട്ടുണ്ട്.

ധനശേഷി വർദ്ധിപ്പിച്ചു, ജീവിതനിലവാരം ഉയർത്താൻ, കാർഷികോൽപന്നങ്ങളുടെ വർദ്ധനവിനും പരമ്പരാഗത കുടിൽ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനും നൂതന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന സുസ്ഥിരമായ വികസനമാണ് അഭികാമ്യം എന്നുകണ്ടു. ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ വികസനത്തിന്റെ വെല്ലുവിളികൾക്ക് ക്രിയാത്മകമായ ഉത്തരം ജനകീയാസൂത്രണത്തിന് മാത്രമേ നൽകാനൊക്കൂ എന്നാണ് വിശ്വാസം.

നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നുവന്ന ഗ്രൂപ്പുചർച്ചകൾ കൈചൂണ്ടുന്നത് :

1. കാർഷികോൽപാദനം വർദ്ധിപ്പിക്കാനുതകുന്ന ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുക.

2. കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. ജനങ്ങളുടെ ദൈനംദിനജീവിതത്തെ ബാധിക്കുന്ന കുടിവെള്ളം, പാർപ്പിടം, ഗതാഗത സൗകര്യം എന്നിവ ഉറപ്പുവരുത്തുക.

4. വിദ്യാഭ്യാസരംഗത്തും സാംസ്കാരിക—കാലാകായിക രംഗത്തും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുക.

5. വനിതകളുടെയും പട്ടികജാതി—പട്ടികവർഗ മറ്റ് ദുർബല വിഭാഗത്തിൽ പെട്ടവരുടെയും പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ള വസ്തുതകളിലേക്കാണ്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനം ആസൂത്രണം ചെയ്യുവാൻ വൈകാരികമായ ഒരു ബന്ധം ജനങ്ങൾക്ക് ലഭിച്ചു എന്നതുതന്നെയാണ് വിശേഷാൽ ഗ്രാമസഭകളുടെ വിജയകഥ. അയൽക്കൂട്ടങ്ങൾ രൂപീകരിക്കാനും സമൂഹത്തിലെ പ്രശ്നങ്ങൾ ചർച്ചകൾ വഴി പരിഹരിക്കാനുമുള്ള പല സംരംഭങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും ഈ ജനകീയ പദ്ധതിയുടെ ഒരു വശമാണ്.

ദീർഘദർശനത്തിന്റെയും വിഭവങ്ങളുടെയും മാനവശേഷിയുടെയും പരിമിതികൾ കണക്കാക്കിയാൽ ഈ റിപ്പോർട്ട് പഞ്ചായത്തിന്റെ ഭാവിയിലേക്കുള്ള വികസനത്തിന്റെ അവസാനവാക്കാണെന്ന് അവകാശപ്പെടനാവില്ല. കാലാനുസൃതമായ പരിഷ്കാരങ്ങൾ ഉൾക്കൊള്ളാനുള്ള സന്ദർഭങ്ങൾ പദ്ധതി ആവിഷ്കരണസമയങ്ങളിൽ വന്നുചേരാം. അവയെ യഥോചിതം ജനഹിതത്തെ മാനിക്കുന്ന അവസ്ഥയിൽ കൈകാര്യം ചെയ്യേണ്ടിവന്നേക്കാം. എന്നിരുന്നാലും സമീപഭാവിയിലെ ഒത്തിരി കാര്യങ്ങൾക്രിയാത്മകമായ യാഥാർത്ഥ്യങ്ങൾക്ക് പ്രാധാന്യം കൽപ്പിച്ചുകൊണ്ട് നടത്താനുതകുന്ന ഒരു രൂപരേഖയാണിതെന്ന കാര്യത്തിൽ സംശയമില്ല.

വരുംകാലങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് ഗ്രാമസഭകളുടെ പശ്ചാത്തലത്തിൽ സുതാര്യവും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണം കാംക്ഷിച്ചുകൊണ്ട് ഈ സമഗ്രവികസന റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

*"കുഴി വെട്ടി മൂടുക വേദനകൾ*
*കുതികൊൾക ശക്തിയിലേക്ക് നമ്മൾ"*

—ഇടശ്ശേരി

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : പൊഴുതന |
| ഉൾപ്പെടുന്ന വില്ലേജുകൾ | : പൊഴുതന, അച്ചൂരാനം |
| ബ്ലോക്ക് പഞ്ചായത്ത് | : കൽപ്പറ്റ |
| താലൂക്ക് | : വൈത്തിരി |
| ജില്ല | : വയനാട് |
| അസംബ്ലി മണ്ഡലം | : കൽപ്പറ്റ |
| പാർലമെൻറ് മണ്ഡലം | : കോഴിക്കോട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : വൈത്തിരി, പൊഴുതന |
| ഗ്രേഡ് | : സ്പെഷൽ ഗ്രേഡ് |
| വിസ്തീർണ്ണം | : 27.40 ചതുരശ്ര മൈൽ (71.30 ചതുരശ്ര കി.മീ.) |
| <u>അതിരുകൾ</u> | |
| കിഴക്ക് | : കൽപ്പറ്റ മുൻസിപ്പാലിറ്റി, വെങ്ങൂപ്പള്ളി പഞ്ചായത്ത് |
| പടിഞ്ഞാറ് | : പുതുപ്പാടി പഞ്ചായത്ത് |
| തെക്ക് | : വൈത്തിരി പഞ്ചായത്ത് |
| വടക്ക് | : തരിയോട് പഞ്ചായത്ത് |
| ജനസംഖ്യ | :16229 (1991ലെ സെൻസസ്) |
| വാർഡുകൾ | : 9 |
| പ്രസിഡണ്ട് | : ചോലക്കൽ നദീറാ മുസ്തഫ |
| വൈസ് പ്രസിഡണ്ട് | : കെ.കെ. ശ്രീധരൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : ടി.കെ. ഹംസ |

## പൊതുവിവരണം

വൈത്തിരി പഞ്ചായത്തിൽ നിന്നും വിട്ട് പൊഴുതന ഒരു പുതിയ പഞ്ചായത്തായത് 1972ലാണ്. ജനുവരി 10നാണ് ഉൽഘാടനം ചെയ്തത്. ഉൽഘാടനകർമ്മം നിർവ്വഹിച്ചത് ആദിവാസി പൗരനായ ശ്രീ. കൊയിലോംമൂല ചണ്ണൻ ആണ്. ശ്രീ ഒ. ജനാർദ്ദനൻ എന്നയാളുടെ പീടികമുറിയുടെ മുകളിലാണ് ആദ്യമായി പ്രവർത്തനം തുടങ്ങിയത്. 1972 ജനുവരി 10നാണ് പൊഴുതന പഞ്ചായത്തിൻറ പ്രഥമയോഗം ചേർന്നത്. ആദ്യ പ്രസിഡൻറ് ശ്രീ. എൻ.ആർ. നാണു നായരായിരുന്നു. എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ സി.എം. നാരായണൻ നായർ എന്നയാളും.

ആദ്യത്തെ ഭരണസമിതി അംഗങ്ങൾ

1. ശ്രീ എൻ.ആർ. നാണു നായർ — പ്രസിഡൻറ് (ഇലക്ടഡ്)
2. ശ്രീ ഗോവിന്ദൻ — മെമ്പർ (ഇലക്ടഡ്)
3. ശ്രീ. പി. രാഘവൻ നായർ — മെമ്പർ (ഇലക്ടഡ്)
4. എം.എൻ. പൈലി — മെമ്പർ (നോമിനേറ്റഡ്)
5. ടി.കെ. ഹംസ — മെമ്പർ (നോമിനേറ്റഡ്)
6. സി. കണ്ണൻ — മെമ്പർ (നോമിനേറ്റഡ്)
7. സി.എ. മമ്മുഹാജി — മെമ്പർ (ഇലക്ടഡ്)
8. എൻ. ശാന്തകുമാരി മുകുന്ദൻ — മെമ്പർ (നോമിനേറ്റഡ്)
9. എം. ചിപ്പുക്കുട്ടി നായർ — മെമ്പർ (നോമിനേറ്റഡ്)

ആദ്യപഞ്ചായത്തിൻെറ കാലാവധി 27.8.79 വരെ നിലനിന്നു.

27.8.79 മുതൽ 27.9.79 വരെ സ്പെഷൽഓഫീസറുടെ ഭരണമായിരുന്നു.

പുതിയ ഭരണസമിതി (തെരഞ്ഞെടുപ്പിനുശേഷം) 28.9.79ന് അധികാരമേറ്റ് പ്രസിഡൻറായി ശ്രീ. കെ. ഗോവിന്ദനെ തെരഞ്ഞെടുത്തു. 1979ൽ തെരഞ്ഞെടുത്ത ഭരണസമിതി അംഗങ്ങളുടെ പേരുവിവരം

1. കെ. ഗോവിന്ദൻ — പ്രസിഡണ്ട്
2. സി. ആലി മമ്മു — വൈസ് പ്രസിഡണ്ട്
3. പി.ഇ. കണാരൻ നായർ — മെമ്പർ
4. പി. ആലി — മെമ്പർ
5. പി.കെ. പുതിയാണ്ടി — മെമ്പർ
6. സി.ടി. മൊയ്തീൻ മെമ്പർ
7. വി.പി. റുക്കിയ — വനിതാ മെമ്പർ
8. എം.ടി. കുഞ്ഞി മുഹമ്മദ് — മെമ്പർ

ഈ ഭരണസമിതിയുടെ കാലം 28.9.79 മുതൽ 29.10.84 വരെയായിരുന്നു. 5 വർഷം കഴിഞ്ഞ് പിരിച്ചുവിട്ടു.

29.10.84 മുതൽ 1.2.88 വരെ സ്പെഷൽ ഓപഫീസറുടെ ഭരണമായിരുന്നു. വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. 2.2.88ന് പുതിയ ഭരണസമിതി അധികാരമേറ്റു. ഭരണണസമിതി അംഗങ്ങളുടെ പേർവിവരം

1. പി.ഇ. കണാരൻ നായർ — പ്രസിഡണ്ട്
2. ടി.കെ. ഹംസ — വൈസ് പ്രസിഡണ്ട്
3. കെ. ഗോവിന്ദൻ — മെമ്പർ
4. സി. പാത്തുമ്മ — വനിതാ മെമ്പർ
5. സി.എച്ച് മമ്മി— മെമ്പർ
6. പി.ആർ. മണി — മെമ്പർ
7. എ.പി. ശ്രീകുമാർ — മെമ്പർ
8. വി.പി. റുക്കിയ — വനിതാ മെമ്പർ

2.2.88 മുതൽ 29.9. 95 വരെ 7 വർഷവും 7 മാസവും 27 ദിവസവും ആ ഭരണസമിതി അധികാരത്തിലിരുന്നു. 30.9.95 മുതൽ പുതിയ ഭരണസമിതിയാണ്.

ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേർ താഴെ ചേർക്കുന്നു.

ഭരണസമിതി അംഗങ്ങൾ

1. ശ്രീമതി. നദീറാ മുസ്തഫ — പ്രസിഡൻറ്
2. ശ്രീ. കെ.കെ. ശ്രീധരൻ — വൈസ് പ്രസിഡൻറ്
3. ശ്രീ. ടി.കെ. ഹംസ — സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
4. ശ്രീ. എൻ.സി. പ്രസാദ് — മെമ്പർ
5. ശ്രീ. ചാർത്തിവള്ളൻ — മെമ്പർ
6. ശ്രീ. സി. മുഹമ്മദ് — മെമ്പർ
7. ശ്രീ. പി. കുഞ്ഞായമു — മെമ്പർ
8. ശ്രീ. ശോഭാ രാജൻ — മെമ്പർ
9. ശ്രീ. സി.എച്ച്. കാർത്ത്യായനി — മെമ്പർ

പഞ്ചായത്തിന് ഒരു പുതിയ കെട്ടിടം വേണമെന്ന് 29.3.72ലെ യോഗത്തിൽ 52ാം നമ്പർ

തീരുമാനമായി തീരുമാനിച്ചു. 1977 ഒക്ടോബർ ഒമ്പതിന് പ്രസിഡൻറ് ശ്രീ എൻ.ആർ. നാണു നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അന്നത്തെ പഞ്ചായത്ത് ഡയരക്ടർ ശ്രീ എം. സുബയൻ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചു. 1980 ഫെബ്രുവരി ആറിന് ശ്രീ കെ. ഗോവിന്ദൻ പ്രസിഡൻറായിരിക്കെ ഡയരക്ടർ എം. സുബയ്യൻ തന്നെ കെട്ടിടത്തിൻെറ ഉൽഘാടനം നിർവ്വഹിച്ചു.

പഞ്ചായത്തിലെ മെത്തം ജനസംഖ്യ 91ലെ സെൻസസ് പ്രകാരം 16229 ആണ്. അതിൽ പുരുഷന്മാർ 8079. സ്ത്രീകൾ 8150.

ഈ പഞ്ചായത്തിന് 9 വാർഡുകളാണുള്ളത്. ഇതിൽ സുഗന്ധഗിരി ഏലം പ്രൊജക്ടം ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു. എസ്.സി, എസ്.ടി. വിഭാഗത്തിൽ പെട്ട തൊഴിലാളികളാണിതിലുള്ളത്. പ്രധാനമായി ഏലവും പിന്നെ കുരുമുളക്, കാപ്പി, സെറികൾച്ചർ തുടങ്ങിയവയും ഇവിടെ കൃഷി ചെയ്യുന്നു. മലയാളം പ്ലാൻേറഷൻസിൻെറ പെരുങ്കോട്ട, കല്ലൂർ ഡിവിഷനുകൾ ഒന്നാം വാർഡിലാണുള്ളത്. കുറിച്ച്യർ മല എസ്റ്റേറ്റ്, വേണ്ടോത്തോട്, കനകമല എന്നീ എസ്റ്റേറ്റുകളും കുറുവന്തോട് പ്രദേശവും ചേർന്നതാണ് രണ്ടാം വാർഡ്. മൂന്നാം വാർഡ് തികച്ചും തേയില തന്നെയാണ്. മൂന്ന് വാർഡ് തോട്ടം ഏരിയകളും ആറ് വാർഡുകൾ ഗ്രാമപ്രദേശവും ചേർന്നതാണ് പൊഴുതന പഞ്ചായത്ത്. ഇതിൽ ആറാം വാർഡിൻെറ കുറച്ചുഭാഗം തേയിലയാണ്.

അച്ചൂരാനം, പൊഴുതന, എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ് പൊഴുതന പഞ്ചായത്ത്.

പഞ്ചായത്തിൽ തേയില, കാപ്പി, റബ്ബർ, കുരുമുളക്, നെല്ല്, വാഴ, ഇഞ്ചി, ഇത്യാദി കൃഷികളാണ് പ്രധാനമായി കൃഷി ചെയ്തു വരുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനം എസ്റ്റേറ്റ് തൊഴിലാളികളും കർഷക തൊഴിലാളികളുമാണ്.

**വിനോദം**

ഇ പഞ്ചായത്തിലെ ജനങ്ങൾ വിനോദത്തിനു വേണ്ടിയുള്ള കളികൾക്ക് എസ്റ്റേറ്റ് ഗ്രൗണ്ടുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പഞ്ചായത്ത് നേരിട്ട് സ്റ്റേഡിയത്തിനുവേണ്ടി ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാന ആതുരശുശ്രൂഷാ കേന്ദ്രമായ പ്രൈമറി ഹെൽത്ത് സെൻറർ തീരെ സൗകര്യമില്ലാത്ത പഞ്ചായത്ത് വക കെട്ടിടത്തിലാണ്. ഇതിന് സ്വന്തമായ കെട്ടിടം പണിയാൻ സ്ഥലം വാങ്ങികൊടുത്തിട്ടുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല.

കൃഷിഭവൻ, വി.ഇ.ഒ ഓഫീസ് എന്നിവ പഞ്ചായത്ത് ആസ്ഥാനത്തുനിന്നും നാലും അഞ്ചും കിലോമീറ്റർ അകലെയാണ്. അത് പഞ്ചായത്ത് ആസ്ഥാനത്തോടടുത്ത സ്ഥലത്ത് സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്.

ആയുർവേദാശുപത്രി പഞ്ചായത്തിൻെറ ഒരറ്റത്ത് എട്ടാം വാർഡിലാണ്. അതും പഞ്ചായത്ത് ആസ്ഥാനത്തേക്ക് കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിൽ പൊതുയോഗങ്ങളും മറ്റ് പൊതുപരിപാടികളും നടത്താൻ തീരെ സ്ഥലമില്ല. അത് പരിഹരിക്കാൻ ഓപ്പൺ എയർ തിയേറ്റർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിൻെറ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയിലാണ്. അത് പരിഹരിക്കാൻ ശ്രദ്ധിക്കണം.

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

വയനാട് ജില്ലയിൽ സമുദ്രനിരപ്പിൽ നിന്നും 2100 അടി ഉയരത്തിൽ നിലകൊള്ളുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. പൊതുവെ രണ്ട് മേഖലയാണ്. ഏകദേശം പഞ്ചായത്തിന്റെ മദ്ധ്യത്തിൽ കൂടി ഒഴുകുന്ന പുഴ ഈ രണ്ട് മേഖലകളെ വേർതിരിക്കുന്നു. 1) മലയോരമേഖല, 2) സമതലമേഖല

മലയോരമേഖലയിൽ 1,2,3,4,9 വാർഡുകൾ ഉൾപ്പടുന്നു. ഇത് മലനിരകളാൽ ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. പടിഞ്ഞാറ് നിന്നും കിഴക്കോട്ട് ചെരിഞ്ഞുനിൽക്കുനന ചെങ്കുത്തായ കുന്നുകളും പാറക്കെട്ടുകളും മലമടക്കുകളും ധാരാളമായി കാണുന്ന പ്രദേശമാണ്. ഈ പ്രദേശങ്ങളെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ 90 ശതമാനവും ചെങ്കുത്തായ പ്രദേശങ്ങളാണ്. ഈ മലയോരമേഖലയിൽ 700 ഏക്ര നിക്ഷിപ്ത വനഭൂമിയായി നിലവിലുണ്ട്.

മലയോര മേഖലയിൽ ഉൾപ്പെടുന്ന ഒന്നാം വാർഡിൽ ഏഷ്യയിലെ ഏറ്റവും വലിയ ഏലത്തോട്ടമായ സുഗന്ധഗിരി ഏലം പ്രൊജക്ട് സ്ഥിതി ചെയ്യുന്നു.

1,2,3 വാർഡുകൾ തോട്ടവ്യവസായ മേഖലയായി നിലകൊള്ളുന്നു. 4,8,9 വാർഡുകൾ കാർഷികമേഖലയാണ്.

തോട്ടവ്യവസായം, ഏലം, ചായ, കാപ്പി, കുരുമുളക്, റബ്ബർ, കവുങ്ങ് എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുവരുന്നു. ഈ മേഖലയിൽ ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുവരുന്നു.

കാർഷിക മേഖലയായ 4,9 വാർഡുകളിൽ കാപ്പി, കുരുമുളക്, കവുങ്ങ്, തെങ്ങ്, റബ്ബർ, ചായ, യൂക്കാലി എന്നിവയും ഇഞ്ചി, മഞ്ഞൾ പച്ചക്കറി ആദിയായവയും കൃഷി ചെയ്യുവരുന്നു. എന്നാൽ കുരുമുളക് പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുന്നു. ചായയും യൂക്കാലിയും പുതുതായി വന്നുകൊണ്ടിരിക്കുന്നു. കൂടാതെ പലതരത്തിലുള്ള വൃക്ഷങ്ങളും ഈ പ്രദേശത്തെ അനുഗ്രഹിക്കുന്നുണ്ട്. ഈ മേഖലയിൽ ചുറ്റപ്പെട്ട നിക്ഷിപ്ത വനഭൂമിയിൽ ആന, പന്നി, മുള്ളൻപന്നി, മാൻ, കാട്ടുപോത്ത് മുതലായ വന്യമൃഗങ്ങൾ ഉണ്ട്. ആന, പന്നി, മുള്ളൻപന്നി, എന്നീ വന്യമൃഗങ്ങളാൽ കർഷകർ പലപ്പോഴും ബുദ്ധിമുട്ടുന്നുണ്ട്. ഈ പ്രദേശത്ത് പശിമരാശിമണ്ണും ചരൽമണ്ണും കണ്ടുവരുന്നു.

## ജനപ്രകൃതി

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കേരളത്തിലെ വിവിധഭാഗങ്ങളിൽ നിന്ന്, പ്രത്യകിച്ച് തെക്കേ മലബാറിൽ നിന്നും ഉപജീവനം തേടി എത്തിപ്പെട്ടവരാണ്. അതോടൊപ്പം തമിഴ്നാട്ടുകാരും കർണാടകക്കാരും ഈ പ്രദേശത്ത് നിവസിച്ചുവരുന്നു.

ആദിവാസി സമൂഹമായ പണിയരും കുറിച്ച്യരും കാട്ടുനായിക്കളും ഈ പ്രദേശത്തുണ്ട്. ഈ ജനവിഭാഗങ്ങൾ ഇടകലർന്ന് ജീവിതം നയിക്കുന്നു. ബഹുഭൂരിപക്ഷവും തോട്ടം തൊഴിലാളികളും കർഷകതൊഴിലാളികളുമാണ്. ഈ പ്രദേശത്തെ ജനവിഭാഗങ്ങളിൽ 90 ശതമാനം സാക്ഷരരാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ തീരെയില്ലെന്നുതന്നെ പറയാം. ബിരുദധാരികളും സർക്കാറുദ്യോഗസ്ഥരും വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളൂ. ഒരു നിലക്കുള്ള വിദഗ്ദധരുമില്ല എന്നുതന്നെ പറയാം. ജാതിപരമായ ഉച്ചനീചത്വങ്ങൾ കാണുന്നില്ല. എന്നിരുന്നാലും ആദി

വാസി സമൂഹം മൊത്തത്തിലുള്ള മുഖ്യധാരയിൽ ഇഴുകിചേരാൻ ഇന്നും മടികാണിക്കുന്നു.

## ജനസംഖ്യാ വിവരണം

| | | |
|---|---|---|
| ആകെ ജനസംഖ്യ | | 16229 |
| പുരുഷന്മാർ | | 8079 |
| സ്ത്രീകൾ | | 8150 |
| പട്ടികജാതി | പുരുഷന്മാർ | 613 |
| | സ്ത്രീകൾ | 586 |
| പട്ടികവർഗ | പുരുഷന്മാർ | 1411 |
| | സ്ത്രീകൾ | 1504 |

## സമതലമേഖല

5,6,7,8 വാർഡുകൾ സമതലമേഖലയിൽ ഉൾപ്പെടുന്നു. ഈ മേഖല വയലുകളാൽ അനുഗ്രഹിക്കപ്പെട്ട ഭൂപ്രദേശമാണ്. വയലുകൾക്കുനടുവിൽ ചെറുകുന്നുകളും സ്ഥിതി ചെയ്യുന്നു. അങ്ങനെ വയലുകളും കുന്നുകളും ഒപ്പത്തിനൊപ്പം നിൽക്കുന്നു. വയലുകളിൽ നെൽകൃഷിയാണ് മുഖ്യം. എന്നാൽ നേന്ത്രവാഴകൃഷി വ്യാപകമായി വരുന്നു. അൽപം ചിലർ വയൽ നികത്തി വീടുകളുണ്ടാക്കുകയും കവുങ്ങ് തെങ്ങ് എന്നിവ കൃഷി ചെയ്യും വരുന്നുണ്ട്. കുന്നുകളിൽ കാപ്പി, കുരുമുളക്, കവുങ്ങ്, തെങ്ങ്, റബ്ബർ എന്നിവ പ്രധാനകൃഷിയാണ്. കുരുമുളക് നശിച്ചുകൊണ്ടിരിക്കുന്നു.

ഇടവിളയായി ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ, മരച്ചീനി, ചേന മുതലായവയും കൃഷിചെയ്യു വരുന്നു. തികച്ചും കാർഷികമേഖലയാണ് ഈ പ്രദേശം എന്ന് പ്രത്യേകം ഉണർത്തുന്നു. ഈ പ്രദേശത്ത് പശിമരാശി മണ്ണാണ്. മണൽ കലർന്ന മണ്ണും വെട്ടുകല്ലും കണ്ടുവരുന്നു. മൊത്തത്തിൽ കൃഷിക്കനുയോജ്യമായ മണ്ണാണ് കണ്ടുവരുന്നത്.

തികച്ചും മഴയെ ആശ്രയിച്ചാണ് ഇവിടുത്തെ കൃഷി നിലകൊള്ളുന്നത്.

## ജലപ്രകൃതി

നമ്മുടെ പഞ്ചായത്ത് പുഴകളാലും തോടുകളാലും അനുഗ്രഹിക്കപ്പെട്ട പ്രദേശമാണ്. എന്നാൽ തോടുകൾ ജനുവരി ആകുമ്പോഴേക്കും വരണ്ടുപോകുന്നു.

എന്നിരുനനാലും ആനോത്ത് പുഴ, പൊഴുതന പുഴ, കുറിച്ച്യർ മല പുഴ എന്നിവ വറ്റിയതായി അറിയപ്പെട്ടിട്ടില്ല.

സുഗന്ധഗിരിയിൽ നിന്നും ആരംഭിക്കുന്ന പുഴ ഒന്നാം വാർഡിൻെറ അതിരായി ഒഴുകി വൈത്തിരി പുഴയിൽ ചേരുന്നു. പൊഴുതന, വൈത്തിരി പഞ്ചായത്തുകളെ വേർതിരിച്ചൊഴുകുന്ന പുഴ ഒന്നാം വാർഡിൽ പ്രവേശിച്ച് 5,6 വാർഡുകളെ വേർതിരിച്ചൊഴുകി ആനോത്ത് പുഴ എന്ന പേര് സ്വീകരിച്ച് 3,6 വാർഡുകളുടെ അതിരുകളായി ഒഴുകി പാണ്ടിമട്ടം പുഴയായും പിന്നെ അച്ചൂർ പുഴയായും ഒഴുകുന്നു. അങ്ങനെ ഒഴുകുന്ന പുഴ 7,9 വാർഡുകളെ വേർതിരിച്ച് പന്നിയോറ, തേവണ എന്നീ പേരുകൾ സ്വീകരിച്ച് തരിയോട്, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തുകളെ വേർതിരിച്ചുപോകുന്നു.

അതേയവസരം സുഗന്ധഗിരിയിൽ നിന്നും ഉത്ഭവിക്കുന്ന മറ്റൊരു പുഴ ഒന്നാം വാർഡിനെയും മൂന്നാം വാർഡിനെയും വേർതിരിച്ചൊഴുകി വരുന്ന പെരുങ്കോടപുഴ അഞ്ചാം വാർഡിനെയും മൂന്നാം വാർഡിനെയും വേർതിരിച്ച് പൊഴുതന പുഴയായി ആനോത്ത് പുഴയിൽ ചേരുന്നു.

അതോടൊപ്പം രണ്ടാം വാർഡിൽ നിന്നുമുത്ഭവിക്കുന്ന കുറിച്ച്യർ മല പുഴ 2,4 വാർഡുകളെ വേർതിരിച്ച് അച്ചൂർ പുഴയിൽ ചേരുന്നു.

കൂടാതെ ഏഴാം വാർഡിലെ മൂവട്ടിയിൽ നിന്നുമാരംഭിക്കുന്ന ചെറിയതോട് 7,8 വാർഡുകളെ വേർതിരിച്ചൊഴുകി ഇടത്തറ കടവിൽ അവസാനിക്കുന്നു.

വിവിധവാർഡുകളിൽ കൂടി ധാരാളം ചെറിയ ചെറിയ തോടുകൾ ഒഴുകുന്നുണ്ട്. എന്നാൽ ഈ തോടുകളെല്ലാം ജനുവരി ആകുമ്പോഴേക്കും വറ്റുന്നു. ഇത്രയധികം പുഴകളും തോടുകളും ഉണ്ടെങ്കിലും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ കുടിവെള്ളത്തിനോ കൃഷിയാവശ്യത്തിനോ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. കൃഷിയാവശ്യാർത്ഥം 94,95 ഇ.എ.എസ്. പദ്ധതി പ്രകാരം ഒരു കുളം നിർമ്മിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ഉണർത്തട്ടെ.

# കൃഷിയും ജലസേചനവും

ചെങ്കുത്തായ മലകളും കുന്നുകളും താഴ്വരകളും സമതലപ്രദേശങ്ങളും ഇടകലർന്ന ഈ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി കാർഷിക മേഖലയിൽ നിരവധി വ്യത്യസ്ത കൃഷിരീതികൾ ഒരേ സമയം കാഴ്ച വെക്കുന്നു. മൺതരങ്ങളിലും പ്രകടമായ വ്യത്യാസങ്ങൾ കോർത്തിണക്കി ഒരു ശ്രേണിയാണിവിടെ അനുഭവപ്പെടുന്നത്. മലയോരങ്ങളിൽ വെട്ടുകല്ല്, ചെങ്കല്ല്, കുന്നിൻമുകളിൽ പാറക്കെട്ടുകൾ, താഴ്വരകളിൽ പശിമരാശി മണ്ണ്, വയലേലകളുള്ള സമതലത്തിൽ മണൽ കലർന്ന കളിമണ്ണ് എന്നിവ കണ്ടുവരുന്നു.

ഭൂപ്രകൃതിയിലും മൺതരങ്ങളും കാണുന്ന വ്യത്യാസം സസ്യാവരണത്തിലും പ്രകടമാണ്. കുന്നിൻചെരിവുകളിൽ കാപ്പിയും തേയിലയും താഴ്വരകളിൽ കവുങ്ങും സമതലങ്ങളിൽ നെല്ല്, വാഴ മുതലായ വ്യത്യസ്ത വിളകൾ പരിപോഷിക്കുന്നതുകാണാം. മലമുകളിൽ തരിശാണെങ്കിലും തൊട്ടടുത്ത പ്രദേശങ്ങളും ചുരുക്കം താഴ്വരകളും വനങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. സുഗന്ധവിളയായ കുരുമുളക് കാപ്പിത്തോട്ടങ്ങളിലെ പ്രധാന ഇടവിളയായി കൃഷി ചെയ്യുന്നു. ഇടക്കാല കൃഷിയായി ഇഞ്ചി, മഞ്ഞൾ, മരച്ചീനി, എന്നിവയും വരുമാനം കൂട്ടാനുള്ള മാർഗമായി കർഷകർ അവലംബിച്ചുവരുന്നുണ്ട്. നെൽകൃഷി ലാഭകരമല്ലാത്ത അവസ്ഥയിൽ വളരെയേറെ നെൽപാടങ്ങളിൽ കവുങ്ങ്, തെങ്ങ് മുതലായവ സ്ഥാനം പിടിച്ചിരിക്കുന്നു. ആദിവാസികളുടെ ഉന്നമനത്തിനായി പശ്ചിമഘട്ട വികസന പരിപാടിയിൽ ഉൾപ്പെടുത്തിയ സുഗന്ധഗിരി ഏലം പ്രൊജക്ടിലാണ് ഏലകൃഷി വ്യാപകമായി നടത്തുന്നത്. എന്നാൽ മറ്റ് ചെറുകിട കർഷകരുടെ ഇടയിലും ഏലം ഇല്ലാതില്ല.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലത്തും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുമായി ഏകദേശം 800 ഹെക്ടർ വനഭൂമി പൊഴുതന എടം തറവാട്ടുകാർ ബ്രിട്ടീഷ് കമ്പനികൾക്ക് ദീർഘകാല പാട്ടാടിസ്ഥാനത്തിൽ കൈമാറിയിരുന്നു. എന്നാൽ ഈ ഭൂമികളിൽ മുക്കാൽ ഭാഗവും ഇന്ന് തേയിലത്തോട്ടങ്ങളായി മാറിയിരിക്കയാണ്. ഇപ്പോൾ പൊഴുതന ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ തേയിലത്തോട്ടം ഉടമ ഹാരിസൺ മലയാളം എന്ന കമ്പനിയാണ്. പ്രസ്തുത കമ്പനി ബ്രിട്ടീഷ് കമ്പനികളുടെ പിൻഗാമികളാണ്.

ചെറുതും വലുതുമായ മറ്റ് പല തേയിലത്തോട്ടങ്ങളും ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വസ്തുവും പൊഴുതന ഇടം തറവാട്ടിലേക്ക് ജന്മസ്വത്തായിരുന്നു. എന്നാൽ കാലാന്തരത്തിൽ വന്ന ഭൂപരിഷ്കരണ ചട്ടങ്ങളെ അവലംബിച്ച് ഭൂമി ചെറുകിട നാമമാത്ര കർഷകരിലേക്ക് ക്രമേണ കൈമാറ്റം നടന്നു.

പരിസ്ഥിതി പ്രശ്നങ്ങളായി വർഷകാലത്തെ മണ്ണൊലിപ്പും വേനലിലെ വരൾച്ചയും ഈ പഞ്ചായത്തിനെ അലട്ടാതില്ല. മരങ്ങൾ വെട്ടിമാറ്റി ചായത്തോട്ടങ്ങളാക്കിയതും വയൽ നിരത്തി കവുങ്ങ്, തെങ്ങ് എന്നിവ കൃഷി ചെയ്യുന്നതും ഒരു പക്ഷേ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്ന ഘടകങ്ങളായിരിക്കാം.

വലിയ ജലാശയങ്ങൾ ഈ പഞ്ചായത്തിൽ കാണില്ല. എന്നാൽ ഉപരിതല ജല സ്രോതസ്സുകളായ നീർചാലുകളും വെള്ളച്ചാട്ടങ്ങളും

പട്ടിക — 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 211 |
| പുരയിടം | 4806 |
| പുറമ്പോക്ക് | 9472 |
| കൃഷിയോഗ്യതരിശ് | 622 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 76 |
| ആകെ | 14489 (തരിശ് :698) |

(അവലംബം : കൃഷിഭവൻ + വില്ലേജ് ഓഫീസ്)

പട്ടിക — 2

വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം (ടൺ) | ഉല്പാദനക്ഷമത (ശരാശരി കിലോ ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള നഞ്ച) | 82 | 188 | 2600 കിലോ |
| നെല്ല് (രണ്ടാം വിള പുഞ്ച) | 16 | 46 | 3200 കിലോ |
| കാപ്പി | 1290 | 903 | 700 കിലോ |
| തേയില | 800 | — | 1000 കിലോ |
| കുരുമുളക് | 420 | 120 | 1000 കിലോ |
| റബ്ബർ | 124 | 2232 | 18 കിലോ |
| തെങ്ങ് | 100 | ഗണ്യമായ ഉല്പാദനം | തുടങ്ങിയിട്ടില്ല |
| കവുങ്ങ് | 190 | 200 | 456 |

അവലംബം : കൃഷിഭവൻ

പട്ടിക — 3
നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993—94 | 1994—95 | 1995—96 |
| തെങ്ങ് | 2420 | 1658 | 2378 |
| കുരുമുളക് | 12700 | 22300 | 6950 |
| കവുങ്ങ് | — | 80 | 240 |
| ഫലവൃക്ഷങ്ങൾ | 212 | 672 | 242 |
| തെൽവിത്ത് | 600 കിഗ്രാം | — | 60 കി.ഗ്രാം |
| പച്ചക്കറികൾ | — | 11.250 കി.ഗ്രാം | 24 പായ്ക്കറ്റ് |
| പച്ചക്കറികൾ സ്ക്കൂളുകളിൽ | 750 പായ്ക്കറ്റ് | 750 പായ്ക്കറ്റ് | 1000 പായ്ക്കറ്റ് |

അവലംബം : കൃഷിഭവൻ

പട്ടിക — 4
ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിതപ്രദേശത്തിൻെറ വിസ്തീർണ്ണം (ഹെക്ടർ) | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക (ഉറുപ്പിക) |
|---|---|---|---|---|
| | വെള്ളപ്പൊക്കം | കൊടുങ്കാറ്റ് | | |
| 1993—94 | — | 4.5 | 2 | 1500 |
| 1994—95 | — | 20 | 191 | 87254 |
| 1995—96 | 6.74 | 9 | 31 | 106650 |

അവലംബം : കൃഷിഭവൻ വില്ലേജ് ഓഫീസ്

പട്ടിക 5
കൈവശഭൂമി വിസ്തീർണ്ണം

| | |
|---|---|
| നാമമാത്ര കർഷകർ (ഒരു ഹെക്ടറിൽ താഴെ) | 2659 |
| ചെറുകിട കർഷകർ (ഒന്നുമുതൽ രണ്ട് ഹെക്ടർ) | 355 |
| വൻകിട കർഷകർ (രണ്ടു ഹെക്ടർ) | 88 |
| അവലംബം : വില്ലേജ് ഓഫീസ് | |

പട്ടിക —6
കാർഷിക ഉപകരണങ്ങൾ

| ഉപകരണത്തിന്റെ പേര് | എണ്ണം | റിമാർക്സ് |
|---|---|---|
| ട്രാക്ടർ | 5 | കൃഷിഭവൻ |
| ടില്ലർ | 4+1 | മുഖേന |
| നാടൻ കലപ്പ | 5 | വിതരണം |
| റോക്കർ സ്പ്രെയർ | 50 | ചെയ്തവയുടെ |
| നാപ്സാക്ക് സ്പ്രെയർ | 78 | വിവരങ്ങളാണ് |
| പവർ സ്പ്രെയർ | 4 | |
| മെതിയന്ത്രം | 1 | |
| തെങ്ങുകയറ്റ യന്ത്രം | 6 | |
| ഡീസൽ പമ്പ്സെറ്റ് | 24 | |

അവലംബം : കൃഷിഭവൻ

പട്ടിക —7

ജലസേചന സംവിധാനം

| വാർഡ് നമ്പർ | പൊതുജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് |
|---|---|---|---|---|---|
| 1 | — | — | — | — | — |
| 2 | — | — | — | — | — |
| 3 | — | — | — | — | — |
| 4 | — | — | — | — | — |
| 5 | — | — | — | — | — |
| 6 | — | — | — | — | — |
| 7 | — | 2 | — | — | — |
| 8 | — | — | 1 | 3 | 50 |
| 9 | — | 1 | — | — | — |
| ആകെ | | 3 | 1 | 3 | |

10—20 സെൻറ് വിസ്തീർണ്ണം

അവലംബം : വില്ലേജ് ഓഫീസ്

പട്ടിക — 8

കുരുമുളക് ( 1 P O S )

| ക്രമനമ്പർ | വിവരണം | ചിലവാക്കിയ തുക |
|---|---|---|
| 1 | പുനരുദ്ധാരണം — ഏരിയാവികസനം<br>മാതൃകാ തോട്ടനിർമ്മാണം<br>ദ്രുതവാട്ട രോഗ നിയന്ത്രണം (1996—97) | 98,7100 രൂപ (സുമാർ) |
| 2. | സസ്യസംരക്ഷണ ഉപകരണ വിതരണം<br>(1996—97) | 4500 രൂപ |
| 3 | കുരുമുളക് തോട്ട മണ്ണൊലിപ്പു<br>നിവാരണ പ്രവർത്തനം<br>(13 ഹെക്ടർ — 46 കർഷകർ)<br>(1993—94) | 39,000 രൂപ |

കുറിപ്പ് : 1991—92 മുതൽ ആരംഭിച്ച പ്രസ്തുത പദ്ധതി 1995—96

പട്ടിക 9

ഇഞ്ചി—മഞ്ഞൾ—മുളക്

| ക്രമനമ്പർ | വിവരണം | വിള | ആനുകൂല്യം | വിസ്തീർണ്ണം | നൽകിയ തുക (Rs.) |
|---|---|---|---|---|---|
| 1 | ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം ഏരിയ വികസനം—മാതൃകാതോട്ടം സസ്യസംരക്ഷണം (96—97) | ഇഞ്ചി<br>മഞ്ഞൾ | — | — | 141200 |
| 2 | പ്രദർശനതോട്ടം (1995—96) | ഇഞ്ചി<br>മഞ്ഞൾ<br>മുളക് | 16<br>8<br>1 | | 19200<br>6600<br>700 |
| 3 | ഏരിയ വികസനം (1995—96) | ഇഞ്ചി<br>മഞ്ഞൾ | 186<br>79 | 16<br>7 | 8900<br>2800 |
| 4 | സസ്യസംരക്ഷണം (1995—96) | ഇഞ്ചി | 5 | 4 | 4000 |

അവലംബം: കൃഷിഭവൻ

പട്ടിക 10

## തെങ്ങ്കൃഷി വികസനം (C.C.D.P.) (96—97)

| ക്രമനമ്പർ | വിവരണം | നൽകിയ തുക (Rs.) |
|---|---|---|
| 1 | കിണർ—പമ്പ്സെറ്റ്, കമ്മ്യൂണിറ്റി ഇറിഗേഷൻ, എസ്.ടി, എസ്.ടി കിണർ, മരുന്നുതളി യന്ത്രം തെങ്ങ് കയറ്റ യന്ത്രം | 222220 |
| 2 | പട്ടികജാതി—പട്ടികവർഗ്ഗ കോളനി | 154742 |
| 3 | പ്രകൃതിക്ഷോഭ നഷ്ടപരിഹാരം | 91815 |
| 4 | വിള ഇൻഷൂറൻസ് | തുടർന്നു നടത്തുന്നു |
| 5 | മണ്ണ് പരിശോധന | 400 എണ്ണം |

അവലംബം: കൃഷിഭവൻ

പട്ടിക 11

തെങ്ങ്കൃഷി വികസനം

| ക്രമനമ്പർ | വിവരണം | എണ്ണം | | തുക | |
|---|---|---|---|---|---|
| | | 1994—95 | 1995—96 | 1994—95 | 1995—96 |
| 1 | ജലസേചന കിണർ (സബ്സിഡി) | 3 | 8 | 7500 | 20000 |
| 2 | ആദിവാസി സംവരണം (കിണർ) | 1 | 1 | 10000 | 10000 |
| 3 | പമ്പ്സെറ്റ് | 3 | 4 | 7500 | 10000 |
| 4 | തെങ്ങ് കയറ്റ യന്ത്രം | 1 | 2 | 500 | 1000 |
| 5 | റോക്കർ സ്പ്രെയർ | 1 | 1 | 1000 | 1000 |
| 6 | പരിശീലന ക്ലാസ് | 2 | — | 500 | — |
| 7 | പ്രയോജനം ലഭിച്ച കർഷകർ | 9 | 16 | — | — |

അവലംബം: കൃഷിഭവന

കുറിപ്പ്: 1996—97ൽ ഈ പദ്ധതികൾ പ്രകാരം കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

പട്ടിക 12

നെൽകൃഷി ഉത്പാദന ബോണസ്സ്

| ക്രമനമ്പർ | വിവരണം | 1993—94 | 1994—95 | 1995—96 |
|---|---|---|---|---|
| 1 | വിസ്തീർണ്ണം (നഞ്ച) | 117 ഹെക്ടർ | 106 ഹെക്ടർ | 94 ഹെക്ടർ |
| 2 | വിതരണം നടത്തിയ തുക | Rs. 8886 | Rs. 2630 | Rs. 23435 * |
| 3 | പ്രയോജനം ലഭിച്ച കർഷകർ | 242 | 202 | 200 |

* ഫണ്ട് ലഭിക്കാത്തതിനാൽ വിതരണം നടത്തിയിട്ടില്ല

അവലംബം: കൃഷി ഭവൻ

പട്ടിക 14

## 1.5 ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട പുഴ/തോടിൻെറ നീളം | തൽവർഷം ചെവഴിച്ച നീളം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 1 | കല്ലൂർതോട് | 5 കി.മീ. | 3 മീറ്റർ | — | — |
| 2 | 2 | കറുവംതോട് | 4.05 കി.മീ. | 3 മീറ്റർ | — | — |
| | | 3 തോടുകൾ | | | | |
| 3 | 3 | കല്ലൂർ തോട് | 1 കി.മീ. | 3 മീറ്റർ | — | — |
| 4 | 4 | വലിയപാറ തോട് | 4 കി.മീ. | 2 മീറ്റർ | — | — |
| 5 | 1, 3, 4, 5, 6, 7, 8, 9 | ആനോത്ത്പാണ്ടിമട്ടംപുഴ | 15 കി.മീ. | 30 മീറ്റർ | 500 മീ. | 4 ലക്ഷം |
| 6 | 6 | അമ്മാറത്തോട് | 2.5 കി.മീ. | 5 മീറ്റർ | — | — |
| 7 | 7, | പൂലേരിതോട് | 10 കി.മീ. | 6 മീറ്റർ | 200 മീറ്റർ | 1 ലക്ഷം |
| 8 | 8 | | | | | |
| 9 | 9 | ഇടിയംവയൽ—പാറത്തോട് മുട്ടപ്പള്ളി | 15 കി.മീ. | 5 മീറ്റർ | — | — |
| | | | | | 700 | 5 |

പട്ടിക — 15
പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം

| ക്രമ നമ്പർ | തരം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | റോഡ് | 46 |
| 2 | തോട്/പുഴ | 175 |
| 3 | ഇടവഴി | 3 |
| 4 | മറ്റുള്ളവ | 9248 |
| | ആകെ | 9472 |

പട്ടിക 17

സൗത്ത് വയനാട് ഗിരിജൻ ജോയൻറ് ഫാമിങ്ങ് കോ—ഓപ്പറേറ്റീവ് സൊസൈറ്റി,
സുഗന്ധഗിരി കാർഡമം പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | ആരംഭിച്ച വർഷം | 1976 |
| 2. | ഏലകൃഷി വിസ്തീർണ്ണം (ഹെ) | 800 |
| 3. | കാപ്പി (ഹെ) | 133 |
| 4. | കുരുമുളക് (ഹെ) | 160 |
| 5. | മറ്റു വിറക് മരങ്ങൾ | 42 |
| 6. | തുടക്കത്തിൽ ഇറക്കിയ മൂലധനം | 58.26 ലക്ഷം ഉറുപ്പിക |
| 7. | തുടർച്ചയായി ഇതുവരെ | 1010.26 ,, |
| 8. | ഇപ്പോഴത്തെ ആസ്തി | പ്രോജക്ടിലെ കൃഷികൾ ഏകദേശം 4763000 രൂപ |
| 9. | തൊഴിലാളികളുടെ എണ്ണം | ആകെ : 714<br>പുരുഷന്മാർ : 320 |

തോടുകളും പുഴകളും ഈ പഞ്ചായത്തിൻെറ പല ഭാഗത്തും ധാരാളമായി കണ്ടുവരുന്നു. പുഴകളിൽ പ്രധാനമായി ആനോത്ത്, തേവണ, പൊഴുതന എന്നിവയാണ്. പഞ്ചായത്തിൻെറ ജലവാഹിനികളായി ഇവയെ വിശേഷിപ്പിക്കാം. ഈ പുഴകളിലേക്ക് ഒഴുകുന്ന അനേകം തോടുകളും നീർചാലുകളും എല്ലാ വാർഡുകളിലും കോർത്തിണക്കിയിട്ടുണ്ട്. പുഴകളെല്ലാം ഒന്നിച്ചുചേർന്നു പനമരം പുഴയിലെത്തി അവസാനം കബനീനദിയിൽ സംഗമിക്കുന്നു.

പഞ്ചായത്തിലെ പുഴകൾ എക്കാലത്തും വറ്റാറില്ലെങ്കിലും മിക്ക തോടുകളും വരണ്ടു കാണാം. എന്നാൽ സുഗന്ധഗിരിയിലും കറുവൽത്തോട്ടിലും ഉള്ള നീരുറവകൾ ചെറുകിട ജലസേചന വൈദ്യുതി പദ്ധതികൾക്ക് വേണ്ടത്ര ജലം നൽകാൻ ശേഷിയുള്ളതാണ്. വർഷം മുഴുവനും ഒരേ ശക്തിയിലും അളവിലും വെള്ളം തരുന്ന ഭൂഗർഭ ജല സംഭരണികളുടെ ഉറവിടമാണ് ഇവ എന്നതിൽ സംശയമില്ല.

വാർഡ് അടിസ്ഥാനത്തിൽ ഭൂപ്രകൃതി, മൺതരം, സസ്യാവരണം, പരിസ്ഥിതി എന്നീ കാര്യങ്ങൾ താഴെ പ്രതിപാദിക്കുന്നു.

## കാപ്പി

ചെറുകിട നാമമാത്ര കർഷകരുടെ പ്രധാന കൃഷി കാപ്പി തന്നെയാണ്. പുരാതനമായി ഇവിടെ കാളികാപ്പി (ലൈബീരിയ) എന്ന ഇനമായിരുന്നു കൃഷി ചെയ്തിരുന്നത്. പിൽക്കാലത്ത് കൂടുതൽ ഉൽപാദനക്ഷമതയും രോഗപ്രതിരോധ ശക്തിയുള്ളതുമായ റോബസ്റ്റ ഇനം പ്രചാരത്തിൽ വന്നു. ഇതിൻെറ തനതായ രുചിയും ഗന്ധവും മറ്റുഗുണങ്ങളും മൂലം ആഗോളവിപണിയിലും ആഭ്യന്തരവിപണിയിലും ആശാവഹമായ സ്വീകരണം ലഭിച്ചു. ഇൻസ്റ്റൻറ് കാപ്പി ഉൽപാദനത്തിന് ഏറ്റവും പ്രായം കൂടിയ ഇനമായി ഇതിനെ അംഗീകരിക്കപ്പെട്ടു. കാപ്പി ബോർഡിൻറ പ്രചാരണസഹായത്തോടെ റോബസ്റ്റക്ക് ആഗോളതലത്തിൽ പ്രത്യേക സ്ഥാനം കണ്ടെത്താൻ കഴിഞ്ഞു. വിശേഷിച്ച് റഷ്യയിൽ. എന്നിരുന്നാലും വിലയുടെ കാര്യത്തിൽ കർണാടക, തമിഴ്നാട് എന്നീ അയൽസംസ്ഥാനങ്ങളിൽ കൃഷി ചെയ്യുന്ന അംബിക കാപ്പി മുൻപന്തിയിൽ തന്നെയാണ് എന്നത് ദുഃഖസത്യം മാത്രം.

ചെറുകിട കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിൽ നിന്നും കാപ്പി കൃഷിയുടെ പരിചരണത്തിൽ നൂതനവും ലളിതവുമായ മാർഗങ്ങൾ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ ധനസഹായമെത്തിക്കാനും വിപണനപ്രചാരണ രംഗത്ത് പ്രായോഗികമായ നടപടികൾ കൈക്കൊള്ളാനും കാപ്പി കൃഷിയുടെ സമഗ്രമായ ഉന്നമനത്തിന് കർഷകനെ സഹായിക്കാനും വേണ്ടി രൂപീകരിച്ച കോഫി ബോർഡിൻെറ പിൽക്കാലങ്ങളിലെ പ്രവർത്തനങ്ങൾ കച്ചവടക്കാരുടെ സഹായി എന്ന നിലയിലേക്ക് ഒതുങ്ങി ന്യായമായ വില കർഷകന് എത്തിക്കുക എന്ന ചിന്താഗതി അന്യം വന്നു. അതിനാൽ തന്നെ ബോർഡിൻെറ പ്രവർത്തനം വിമർശനത്തിന് വിധേയമാവുകയും കാപ്പിയുടെ വിപണനത്തിൽ കോഫി ബോർഡിൻെറയും എക്സൈസ് വകുപ്പിൻെറയും നിയന്ത്രണം എടുത്തുകളയണമെന്ന മുറവിളി ശക്തിയാർജിക്കുകയും ചെയ്തു. ഇതിൻെറ പരിണിത ഫലമായി ക്രമേണ നിയന്ത്രണങ്ങൾ എല്ലാം നീക്കി കാപ്പിക്ക് സ്വതന്ത്ര വിപണി കണ്ടെത്തി. ഈ മാറ്റത്തിൻെറ ആദ്യവർഷങ്ങളിൽ (1993—94, 1995) കർഷകന് എക്കാലത്തും ലഭിക്കാത്ത മോഹവിലയായ നൂറു രൂപയിൽ കവിഞ്ഞ് ഒരു കിലോവിന് വില കിട്ടി.

നിയന്ത്രണം നീക്കുന്നതിനുമുമ്പുള്ള കാലഘട്ടത്തിൽ കാപ്പിയുടെ വിലക്കുറവ് കാരണം ബഹുഭൂരിഭാഗം കർഷകരും ഉൽപാദനചെലവ് താങ്ങാനാവാതെ കടക്കെണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ചുരുക്കം പേരെങ്കിലും റബ്ബർ, ചായ എന്നീ മറ്റ് നാണ്യവിളകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. പിന്നീട് ലഭിച്ച മോഹവില കർഷകന് പ്രോത്സാഹനവും ഉണർവ്വും നൽകി കടബാദ്ധ്യതകളിൽ നിന്ന് ഒരളവോളമെങ്കിലും മോചിതമായെങ്കിലും 1996ലെ വിലയിടിവ് വീണ്ടും പരിഭ്രാന്തി സൃഷ്ടിച്ചിരിക്കയാണ്. വില വർദ്ധിച്ച അവസരത്തിൽ അനുഭവപ്പെട്ട കൂലിവർദ്ധനവ് രാസവള— കീടനാശിനി വിലക്കയറ്റം എന്നിവ ഇപ്പോഴും നിലനിൽക്കെ 100 രൂപയിൽ കുറഞ്ഞ വില കർഷകൻെറ അദ്ധ്വാനഭാരത്തിന് ന്യായമായ പ്രതിഫലമാകുന്നില്ല. അതിലുപരി കർഷകനെ തളർത്തുന്ന കായതുരപ്പൻ, തണ്ടുതുരപ്പൻ എന്നീ രോഗങ്ങളും നിയന്ത്രണാതീതമായ അവസ്ഥയിലേക്ക് നീങ്ങുകയാണ്. അവയെ ചെറുത്തുനിൽക്കാനായി പ്രതിരോ

ധമാർഗങ്ങൾ അവലംബിക്കാൻ ചെറുകിട കർഷകന് സാമ്പത്തികശേഷി ഇല്ലാതാകായാൽ കാപ്പി കൃഷിക്ക് വീണ്ടുമൊരു ഭീഷണിയെ നേരിടേണ്ടിവരും. കാപ്പി വിപണനരംഗത്തുനിന്ന് ബോർഡിന്റെ പൂർണ്ണമായ തിരോധാനം വിലയിടിവിനെ അനുകൂലമായി ബാധിച്ചിരിക്കുകയാണ്. സ്വകാര്യവ്യക്തികൾ മാത്രം നിയന്ത്രിക്കുന്ന ഒരു വിപണന സമ്പ്രദായം ചെറുകിട കർഷകർക്ക് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നതിന്റെ സൂചനകൾ ലഭിച്ചിരിക്കെ കോഫി ബോർഡും സഹകരണ മേഖലയും ഒരു വീണ്ടുവിചാരമെന്നോണം വിപണനരംഗത്തേക്ക് ശക്തിയായി കടന്നുവരേണ്ടിയിരിക്കുന്നു. കൂടാതെ കാപ്പി ഇറക്കുമതി ഇവിടുത്തെ കർഷകന് ന്യായമായ വില ലഭിക്കുന്നതിന് വിലങ്ങുതടിയാകുമെന്നതിനാൽ ആ തീരുമാനത്തിൽ നിന്ന് കേന്ദ്രഗവൺമെന്റ് പിന്തിരിയണം.

വയനാട്ടിന്റെ ധനവ്യവസ്ഥയിൽ മുഖ്യഘടകമായ കാപ്പി കർഷകന്റെ സാമ്പത്തികശേഷിയെ ബാധിക്കുന്ന ഒരു സ്ഥിതിവിശേഷവും സഹിക്കാനാവാത്തതാണ്.

## നെല്ല്

ഈ പഞ്ചായത്തിൽ നെൽകൃഷി പ്രധാനമായും കണ്ടുവരുന്നത് 6,7,8 എന്നീ വാർഡുകളിലാണ്. വിസ്തീർണ്ണത്തിൽ കാപ്പി കൃഷിയോട് കിടപിടിക്കാൻ പറ്റില്ല. വയനാട്ടിലെ കൊടുംതണുപ്പും കാലവർഷവും നീർക്കെട്ടുമുള്ള ഭൂപ്രകൃതിയും കണക്കിലെടുത്ത് മുൻകാലങ്ങളിൽ ചെന്താടി, വെളിയൻ, ജീരകശാല മുതലായ വിത്തിനങ്ങളായിരുന്നു പ്രചാരത്തിൽ ഉണ്ടായിരുന്നത്. എന്നാൽ പിൻകാലങ്ങളിൽ നെൽകൃഷി സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പഴയകാലത്ത് വലിയ ജന്മിമാരുടെ കൈവശമുള്ള ഏറ്റവും നല്ല ഫലപുഷ്ടിയുള്ള നിലങ്ങളിൽ സ്വന്തം ആവശ്യത്തിനായിരുന്നു നെൽകൃഷി ചെയ്തിരുന്നത്. അതിനാൽ തന്നെ ലാഭനഷ്ടങ്ങൾക്ക് പ്രാധാന്യമില്ലായിരുന്നു. കൂലിയും വളരെ തുച്ഛമായിരുന്നു. ഓരോ ജന്മികുടുംബത്തിനും കാർഷികവൃത്തികൾ നടത്താനായി ബന്ധപ്പെട്ട തൊഴിലാളി കുടുംബങ്ങളെ നിലനിർത്തിപോന്നിരുന്നു. അതിനാൽ ചെലവ് കുറഞ്ഞ കൃഷിരീതി അവലംബിക്കാൻ സഹായിച്ചു. പിന്നീട് വന്ന ഭൂപരിഷ്കരണനിയമങ്ങൾ ഭൂമിയുടെ വിതരണത്തിൽ ഏറെ മാറ്റം വരുത്തി. ചെറുകിട നാമമാത്ര കർഷകർ വർദ്ധിച്ചുവന്നു. നെൽപാടങ്ങളെല്ലാം തുണ്ടുതുണ്ടായി. ജന്മി–തൊഴിലാലി ബന്ധങ്ങൾക്ക് അർത്ഥം മാറിവന്നു. കൃഷി ലാഭകരമാക്കണം എന്ന നിർബന്ധം ഓരോ കൃഷിക്കാരന്റേയും ആവശ്യമായി. പരമ്പരാഗത വിത്തിനങ്ങൾക്ക് ഉൽപാദനക്ഷമത പരിമിതമായതിനാൽ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രചാരത്തിലായി. കാലാവസ്ഥയിലെ മാറ്റങ്ങളും ഉപഭോക്താക്കളുടെ വർദ്ധനവും ഉൽപാദനം കൂട്ടണം എന്ന ആശയത്തെ പരിപോഷിപ്പിച്ചു. പുതിയ വിത്തിനങ്ങളായ ഭാരതി, ഇടവക, ഐ.ആർ.എട്ട് എന്നിവ നിലവിൽ വന്നതോടെ കൃഷി പരിപാലനമുറകളിലും വ്യതിയാനങ്ങൾ വന്നു. അമിതമായ കീടനാശിനി–രാസവളപ്രയോഗം മൺതരങ്ങളിലെ ഗുണനിലവാരത്തെ വളരെയേറെ ബാധിച്ചു.

മലബാർ പ്രദേശത്ത് ഞാറുനടുമ്പോൾ വയലേലകളിൽ നിന്ന് ഈണത്തിൽ ഉയർന്നുവന്നിരുന്ന വടക്കൻപാട്ടുകളിലെ വരികൾ ഈ പ്രദേശത്ത് കേൾക്കാറില്ലെങ്കിലും വയനാട്ടിന്റെ മണ്ണിന്റെ മക്കളായ പുലയർ, പണിയർ എന്നീ സമുദായങ്ങൾ 'കമ്പള അടി' എന്ന സംഘനൃത്തവും തുടികൊട്ടലും ഞാറുപറിച്ചുനടുമ്പോൾ അനുവർത്തിച്ചിരുന്നു. ഇതിന്റെ പ്രധാന ഉദ്ദേശം ജന്മിമാരുടെ കൃഷിപ്പണി കൃത്യസമയത്ത് കഴിയുന്നത്ര വേഗം ചെയ്തുതീർക്കുക എന്നുള്ളതായിരുന്നുവെങ്കിലും അന്നത്തെ സമൂഹം അതിനെ ഒരു ആഘോഷമായിട്ടാണ് കരുതിയിരുന്നതത്രെ. ഏകദേശം 10 പൊതി വിത്തിന്റെ ഞാറ് ഒരു രാപകൽ കൊണ്ട് പറിച്ചുനടുക എന്നതാണ് കുമ്പള അടിയുടെ ഉദ്ദേശം. ഇതിനായി ആ പ്രദേശത്തെ തൊഴിലാളികളെല്ലാം പങ്കുചേർന്ന് ഒരു ഉത്സവപ്രതീതി സൃഷ്ടിച്ചിരുന്നുവത്രെ.

പുരുഷന് 5 സേറും സ്ത്രീകൾക്ക് 3 സേറ് നെല്ലുമാണ് അന്നെല്ലാം വല്ലി (കൂലി) ആയി കൊടുത്തിരുന്നത്. കൂടാതെ ഭക്ഷണവും ലഭിക്കുമായിരുന്നു. നാട്ടുടമ എന്ന തൊഴിലാളി മൂപ്പന് അര പൊതി (25 സേറ്) നെല്ലിനവകാശമുണ്ട്. ആണുങ്ങൾ തുടികൊട്ടുന്നതിനൊപ്പം സ്ത്രീകൾ ചില ഈരടികൾ പാടി ചുവടുവെച്ചും

നൃത്തം ചെയ്യും പണിയെടുക്കുന്നു. ഒരു വിനോദം കൂടിയായിരുന്നു കമ്പള അടി. എന്നാൽ ഇന്നിപ്പോൾ അതെല്ലാം അന്യം വന്നിരിക്കുന്നു.

കേരളത്തിൽ മൊത്തത്തിൽ കണ്ടുവരുന്ന നെൽകൃഷിയോടുള്ള വിരസത ഇവിടെയും പ്രകടമാണ്. ഉൽപാദനക്ഷമത കൂടിയ വിത്തിന ങ്ങളാണ് കൃഷി ചെയ്യുനനതെങ്കിലും ഒരേ ക്രയിൽ നിന്നം ലഭിക്കുന്ന നെല്ലിൻെറ അളവ് അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കൾ തുലോം കുറവാണ്. കാലാവസ്ഥയിലും മണ്ണിൻെറ ഘടനയിലും വന്ന മാറ്റങ്ങൾ ആയിരി ക്കാം ഇതിൻെറ പ്രധാന കാരണം. മരങ്ങൾ മുരിച്ചുമാറ്റി പാടങ്ങൾ നികത്തി പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ താളം തെറ്റിയപ്പോൾ കാലവഷർത്തിൻെറ രൂപവും ഭാവവും എല്ലാം മാറി. ഞാറ്റുവേലകൾ കൃത്യസമയത്ത് വേണ്ടത്ര യളവിൽ അനുഭവപ്പെടുന്നില്ല. രാസവളപ്രയോഗം അമിതായതിനാൽ മണ്ണിൻെറ ഗുണനിലവാരം കുറഞ്ഞുപോയിരിക്കുന്നു. അമിതമായ കീടനാശിനിപ്രയോഗം മണ്ണിലെ വിഷാംശം കൂടുതലാക്കി മണ്ണിരകളെ നശിപ്പിക്കുന്നു. കുറെയെല്ലാം കർഷകരുടെ അജ്ഞത കൊണ്ടും ബഹുരാഷ്ട കമ്പനികളുടെ വിപണനതന്ത്ര ത്തിൻെറ പ്രേരണ കൊണ്ടും പല രാസപദാർത്ഥ ങ്ങളെയും പ്രകൃതിനിയമത്തിന് വിപരീതമായി പ്രയോഗിച്ചതിൻെറ പരിണിതഫലങ്ങളാണ് പരിസ്ഥിതി പ്രശ്നങ്ങൾ. മണ്ണൊലിപ്പിലൂടെ പോഷകമൂല്യങ്ങൾ ചോർന്നുപോയപ്പോൾ ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചു. നെൽകൃഷി നഷ്ടത്തിലാകാൻ തുടങ്ങിയ സാഹചര്യത്തിൽ ഗത്യന്തരമില്ലാതെ ജീവ നോപാധിക്കുവേണ്ടി കർഷകർ മറ്റ് വിളകളെ അവലംബിക്കുന്നു. നെൽപ്പാടങ്ങൾ നികത്തി, വാഴ, കവുങ്ങ്, തെങ്ങ് ഇവയെല്ലാം കൃഷി ചയ്യുന്നത് മേൽപ്പറഞ്ഞ അവസ്ഥയുടെ ഫലമാണ്. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലിനിരക്കിലുള്ള വർദ്ധനവും രാസവള കീടനാശിനികളുടെ വിലക്കയറ്റവും കർഷകൻെറ വരുമാനത്തെ കാർന്നുതിന്നുന്നു.

ജലസേചന പദ്ധതികളുടെ അഭാവമാണ് ഈ പ്രദേശത്തെ അലട്ടുന്ന പ്രധാനപ്രശ്നം. പുഴകളും നീർച്ചാലുകളും വെള്ളച്ചാട്ടങ്ങളും എല്ലാം ഉണ്ടെങ്കിലും നെൽപാടങ്ങളെല്ലാം തന്നെ ഒരുപൂകൃഷിയായി മാറിയിരിക്കുന്നു. നീർക്കെട്ടായി അവശേഷിച്ചിരുനന ചുരുക്കം സ്ഥലങ്ങളിൽ കൃഷിരീതിയിൽ വന്ന മാറ്റം ജലാംശം നഷ്ടപ്പെടുത്തുന്നതിന് സഹായിച്ചു. മണ്ണിൽ ഭൂഗർഭജലശേഖരണം തീരെ കുറഞ്ഞു. നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടു ക്കുമ്പോൾ ഉൽപാദനക്ഷമത കൂട്ടി.

**കർഷകൻെറ വരുമാനം ആകർഷക മാക്കണമെങ്കിൽ:**

1. ജലസേചന പദ്ധതികൾ ആവിഷ്ക്കരിച്ച് ഉപരിതല ജലത്തെ കാര്യക്ഷമമായ രീതിയിൽ ഉപയോഗിച്ച് ഒരു പൂനിലങ്ങൾ ഇരുപൂവെ ങ്കിലുമാക്കുക.
2. ജൈവവളത്തിനാവശ്യമായ പച്ചിലക്കാ ടുകൾ, കമ്പോസ്റ്റ് കുഴികൾ, മണ്ണിര നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയിൽ കർഷകർക്ക് വേണ്ട സഹായം നൽകുക.
3. കൂട്ടുകൃഷി സമ്പ്രദായം അവലംബിച്ച് സന്തുലിതമായ കീടനാശിനിപ്രയോഗം പ്രാവർത്തികമാക്കുക.
4. ന്യായമായ താങ്ങുവില സർക്കാർ നിർണ്ണിയച്ച് നെല്ല് സംഭരണം ചെയ്യുക.

**കുരുമുളക്**

കാപ്പിത്തോട്ടങ്ങളിലെ പ്രധാന ഇടവിളയായി കുരുമുളക് കൃഷിചെയ്യുന്നു. നാടൻ ഇനങ്ങളായ കരിമുണ്ട, കരിങ്കൊട്ട എന്നിവ വ്യാപകമാണ്. പന്നിയൂർ ഇനവും പ്രചാരത്തിലുണ്ട്. വളരെ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തിരുന്ന പല തോട്ടങ്ങളും സമീപകാലത്ത് ദ്രുതവാട്ട ത്തിനും സാവധാനവാട്ടത്തിനും മറ്റു രോഗങ്ങ ൾക്കും അടിമയായി നശിച്ചുപോയിരിക്കുകയാണ്. എന്നിരുന്നാലും കർഷകരെല്ലാം തന്നെ കൃഷിഭവൻെറ സഹായത്തോടെ പ്രതിരോധ നടപടികൾ നടത്തിവരുന്നു. പക്ഷേ കാലാ കാലങ്ങളിൽ പ്രതിരോധ നടപടികൾ കൈക്കൊള്ളാനുള്ള സാമ്പത്തികബുദ്ധിമുട്ടും ഈ വെല്ലുവിളിയെ ചെറുത്തുനിൽക്കുന്നതിന് വിപരീതഘടകമായി അനുഭവപ്പെടുന്നു. ആയതിനാൽ സർക്കാർ തലത്തിൽ ഉദാരമായ സഹായങ്ങൾ കുമിൾനാശിനി, കുമ്മായം എന്നിവ എത്തിച്ചാൽ മാത്രമേ ദ്രുതവാട്ടത്തെ ചെറു ത്തുനിൽക്കാൻ സാദ്ധ്യമാകൂ. കൂടാതെ വാട്ടത്തിനുകാരണമായ അണുക്കളെ നശിപ്പി ക്കുന്നതിനുതകുന്ന കാര്യക്ഷമതയുള്ള ഒരു പ്രതിവിധി ശാസ്രജ്ഞനമാർ എത്രയും വേഗം

കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നിരന്തരമായ ബോധവൽക്കരണവും പരിശീലനവും സർക്കാർ തലത്തിലെ ഉദാരമായ സഹായങ്ങളും പുത്തൻപ്രതിരോധ നടപടികളും മാത്രമേ കുരുമുളകിനെ ദ്രുതവാട്ടത്തിൽ നിന്ന് രക്ഷിക്കാനാകൂ. ഈ പഞ്ചായത്തിൽ സമീപകാലത്ത് കമുങ്ങുകൃഷിക്ക് വളരെയേറെ പ്രാധാന്യം ലഭിച്ചിരിക്കുന്നു. നെൽപാടങ്ങളും നീർക്കെട്ടുള്ള കൊല്ലികളും ക്രമേണ നികത്തി കവുങ്ങ് കൃഷി ചെയ്യുന്നു. അടക്കയുടെ സാമാന്യം നല്ല വിലയും കവുങ്ങിൻെറ പരിചരണത്തിലുള്ള ചെലവു കുറവും അടക്കാവിപണനത്തിനുള്ള സൗകര്യവും നെൽകഷിയിൽ ഏർപ്പെടുന്ന നഷ്ടം എന്നീ ഘടകങ്ങളാണ് ഈ കൃഷിയെ അവലംബിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. കാപ്പിത്തോട്ടങ്ങളിലും ഇപ്പോൾ വ്യാപകമായി കവുങ്ങ് ഒരു തണൽ വൃക്ഷം എന്നതിലും ഉപരിയായി മറ്റൊരു വരുമാനമാർഗം എന്ന നിലയിലും കൃഷിചെയ്യുന്നു. പ്രധാനമായും മംഗള, കാസർകോടൻ എന്നിവയാണ്. ഇവയുടെ അടക്ക ഉണക്കി കോട്ടപ്പാക്കാൻ യോജിച്ചതല്ലാത്തതിനാൽ വെട്ടികളിയടക്കയാക്കിയാണ് വിപണനം. വയനാട്ടിൽ ധാരാളം അടക്ക സംസ്കരണശാലകൾ പ്രവർത്തിക്കുന്നുണ്ട്. അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു സംരംഭമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. സംസ്കരണ വിപണന രംഗത്തെ സ്വകാര്യവ്യക്തികളുടെ കുത്തക അവസാനിപ്പിക്കാൻ കാംകോ വയനാട്ടിൽ അടക്ക സംഭരിക്കാനും സംസ്കരിക്കാനും ഉടനെ ഒരു ഫാക്ടറി തുടങ്ങണം.

മഹാളി രോഗമാണ് ഒരു ഭീഷണി. ഇതിനെതിരെ ബോർഡോമിശ്രിതം ഫലപ്രദമായി കാണുന്നു. കർഷകൻെറ വരുമാനം കൂട്ടാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരിക്കുന്ന ഈ കൃഷിയെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. അടക്കയിൽ നിന്നും മറ്റുപല ഉൽപന്നങ്ങളും സംസ്കരിച്ചെടുക്കുന്നുണ്ടെന്നാണറിവ്.

## തെങ്ങ്

ഊർജ്ജിത നാളികേര വികസന പ്രൊജക്ടു(സി.സി.ഡി.പി)കളുടെ സഹായത്തോടെ പല നൂതന പദ്ധതികളും ആവിഷ്ക്കരിച്ച് തെങ്ങുകൃഷി ഈ പ്രദേശത്ത് വിപുലമാക്കിക്കൊണ്ടിരിക്കയാണ്. ഒരു കാലത്ത് നാളികേരത്തിനും വെളിച്ചെണ്ണക്കും കോഴിക്കോട് ജില്ലയെ ആശ്രയിച്ചിരുന്ന വയനാട് സ്വയംപര്യാപ്തത നേടാനുള്ള തയ്യാറെടുപ്പിലാണ്. ഗുണനിലവാരത്തിലും എണ്ണയുടെ ശതമാനത്തിലും കടലോരപ്രദേശത്തോട് കിടപിടിക്കാൻ വയനാടൻതേങ്ങക്ക് കഴിയില്ലെങ്കിലും ഉൽപാദനക്ഷമതയുടെ കാര്യത്തിൽ പിന്നോക്കമാവില്ല എന്നുതന്നെയാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്.

## ഇഞ്ചി

ഇടക്കാല വിളയായി തോട്ടങ്ങളിലും വയലുകളിലും കൃഷി ചെയ്യുന്നു. ചുക്കുവാരൻ, ഹിമാചൽ, റിയോഡിജനേറിയോ എന്നീ ഇനങ്ങളാണ് പ്രചാരം. മൂടുചീച്ചിൽ രോഗമാണ് കണ്ടുവരുന്നത്. കർഷകനെ തളർത്താനും താങ്ങാനും കഴിവുള്ള ഒരു കൃഷിയാണിത്. മിക്ക കർഷകരും ഒരു ഭാഗ്യപരീക്ഷണം പോലെ ഇതിനെ കാണുന്നു. ഇഞ്ചികൃഷിയിലെ പ്രധാനഘടകം രോഗനിയന്ത്രണമാണെങ്കിലും വിപണനരംഗത്തെ പരിമിതികൾക്കും പ്രാധാന്യമുണ്ട്. വയനാടിനെ സംബന്ധിച്ചിടത്തോളം ചുരുക്കം കുത്തക മുതലാളിമാർ ഇഞ്ചിവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ ഈ വിളയുടെ വിലനിയന്ത്രണവും അവരുടെ ചൊൽപ്പടിയിലാണ്. ഇഞ്ചിയിൽ നിന്ന് ഓലിയോറസിൽ എന്ന ഉൽപന്നം സംസ്കരിച്ചെടുക്കാം. ഭാരിച്ച ധനശേഷിയും സാങ്കേതിക വിദ്യയും ആവശ്യമായതിനാൽ അത്തരം സംരംഭങ്ങൾക്ക് ആരും തുടക്കം കുറിച്ചിട്ടില്ല. സർക്കാർ തലത്തിൽ ഇതിനൊരു പരിഹാരം കാണേണ്ടിയിരിക്കുന്നു. അനേകം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന ഇഞ്ചി കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന കർഷകന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുവേണ്ടി കുത്തക മുതലാളിമാരുടെ സ്വാധീനം വിപണനരംഗത്ത് കുറക്കുന്നതിനായി നാഫെഡ് കാര്യക്ഷമമായ രീതിയിൽ വയനാട്ടിൽ ഇഞ്ചിസംഭരണവും സംസ്കരണവും കാഴ്ച വെക്കണം. കഴിഞ്ഞ കാലഘട്ടങ്ങളിലെ നാഫഡിൻെറ പ്രവർത്തനം കർഷകനേക്കാൾ പ്രയോജനം ലഭിച്ചത് സ്വകാര്യ കച്ചവടക്കാർക്കായിരുന്നു. ഈ അവസ്ഥയിൽ മാറ്റം വരുത്തി

വയനാട്ടിലെ സഹകരണമേഖലയുടെ സഹായത്തോടെ ഒരു ഇഞ്ചി വിപണനസംസ്കരണ സംരംഭം തുടങ്ങേണ്ടിയിരിക്കുന്നു.

## പച്ചക്കറി

കാർഷികമേഖലയായ വയനാട്ടിൽ പച്ചക്കറി കൃഷി ആരും തന്നെ പ്രോത്സാഹിപ്പിക്കുന്നില്ല അയൽ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വില കുറഞ്ഞ പച്ചക്കറികളുടെ തള്ളിക്കയറ്റമാണ് പ്രധാനകാരണം. രാസവളം അമിതമായി ഉപയോഗിച്ച് സങ്കരയിനത്തിൽ പെട്ട പച്ചക്കറികൾ ധാരാളം കേരളത്തിന്റെ അതിർത്തി സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിക്കുന്നു. ഉപഭോക്തൃ മേഖലയായി മാറിയ കേരളാവിപണിയെ മുന്നിൽ കണ്ടാണ് അവിടെ പച്ചക്കറി കൃഷി ഇറക്കുന്നത്. നമ്മുടെ പ്രദേശത്തെ വർദ്ധിച്ച കൂലിയും പച്ചക്കറി കൃഷി ചെയ്യാനുള്ള വിമുഖതയുമാണ് പ്രധാന പ്രതികൂല സാഹചര്യങ്ങൾ. ഗ്രാമപ്രദേശങ്ങളിൽ കൂടി പച്ചക്കറി കൃഷി ചെയ്യുന്നവർ വിരളമാണ്. ഈ ചിന്താഗതി മാറേണ്ടിയിരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികളിൽ പച്ചക്കറി കൃഷി ചെയ്യാനുള്ള അഭിരുചി വളർത്താൻ സർക്കാർ തലത്തിലെ നടപടികൾ സ്വാഗതാർഹമാണ്. പച്ചക്കറി രംഗത്ത് സ്വാശ്രയത കൈവരിക്കാനായി പ്രധാനമായ കാൽവെപ്പെന്ന നിലക്ക് യഥാസമയത്ത് നല്ലയിനം വിത്തുകൾ കർഷകർക്ക് എത്തിക്കാനുള്ള ഔചിത്യം കൃഷിവകുപ്പിനും സർക്കാർ ഉടമയിലുള്ള കൃഷിഫാമുകൾക്കും ഉണ്ടാകണം. ഇതിനായി കൃഷിക്കാർക്ക് പച്ചക്കറി വിത്ത്, വളം, ലഘുലേഖകൾ എന്നിവ വിതരണം ചെയ്യണം. കൂട്ടുകൃഷി അടിസ്ഥാനത്തിൽ വാർഡുകൾ തോറും പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുന്നത് നന്നായിരിക്കും. സാധാരണ വേനലിലാണല്ലോ പച്ചക്കറി കൃഷി ഇറക്കുന്നത്. ഈ സമയത്ത് വയനാട്ടിലെ കുളങ്ങളും കിണറുകളും മിക്കതും വരണ്ടിരിക്കും. അത്യാവശ്യം വീട്ടാവശ്യത്തിനുള്ള ജലം മാത്രമേ ലഭിക്കാറുള്ളൂ. ഈ പ്രതികൂല സാഹചര്യം തരണം ചെയ്യണമെങ്കിൽ ചെറിയ ജലസേചന സൗകര്യങ്ങൾ ഏർപ്പാടാക്കേണ്ടിവരും.

## തൊഴിൽരംഗം

ഈ പഞ്ചായത്തിലെ കർഷകതൊഴിലാളികൾക്ക് നിലവിൽ പുരുഷന് ശരാശരി 70 രൂപയും സ്ത്രീകൾക്ക് 45 രൂപയും കൂലിയുണ്ട്. തോട്ടം മേഖലയിലെ സ്ഥിരം തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ടിന്റെ മറ്റാനുകൂല്യങ്ങളും ലഭിക്കുന്നു. കർഷകതൊഴിലാളികളുടെ ലഭ്യത ക്രമേണ കുറഞ്ഞുവരികയാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കാർഷികതൊഴിലിനോടുള്ള വിരസത വർദ്ധിച്ചുവരുന്നു. ഈ പ്രവണത ഭാവിയിൽ പല പ്രശ്നങ്ങളും കാർഷികമേഖലയിൽ സൃഷ്ടിച്ചേക്കാം. സമൂഹത്തിൽ കർഷകതൊഴിലാളിക്ക് നൽകുന്ന അംഗീകാരം മറ്റ് മേഖലകളിൽ തൊഴിലെടുക്കുന്നവരേക്കാൾ മോശമായതിനാലാണ് മിക്ക ചെറുപ്പക്കാരും കാർഷിക തൊഴിൽ ഒരു ഉപജീവന മാർഗമാക്കാതിരിക്കുന്നത്. കർഷകന്റെ ജീവിതനിലവാരം, ജീവിതരീതി എന്നിവക്കെല്ലാം അടിസ്ഥാനപരമായ മാറ്റം വരേണ്ടിയിരിക്കുന്നു. ഉയർന്ന വരുമാനത്തെ ആശ്രയിച്ചാണല്ലോ ജീവിതനിലവാരവും ഉയരുന്നത്. അങ്ങനെ വരുമ്പോൾ കാർഷിഷികോൽപന്നങ്ങൾക്ക് വ്യാവസായിക ഉൽപന്നങ്ങളോട് താരതമ്യപ്പെടുത്താവുന്ന വിലയും ലാഭവിഹിതവും കൂടിയേ തീരൂ.

ഉപഭോക്താവിന്റെ ആവശ്യം മാത്രം കണക്കിലെടുത്ത് അവശ്യസാധനങ്ങളുടെ വില ക്രമീകരിക്കുക എന്നാണല്ലോ ഇപ്പോഴത്തെ സ്ഥിതി. കാർഷിക ഉൽപന്നങ്ങൾക്ക് മാത്രമുള്ള വിലനിയന്ത്രണവും കർഷകനുപയോഗിക്കുന്ന മറ്റെന്തിനും അടിക്കടി വിലക്കയറ്റവും അനുഭവപ്പെടുമ്പോൾ കാർഷികോൽപന്നങ്ങളുടെ മാത്രം വില നിയന്ത്രണം ഒരു വിരോധാഭാസമല്ലേ? ഫാക്ടറിയിൽ സംസ്കരിക്കുന്ന ഒരു ലിറ്റർ മിനറൽ വെള്ളത്തിന് 12 രൂപ വില നൽകുമ്പോൾ ഒരു ലിറ്റർ പാലിന് 8 രൂപയിൽ കുറഞ്ഞേ കർഷകന് ലഭിക്കുന്നുള്ളൂ. എന്നാൽ ജീവിതരീതിയിൽ ഫാക്ടറി ഉടമസ്ഥനും കർഷകനും എന്തൊരന്തരം. ഈ അടിസ്ഥാനപരമായ അകൽച്ചയാണ് കാർഷികരംഗത്തെ അംഗീകരിക്കാൻ സമൂഹത്തിന് പ്രയാസം കാണുന്നത്. ഇതിനുള്ള ഉത്തരം കാർഷികോൽപന്നങ്ങൾക്ക് കർഷകന്റെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള വിലനിർണ്ണയവും സർക്കാർ തലത്തിലുള്ള ഇടപെടലും പ്രോത്സാഹവനും ആയിരിക്കും. അതല്ലാതെ വർഷത്തിലൊരിക്കൽ ഒരു

കർഷകനെ അംഗീകരിച്ച് സമ്മാനങ്ങൾ കൊടുത്തതുകൊണ്ട് മാത്രം കാർഷികവൃത്തിക്ക് മാന്യതയും ബഹുമാനവും നേടാനാവില്ല എന്നതാണ് നഗ്നസത്യം.

## മൾബറി കൃഷി

മൾബറി കൃഷിയും പട്ടുനൂൽ പുഴു ഉൽപാദനവും വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ചുരുങ്ങിയ കൃഷി യിടങ്ങളിൽ നിന്നും മാന്യമായ വരുമാനം സമ്പാദിക്കാനും സഹായിക്കുന്ന സംരംഭ ങ്ങളാണ്. ഈ പഞ്ചായത്തിൽ സുഗന്ധഗിരി പ്രൊജക്ടിൽ വളരെ വിപുലമായ രീതിയിൽ മുൻകാലങ്ങളിൽ കൊകൂൺ ഉൽപാദനവും നടന്നിരുന്നു. കാലക്രമേണ നിർജ്ജീവാ വസ്ഥയിലേക്ക് ഈ സംരംഭം എത്തിയിരി ക്കുകയാണ്. പഞ്ചായത്തിലെ ചുരുക്കം ചില കൃഷിക്കാരും പരീക്ഷണാർത്ഥം തുടങ്ങിയെങ്കിലും കൊക്കൂൺ വിപണന രംഗത്തുള്ള പ്രയാസവും വിലയിടിവും അവരെ നിരുത്സാഹപ്പെടുത്തി. ഇപ്പോൾ കൽപ്പറ്റ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെറിഫെഡ് ഈ കൃഷി സമ്പ്രദായം പുനരുദ്ധരിക്കുന്നതിന് മറ്റൊരവസരം തന്നിരിക്കുകയാണ്. കർഷകർ ഉൽപാദിപ്പിക്കുന്ന കൊക്കൂണിന് ന്യായമായ വിലയും വിപണനസൗകര്യവും വാഗ്ദാനം ചെയ്യുന്ന സെറിഫെഡിൻെറ പ്രവർത്തനം ഈ പഞ്ചായത്തിലെ കൃഷിക്കാരിലേക്കും വിശിഷ്യാ സുഗന്ധഗിരി പ്രൊജക്ടിലേക്കും വ്യാപി പ്പിക്കണം.

## പ്രശ്നങ്ങൾ

1. കാർഷികോൽപാദനം കൂട്ടണമെങ്കിൽ ജലസേചനസൗകര്യങ്ങൾ വിപുലമാക്കണം. മഴയെ മാത്രം ആശ്രയിക്കുന്ന കൃഷിരീതിയാണ് ഇപ്പോൾ അവലംബിക്കുന്നത്.

2. കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. വിപണനസൗകര്യങ്ങൾ ഇല്ല. സ്വകാര്യവ്യക്തികളാണ് പ്രധാനവിളകളുടെ വിലനിയന്ത്രണം ചെയ്യുന്നത്.

3. നല്ലയിനം നടീൽവസ്തുക്കൾ യഥാസമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല.

4. മണ്ണുപരിശോധനാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലില്ല. അതിനാൽ രാസവള പ്രയോഗം ശാസ്ത്രീയമായി ചെയ്യാനാവുന്നില്ല.

5. ഈ പഞ്ചായത്തിലെ കൃഷിഭവൻ ഒരറ്റത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് ഭൂരിഭാഗം കർഷകർക്കും യഥാസമയത്ത് അവിടെചെന്ന് ഉപദേശങ്ങൾ സ്വീകരിക്കാനോ സേവനങ്ങൾ ലഭിക്കാനോ പറ്റുന്നില്ല.

6. രാസവളങ്ങളുടെയും കീടനാശിനി കളുടെയും അമിതമായ വില കർഷകൻെറ വരുമാനത്തെ കാർന്നുതിന്നുന്നു.

7. ശാസ്ത്ര സാങ്കേതിക വിജ്ഞാനം പത്രങ്ങളിലും മാസികകളിലും സർവ്വകലാശാ ലകളിലും മാത്രം ഒതുങ്ങിനിൽക്കുന്നു.

8. വിളകളെ ബാധിക്കുന്ന രോഗങ്ങൾക്ക് ഫലപ്രദമായ പരിരോധന—നിർമ്മാർജ്ജന മുറകളുടെ അഭാവം കർഷകന് തീരാശാപമാണ്.

9. പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്.

10. വന്യജീവികളായ ആന, പന്നി എന്നിവയുടെ ഉപദ്രവം വനത്തിനടുത്തുള്ള കൃഷിസ്ഥലങ്ങളിൽ വ്യാപകമാണ്.

11. ജൈവവളങ്ങളുടെ ലഭ്യത കുറവായതിനാൽ അമിതമായ വില കൊടുത്ത് ഇവ പ്രയോഗിക്കാൻ കർഷകർ താൽപര്യം കാണിക്കുന്നില്ല. അതിനാൽ മൺതടത്തിൽ ഫലഭൂയിഷ്ടത കുറഞ്ഞുവരികയാണ്.

12. കാർഷികോൽപന്നങ്ങളുടെ സംസ്കര ണത്തെ കുറിച്ചുള്ള സാങ്കേതിക വിജ്ഞാനം കർഷകർക്ക് ലഭിക്കുന്നില്ല.

13. വൈദ്യുതി—ഗതാഗതം എന്നീ പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത കാർഷികോൽപന്നങ്ങളുടെ ഉൽപാദന ചെലവ് വർദ്ധിപ്പിക്കുന്നു.

14. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹി

പ്പിക്കാൻ സർക്കാറിൽ നിന്നും വേണ്ടത്ര ധന, സാങ്കേതിക സഹായം ലഭിക്കുന്നില്ല.

15. കാർഷികോപകരണങ്ങളുടെ അമിതമായ വില, അവ നന്നാക്കുന്നതിനുള്ള സൗക ര്യമില്ലായ്മ.

16. വിളനാശം സംഭവിച്ചാൽ സർക്കാർ വാഗ്ദാനം ചെയ്യുന്ന സഹായം യഥാസമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല. വിളനാശത്തിന് ഇൻഷുറൻസ് ലഭിക്കുന്നില്ല.

17. സർക്കാർ ഉടമയിലുള്ള തരിശുഭൂമി പാഴായി കിടക്കുന്നു.

18. തലസ്ഥാനനഗരിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കാർഷികമേളകളിൽ പങ്കെടുക്കാൻ മിക്ക കർഷകർക്കും സാധി ക്കുന്നില്ല.

19. ബാങ്ക് വായ്പ കൃത്യസമയത്തും വേണ്ടത്രയും അർഹരായ കർഷകർക്ക് ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

### 1. ജലസേചനം

വാർഡ് 1 — സുഗന്ധഗിരിയിൽ ഏഴാം യൂനിറ്റിറ്റിൽ നിർമ്മിച്ച ജലസേചനസൗകര്യം ഏർപ്പടുത്തുക.

വാർഡ് 2 — കറുവൻതോട്, വേങ്ങാതോട് എന്നിവയിലെ ജലം കൃഷിക്കും വൈദ്യുതിക്കും ഉപയോഗിക്കുനന രീതിയിൽ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക.

വാർഡ് 5 — മുത്താറിക്കുന്ന്, മീഞ്ചാൽ പ്രദേശത്തേക്ക് ഉതകുന്ന വിധത്തിൽ ആനോത്ത് പുഴയിൽ ആനൂർ ഭാഗത്ത് ബണ്ട് നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

വാർഡ് 4 — പട്ടാണിക്കുണ്ട് കടവിൽ ബണ്ട് കെട്ടി അച്ചൂർ—നായക്കോട്ടുമ്മൻ പാടശേ ഖരത്തിലെ 20 ഹെക്ടർ വയൽ ഒരു പൂകൃഷി ആക്കാൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പക്കണം.

വാർഡ് 6 — ആനോത്ത് പുഴയിൽ ആണിവയൽ ഭാഗത്ത് ബണ്ട് നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കിയാൽ 35 ഹെക്ടർ നെൽകൃഷി ഇരുപ്പൂവാക്കാം. വാർഡുകളിലെ തോടുകളിൽ തടയണകൾ നിർമ്മിക്കുക. പത്ത് കുളങ്ങൾ കുഴിക്കണം. ആനോംകുന്നിലെ നീർചാലിൽ ബണ്ട് കെട്ടി കൃഷിക്കും കുടിക്കാനും വെള്ളം സംഭരിക്കാം.

വാർഡ് 7 — പൂലേരിതൊട്ടിൽ നിലവിലുള്ള തടയണക്ക് പുതുതായി ചീർപ്പ് ഇടണം. അത്തിമൂല, ചാത്തോത്ത്, മോതിരപാറ, കമ്മാടംകുന്ന്, പന്നിയോറ എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കണം. തേവണപുഴിയിൽ ബണ്ട് കെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി 7,8,9 വാർഡിലെ ഏകദേശം 200 ഹെക്ടർ ഭൂമി ഇരുപൂവാക്കാം.

വാർഡ് 8 — മൂവട്ടി പണിയ കോളനിയിൽ തോട്ടിൽ തടയണ വേണം.

മേൽപറഞ്ഞ ജലസേചന പരിപാടികൾ നടപ്പാക്കിയാൽ ഈ പഞ്ചായത്തിലെ കാർഷി കോൽപാദനം കൂട്ടുന്നതുവഴി അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു സാധിക്കും.

2. നെൽകൃഷി പ്രോത്സാഹിപ്പിക്കണമെങ്കിൽ ന്യായമായ വിലക്ക് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കാനുള്ള സംവിധാനം രൂപപ്പെടുത്തണം. കാർഷിക ഉൽപന്നങ്ങൾ ക്രവിക്രയം ചെയ്യാൻ പഞ്ചായത്തുതലത്തിൽ റഗുലേറ്റഡ് മാർക്കറ്റ് കമ്മിറ്റികൾ രൂപീകരിക്കണം. നാഫഡിൻെറ പ്രവർത്തനം കർഷകർക്ക് ഉപയുക്തമായ രീതയിൽ കാര്യക്ഷമമാക്കണം. പഞ്ചായ ത്തുതലത്തിൽ മാസചന്തകൾ സംഘടിപ്പി ക്കാനുള്ള പശ്ചാത്തല സൗകര്യം നിർമ്മിക്കണം. ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവകാലങ്ങളിൽ സംഘടിപ്പിക്കുന്ന ചന്തക ൾക്ക് ആവശ്യമായ പച്ചക്കറി, ധാന്യങ്ങൾ എന്നിവ സമീപ പഞ്ചായത്തുകളിൽ നിന്ന് സഭരി ക്കുന്നതിനായി കാലേക്കൂട്ടി ആസൂത്ര ണപദ്ധതികൾ നടപ്പാക്കുക. (ഉദാ. പച്ചക്കറി, ഇറച്ചി, അരി, പയർ). ഇത്തരം സൗകര്യങ്ങൾ

ഉറപ്പുവരുത്തിയാൽ വിപണനസാദ്ധ്യതകൾ കൂടുകയും ന്യായമായ വില കർഷകനും ഗുണമേന്മയുള്ള വ്യഞ്ജനങ്ങൾ ഉപഭോക്താവിനും ലഭിക്കും.

3. നല്ലയിനം നടീൽ വസ്തുക്കളുടെ യഥാസമയത്തുള്ള ലഭ്യതകുറവ് ഉൽപാദനത്തെ കാര്യമായി ബാധിക്കുന്നു. ഈ സ്ഥിതി മാറ്റണമെങ്കിൽ ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ ഒരു നടീൽ വസ്തു നഴ്സറി പ്രവർത്തിക്കുന്നതിനുള്ള സ്ഥലം, വൈദ്യുതി, ജലസേചനം, നല്ലയിനം വിത്തുകൾ എന്നീ സൗകര്യങ്ങൾ സർക്കാർതലത്തിൽ ഏർപ്പാടാക്കണം. വയനാട്ടിലെ പ്രത്യേക കാലാവസ്ഥയും ഭൂപ്രകൃതിയും പരിഗണിച്ച് അനുയോജ്യമായ വിത്തിനങ്ങൾ അമ്പലവയൽ കൃഷി ഫാമിൽ ഉൽപാദിപ്പിക്കണം.

4. മണ്ണുപരിശോധനാ സംവിധാനം മാനന്തവാടിയിലാണുള്ളത്. ഈ പ്രദേശത്തെ കർഷകർക്ക് അവിടെ കൊണ്ടുപോയി മണ്ണുപരിശോധിക്കാൻ വളരെ പ്രയാസവും സാമ്പത്തികബുദ്ധിമുട്ടും ഉണ്ട്. അതിനാൽ ഒട്ടുമുക്കാൽ കർഷകരും മണ്ണിന്റെ പോഷകഘടന അറിയാതെയാണ് രാസവളങ്ങൾ പ്രയോഗിക്കുന്നത്. ഇതിനാൽ രാസവള പ്രയോഗം അമിതമായി ധനനഷ്ടങ്ങൾ അനുഭവപ്പെടുത്തുന്നു. ഇതിനൊരു പരിഹാരമായി പഞ്ചായത്തിലെ കൃഷി ഭവനിൽ മണ്ണുപരിശോധനാ സംവിധാനം ഏർപ്പാടാക്കണം. ഒരു സഞ്ചരിക്കുന്ന മണ്ണുപരിശോധനാ യൂണിറ്റ് പഞ്ചായത്തിൽ നിശ്ചിത ദിവസങ്ങളിൽ എത്തിച്ചേർന്ന് പ്രദേശത്തെ മണ്ണുസാമ്പിളുകൾ പരിശോധിച്ച് ഫലമറിയിക്കുന്ന സംവിധാനം ഏർപ്പാടാക്കണം.

5. പഞ്ചായത്തിലെ വിവിധപ്രദേങ്ങളിൽ ഉള്ള കർഷകർക്ക് സൗകര്യപ്രദമായി എത്തിപ്പെടാൻ ആവുന്ന പൊഴുതന ഷോപ്പിംഗ് കോംപ്ലക്സിലേക്ക് കൃഷിഭവൻ മാറ്റുക.

6.രാസവളങ്ങൾ, കീടനാശിനികൾ എന്നിവ വിൽക്കുന്നതിന് സഹകരണമേഖലയിലോ കൃഷിഭവന്റെ കീഴിലോ മിതമായ വിലക്ക് വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കുക.

7. ശാസ്ത്ര സാങ്കേതിക വിദ്യകളിലെ പുരോഗതിയും കാകാലങ്ങളിൽ വന്ന മാറ്റങ്ങളും കർഷകനെ ധരിപ്പിക്കുന്നതിനായി സെമിനാറുകൾ സംഘടിപ്പിക്കുക. കാർഷിക വികസന സമിതി പഞ്ചായത്തിൽ കൂടുമ്പോൾ ഉന്നത ഉദ്യോഗസ്ഥന്മാർ വർഷത്തിർ ഒരു പ്രാവശ്യമെങ്കിലും പങ്കെടുത്ത് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.

8. രോഗനിയന്ത്രണം ഫലവത്താക്കാൻ കർഷകർക്ക് സർവ്വകലാശാലകളിൽ പരിശീലനം ഏർപ്പെടുത്തുക.

9. മണ്ണൊലിപ്പ് തടയുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും കയ്യാലകൾ, കാവായകൾ എന്നിവ നിർമ്മിക്കുന്നതിനും മരങ്ങൾ വെച്ച് പിടിപ്പിക്കാനും സാമ്പത്തികസഹായം നൽകുക.

10. വന്യജീവികളിൽ നിന്ന് വിളകളെ രക്ഷിക്കണമെങ്കിൽ പ്രാദേശികമായ പ്രശ്നങ്ങൾ പഠിച്ച് വേണമെങ്കിൽ അനുയോജ്യമായ നിയമസംവിധാനം ഏർപ്പാടാക്കാൻ വിദഗ്ദ്ധ സംഘത്തെ നിയമിക്കുക.

11. ജൈവവളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ സർക്കാർ തരിശുഭൂമികളിലും റോഡരുകിലും പച്ചില സസ്യങ്ങൾ, മരങ്ങൾ കൃഷി ചെയ്യാൻ അവുവദിക്കുക. പഞ്ചായത്തിൽ പൊതു ആലകൾ നിർമ്മിച്ച് അലഞ്ഞുതിരിയുന്ന കാലികളുടെ ചാണകം പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാനായി ബയോഗ്യാസ്, കമ്പോസ്റ്റ് കുഴി നിർമ്മിക്കുക.

12. കാർഷികോൽപന്നങ്ങളുടെ സംസ്കരണമുറകളെ സംബന്ധിച്ചും മറ്റ് വിഷയങ്ങളിലും അമ്പലവയൽ കൃഷി വിജ്ഞാനകേന്ദ്രത്തിൽ നടക്കുന്ന പരിശീലന പരിപാടികൾക്ക് വേണ്ടത്ര ഫണ്ട് കൊടുത്തുകൊണ്ട് ധാരാളം കർഷകരെ പരിശീലിപ്പിക്കുക.

13. വൈദ്യുതി, ഗതാഗതം എന്നിവ പഞ്ചായത്തിൽ വളരെ പരിമിതമായ പ്രദേശങ്ങളിലേ കാണുന്നുള്ളൂ. ഈ പശ്ചാത്തലസൗകര്യങ്ങൾ കൂടുതലാക്കാൻ

വേണ്ട നിർദ്ദേശങ്ങൾ അതാത് വിഷയങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്.

14. നിലവിലുള്ള വിവിധ സമിതികൾ വേണ്ടത്ര ശുഷ്കാന്തിയോടുകടി കർഷകർക്ക് പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതിന്റെ പ്രധാനകാരണം സംഘടിച്ച് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ കർഷകർക്ക് ഇല്ലാത്തതിനാലാണ്. അതിനാൽ സമിതികൾക്കാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ (ഉദാ. കെട്ടിടം, യന്ത്രോപകരണങ്ങൾ, നടീൽ വസ്തുക്കൾ) സർക്കാർ സമിതികൾക്ക് സൗജന്യമായി എത്തിക്കണം.

15. മിതമായ വിലക്ക് യന്ത്രോപകരണങ്ങൾ കർഷകർക്ക് നൽകണം. കാർഷികോപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് വേണ്ട സാങ്കേതിക പരിശീലനം ലഭിച്ച മെക്കാനിക്കുകളെ ഈ പഞ്ചായത്തിൽ തീരെ ഇല്ല. ഈ കുറവ് നികത്താൻ പരിശീലനക്ലാസുകൾ നടത്തി തൊഴിലധിഷ്ഠിതമായ ചെറിയ റിപ്പയർ യൂനിറ്റുകൾ നടത്താൻ ചെറുപ്പക്കാരെ സജ്ജമാക്കണം. കേരള അഗ്രോ ഇൻഡസ്ടി—റെഡ്കോ എന്നീ സ്ഥാപനങ്ങൾ ഈ രംഗത്ത് വേണ്ടത്ര സഹായം ചെയ്യാൻ തയ്യാറാകണം.

16. കൃഷികൾക്ക് പ്രകൃതിക്ഷോഭത്തിൽ മാത്രമാണ് നിലവിലുള്ള ധനഹായം. രോഗങ്ങൾക്ക് ഇൻഷൂറൻസ് സഹായം ലഭിക്കുന്നില്ല. ഇത്തരം വിപത്തുകൾക്കും സഹായം ലഭിക്കുന്ന വിധത്തിൽ നിയമത്തിൽ മാറ്റം വരുത്തണം.

17. പഞ്ചായത്തിലെ കാർഷികോൽപാദനം കൂട്ടാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആദിവാസികൾക്കും സമിതികൾക്കും മഹിളാ സമാജങ്ങൾക്കും പാട്ടാടിസ്ഥാനത്തിൽ പാഴായി കിടക്കുന്ന സർക്കാർ തരിശുഭൂമി വിട്ടുകൊടുക്കണം.

18. തലസ്ഥാനനഗരികളിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്ന കാർഷികമേളകളിൽ പങ്കെടുക്കുന്നതിനായി കർഷകർക്ക് ധനസഹായം നൽകണം.

19. ബാങ്ക് വായ്പ സ്വീകരിക്കുന്ന കർഷകർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടിയിരിക്കുന്നു.

എ) ബാങ്ക് വായ്പ ലഭിക്കുവാൻ കർഷകർ കൊടുക്കേണ്ട അടിസ്ഥാനരേഖകൾ ലളിതമാക്കണം. അർഹരായ കർഷകരെ തെരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തിനും കൃഷിഭവനുമായിരിക്കണം.

ബി) വിളനാശമായാൽ ഇൻഷൂറൻസ് തുക മാത്രമേ തിരിച്ചുചോദിക്കാവൂ എന്ന വ്യവസ്ഥ വേണം. അതും കാർഷിക ചെലവ് അനുവദിച്ചുകൊടുത്തതിനുശേഷം ബാക്കിയുള്ള തുക.

സി) ബാങ്കുൾ നൽകുന്ന വിവിധതരം ധനസഹായങ്ങളെ പറ്റി അതാത് പഞ്ചായത്തിലെ ബാങ്കുകൾ പ്രത്യേകിച്ച് ലീഡ് ബാങ്ക് കൃഷിപ്പണി ആരംഭിക്കുന്നതിന് മുമ്പായി ബോധവൽക്കരണം നടത്തണം.

20) കൃഷിഭനുവകൾ ഇപ്പോൾ വിവിധ വകുപ്പിൽ പെട്ട സബ്സിഡി, ദുരിതാശ്വാസം എന്നിവയിലെ ഫണ്ട് വിതരണം ചെയ്യുന്നതിന് മാത്രമായുള്ള ഓഫീസായി രൂപാന്തരപ്പെട്ടിരിക്കുന്നു. രേഖകൾ ശരിയാക്കാൻ തന്നെ ഉദ്യോഗസ്ഥർക്ക് സമയം വേണ്ടത്ര കിട്ടുന്നില്ല. ആയതിനാൽ കൃഷി വിജ്ഞാനം കർഷകരിലേക്ക് പകരുവാനോ ആധുനിക കൃഷിരീതികളെ പറ്റി കർഷകരെ ബോധവാന്മാരാക്കാനോ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനോ കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നില്ല. ഈ സ്ഥിതി മാറണമെങ്കിൽ കൃഷിഭവനുകളിൽ ക്ലെറിക്കൽ സ്റ്റാഫിനെ പ്രത്യേകം നിയമിക്കണം. കൃഷിഭവൻ ഓഫീസർമാർക്ക് വാഹനബത്ത നൽകി, കൃഷിയിടങ്ങൾ സന്ദർശിക്കാനുള്ള പ്രോത്സാഹനം നൽകണം.

# മൃഗസംരക്ഷണം

പൊഴുതന ഗ്രാമപഞ്ചായത്തിൽ കാർഷിക–തോട്ടം മേഖലയിൽ താമസിക്കുന്ന ജനങ്ങളിൽ നല്ലൊരു ശതമാനം ജനങ്ങളുടെ ജീവിത ഉപാധിയായി ഈ രംഗം നിലനിൽക്കുന്നു. പശു, പോത്ത്, എരുമ, ആട് എന്നീ മൃഗങ്ങളും കോഴി, താറാവ് തുടങ്ങിയ പക്ഷികളും പ്രാധാന്യം ഉള്ളവയാണ്. മുയൽ വളർത്തുന്ന കുടുംബങ്ങളും ഉണ്ട്. 50 ശതമാനം കുടുംബാംഗങ്ങളും കോഴി വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും യന്ത്രവൽകരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. കോഴിവസന്ത പിടിപെടുന്നതിനാൽ കോഴികളും കുറയുന്നു. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും വിറ്റഴിക്കാൻ കഴിയാത്തതും കാലിതീറ്റയുടെ കുറവും വിലവർദ്ധനവും ചികിത്സാസൗകര്യം ഇല്ലാത്തതും പ്രധാന പ്രശ്നങ്ങളാണ്. പാൽ സൊസൈറ്റി നിലവിലില്ലാത്തതിനാൽ പഞ്ചായത്തിന് പുറത്തുള്ള സൊസൈറ്റികളാണ് പാൽ സംഭരിക്കുന്നത്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് ഇപ്പോൾ പൊഴുതന ടൗണിലാണ്. പശ്ചാത്തലസൗകര്യങ്ങൾ ഇല്ല. സ്വന്തമായി കെട്ടിടവും ഇല്ല. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രിയുടെ സൗകര്യം പഞ്ചായത്തിൻെറ വിവിധ മേഖലയിലേക്ക് കിട്ടുന്നില്ല. സമയത്തിന് ചികിത്സ കിട്ടാത്തതിനാൽ കാലികൾ ചാവുന്ന സ്ഥിതിയുണ്ട്.

അകിട് വീക്കം, കുളമ്പ് രോഗം, ഉദരരോഗം, പനി എന്നിവയാണ് കന്നുകാലികളിൽ പ്രധാനമായും കാണുന്ന രോഗങ്ങൾ. ശുചിത്വത്തെ സംബന്ധിച്ച് കർഷകരിൽ അറിവില്ലായ്മ ഉള്ളതിനാൽ രോഗങ്ങൾ തുടക്കത്തിൽ തടയാൻ കഴിയുന്നില്ല. കർഷകർക്ക് രോഗപ്രതിരോധനടപടികളുടെ അറിവില്ലായ്മയും ഇതിന് കാരണമാണ്.

വീടുകളിലെ പാചകത്തിനും വെളിച്ചത്തിനും ആവശ്യമുള്ള ഇന്ധനം ഗോവർഗ്യാസ് പ്ലാൻറുകൾ വഴി കണ്ടെത്താൻ കഴിയും. കൃഷിഭവൻ, മൃഗസംരക്ഷണ വകുപ്പ് മുഖേനയും പ്ലാൻറ് സ്ഥാപിക്കാൻ സബ്സിഡി ഇനത്തിൽ പദ്ധതി ഉണ്ടെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. വളരെ ചുരുങ്ങിയ പ്ലാൻറുകളേ നിലവിലുള്ളു.

കൃഷിക്കാവശ്യമായ വളത്തിൻെറ നല്ലൊരു പങ്ക് നിറവേറ്റാൻ ജൈവവളത്തിന് കഴിയും. മേച്ചിൽസ്ഥലങ്ങൾ കുറവായതും നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ ഉപേക്ഷിച്ചതും കന്നുകാലികളെ വളർത്തുന്നതിൽ തടസ്സം നിൽക്കുന്നു.

കോഴിവളർത്താത്ത വീട് നിലനിന്നിരുന്നില്ല. എന്നാൽ ഇപ്പോൾ 50 ശതമാനം വീടുകളിൽ

പോലും കോഴികളെ വളർത്തുന്നില്ല. ഇറച്ചിക്കാവശ്യമായ കോഴി ഇറക്കുമതി ചെയ്യുന്നു. വീട്ടാവശ്യത്തിനുള്ള മുട്ടയും ഇറക്കുമതി ചെയ്യുന്ന അവസ്ഥയാണ്. കോഴിവളർത്തു യൂണിറ്റുകൾക്ക് നല്ല സാധ്യത നിലനിൽക്കുന്നുണ്ട്.

പുഴയോരങ്ങളും തോടുകളും ധാരാളമുള്ളതിനാൽ താറാവ് കൃഷിക്ക് സാധ്യതയുണ്ട്.

ഇപ്പോൾ ചില വീടുകളിലെങ്കിലും മുയൽ വളർത്തൽ ഉണ്ട്. ഈ രംഗത്ത് പ്രധാനമായും മുയൽ ഇറച്ചിയുടെ വിപണനം ഇല്ലാത്തതാണ് പ്രധാന കാരണം.

ഇപ്പോൾ 7—ാം വാർഡിൽ ഒരാൾ പന്നി വളർത്തുന്നുണ്ട്. അതിനും സാദ്ധ്യത ഉണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്
2. കാലിത്തീറ്റയുടെ വിലക്കൂടുതൽ
3. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം
4. മൃഗചികിത്സാരംഗത്തെ അപര്യാപ്തത
5. കോഴിവസന്ത തടയാനുള്ള സംവിധാനം ഇല്ലാത്തത്
6. സങ്കരഇനം പശുക്കളെ ലഭിക്കാത്തത്
7. ക്ഷീര വിപണനരംഗത്തുള്ള സൗകര്യക്കുറവ്
8. പഞ്ചായത്തിന്റെ എല്ലാ മേഖലയിലും വൈദ്യുതി എത്താത്തത്.
9. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
10. ക്ഷീരകൃഷിക്കാരുടെ അറിവില്ലായ്മ
11. ക്ഷീര സഹകരണ സംഘം ഇല്ലാത്തത്
12. പേപ്പട്ടിശല്യം നിലനിൽക്കുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

1. ഒരു ക്ഷീര സഹകരണ സംഘം പ്രദേശത്ത് സ്ഥാപിക്കാം. വാർഡിൽ പാൽ സംഭരണ കേന്ദ്രം തുറക്കാൻ ഉള്ള സാദ്ധ്യതയുണ്ട്.
2. സഹകരണസംഘത്തിന്റെ കീഴിൽ ഒരു കാലിത്തീറ്റ യൂണിറ്റ് തീറ്റപുൽകൃഷി തുടങ്ങിയവ സ്ഥാപിക്കുക
3. പൊഴുതന പഞ്ചായത്തിൽ ഒരു കോഴിക്കുഞ്ഞ് ഉൽപാദനസംഘത്തിന് സാധ്യതയുണ്ട്
4. മുയൽ വളർത്തലും വിപണനവും നടത്തുക
5. സങ്കരഇനം പശുക്കളെ ലഭിക്കുന്നതിനാവശ്യമായ ഒരു കേന്ദ്രം തുറക്കുക
6. ഒരു ബോധവൽക്കരണ യൂണിറ്റ് സ്ഥാപിക്കുക
7. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ ആശുപത്രിയുടെ

| ക്ഷീര കൃഷിക്കാരുടെ എണ്ണം | ശേഖരിക്കുന്ന പാൽ ലിറ്റർ | പഞ്ചായത്തിൽ വിൽക്കുന്ന ലിറ്റർ | പുറത്ത് വിൽക്കുന്ന ലിറ്റർ | മിൽമ എടുക്കുന്നത് |
|---|---|---|---|---|
| 60 | 230 | 40 | 20 | 170 |

പക്ഷികൾ

| പൂവൻ കോഴികൾ | പിടക്കോഴി മുട്ട ഇടുന്നത് | പിടക്കോഴി മുട്ട ഇടാത്തത് | താറാവ് ആൺ | താറാവ് പെൺ |
|---|---|---|---|---|
| 1290 | 2764 | 3221 | 17 | 43 |

| സങ്കരം കാള | നാടൻ കാള | പശു നാടൻ കറവ് | പശു നാടൻ ഇല്ലാത്തത് | പശു സങ്കരം കറവ് | പശു സങ്കരം ഇല്ലാത്തത് | എരുമ കറവ് | എരുമ ഇല്ലാത്തത് | പോത്ത് | ആട് | പ |
|---|---|---|---|---|---|---|---|---|---|---|
| 80 | 115 | 114 | 846 | 415 | 624 | 94 | 61 | 145 | 700 | 879 |

സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. മൃഗാശുപത്രിക്ക് ഒരു വാഹന സംവിധാനം ഉണ്ടാക്കുക

8. ക്ഷീരകൃഷിക്കാർക്ക് വായ്പ ലഭിക്കുന്നതിന് സംവിധാനം മെച്ചപ്പെടുത്തുക
9. അത്തിമൂല 6—ാം മൈൽ തുടങ്ങിയ സ്ഥലങ്ങളിൽ സബ് സെൻററുകൾ സ്ഥാപിക്കുക

# മത്സ്യബന്ധനം

പൊഴുതന ഗ്രാമപഞ്ചായത്തിൽ മത്സ്യ മേഖലയിൽ യാതൊരു പ്രവർത്തനവും നിലവിലില്ല. എന്നാൽ കുളങ്ങളിലും കിണറുകളിലും മത്സ്യം വളർത്തലിന് സാധ്യതയുണ്ട്. ഈ രംഗത്ത് നിലവിൽ പൂക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡയറക്ടറേറ്റിന്റെ സഹായം പഞ്ചായത്തിന് ലഭിച്ചാൽ മത്സ്യം വളർത്തുന്നതിന് സംഭാവന ചെയ്യാൻ കഴിയും. മത്സ്യസമ്പത്ത് നശിപ്പിക്കുന്ന പ്രവർത്തികൾ പുഴകൾ കേന്ദ്രീകരിച്ച് തോട്ട പൊട്ടിക്കുകയും നാശിനികൾ കലക്കി മത്സ്യങ്ങളെ കൊല്ലുകയും ചെയ്യുന്നത് ഒരു പ്രശ്നമാണ്.

## നിർദ്ദേശങ്ങളും സാധ്യതകളും

1. കുളങ്ങൾ സ്ഥാപിക്കാനും മത്സ്യം വളർത്താനും പ്രത്യേകം സഹായം ചെയ്യുക.
2. നിലവിലുള്ള കുളങ്ങളിൽ മത്സ്യം വളർത്താൻ നടപടി കൈക്കൊള്ളുക.

## മൃഗസംരക്ഷണ വകുപ്പിന്റെ നടപ്പു വർഷത്തെ പ്രധാന പദ്ധതികൾ

1 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനിതകഗുണമുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത് അവയ്ക്ക് പ്രത്യേക പരിചരണം നൽകി 30 മാസത്തിനുള്ളിൽ ആദ്യ പ്രസവം സാധ്യമാക്കുക. പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 4 മാസത്തിനും 9 മാസത്തിനും ഇടയ്ക്ക് പ്രായമുള്ള നല്ലയിനം പശുക്കുട്ടികൾക്ക് ഇൻഷ്വറൻസ് സുരക്ഷയും പകുതി വിലയ്ക്ക് കാലിത്തീറ്റയും പ്രതിരോധകുത്തിവെയ്പുകളും വിരമരുന്നുകളും നൽകുന്നു.

2 പേവിഷ നിർമ്മാർജ്ജന പദ്ധതി

ഘട്ടംഘട്ടമായി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലയ്ക്ക് ലഭ്യമാക്കുക. പഞ്ചായത്തിന്റേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക, വളർത്തുമൃഗങ്ങളെ പ്രതിരോധകുത്തിവെയ്പിന് വിധേയമാക്കുകയും ലൈസൻസ് നൽകുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതിയിൽ നടപ്പാക്കുന്നത്.

3 കാലിവസന്ത നിർമ്മാർജ്ജന പദ്ധതി

ഇതിനായി പഞ്ചായത്തിൽ രോഗാന്വേഷണ സർവ്വേകൾ നടത്തുകയും സിറം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

4 കാലിരോഗ നിയന്ത്രണ പദ്ധതി

ഈ പദ്ധതിയിൽ നമ്മുടെ നാട്ടിൽ ധാരാളമായി കണ്ടുവരുന്ന കുളമ്പുരോഗം, അടപ്പൽ, കുരലടപ്പൻ തുടങ്ങിയ കന്നുകാലിരോഗങ്ങൾക്ക് എതിരെ വ്യാപകമായ തോതിൽ പ്രതിരോധ കുത്തിവെയ്പ് നൽകിവരുന്നു.

5 കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ

ഇതിനായി മൃഗഡോക്ടർമാരെയും മറ്റു ജോലിക്കാരെയും നിയമിക്കുകയും ആവശ്യമായ മരുന്നുകളും പ്രതിരോധ കുത്തിവെയ്പുകളും നൽകുകയും ചെയ്യുന്നു.

6 **ആടുവളർത്തൽ പദ്ധതി**

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു യൂണിറ്റ് എന്നാൽ 2 മാലബാറി ആട്ടിൻ കുട്ടികളാണ്. (6 മുതൽ 9 മാസം വരെ പ്രായമുള്ളവ) ഗുണഭോക്താക്കൾ 30 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരും 30 ശതമാനം വനിതകളും ആയിരിക്കണം.

7 **വികസനവും പരിശീലനവും വിജ്ഞാനവ്യാപനവും**

തെരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് കേന്ദ്രങ്ങളിൽ കാലിവളർത്തലിലും കോഴിവളർത്തലിലും പരിശീലനം നൽകുന്നു.

8 **പന്നി വളർത്തൽ പദ്ധതി**

പന്നിയിറച്ചിയുടെ ഉൽപാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. 5 പെൺപന്നികളും ഒരു ആൺ പന്നിയുമടങ്ങിയ യൂണിറ്റ് പകുതി വിലയ്ക്ക് ലഭിക്കും. പന്നിക്കൂട് നിർമ്മാണത്തിനു 50 ശതമാനം സബ്ഡിസി അനുവദിക്കുന്നു.

9 **മുയൽ വളർത്തൽ പദ്ധതി**

ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ മുയൽ വളർത്തൽ വ്യാപകമാക്കി താൽപര്യമുള്ള കർഷകർ ന്യായമായ വിലയ്ക്ക് വിതരണം ചെയ്ത് മുയലിറച്ചിയുടെ ലഭ്യത വർദ്ധിപ്പിക്കാനുള്ളതാണ് ഈ പദ്ധതി.

10 **വീട്ടുവളപ്പിലെ കോഴിവളർത്തൽ**

കുറഞ്ഞ ചെലവിൽ വീടുകളിൽ തന്നെ മുട്ട ഉൽപാദിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതിയാണിത്. ഇതിൽ 45 ദിവസം മാത്രം പ്രായമുള്ള അഞ്ച് മുട്ട കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നു. ഓരോ കോഴിക്കും 15 രൂപ വീതം സബ്സിഡി നൽകുന്നു.

11 **താറാവ്കൃഷി വികസനം**

വീട്ടുവളപ്പിലെ താറാവ്കൃഷി വിപുലീകരിക്കുന്നതിനായി ഒരു മാസം പ്രായമുള്ള താറാവു കുഞ്ഞുങ്ങളെ 50 ശതമാനം സബ്ഡിസി നിരക്കിൽ നൽകുന്നു.

12 **കാട വളർത്തൽ പദ്ധതി**

13 **ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ**

കർഷകർക്ക് സങ്കരജനുസ്സിൽപ്പെട്ട കന്നുകുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാം.

14 **സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും**

സ്വകാര്യ മേഖലയിൽ മുട്ട വിരിയിക്കൽ കേന്ദ്രങ്ങളും കോഴിവളർത്തൽ യൂണിറ്റുകളും പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് ന്യായവിലയ്ക്ക് നൽകുന്നു.

15 **ഉഴവ്മാട് വളർത്തൽ പദ്ധതി**

# വ്യവസായം

പൊഴുതന ഗ്രാമ പഞ്ചായത്ത് വൻകിട തോട്ടം വ്യവസായ മേഖലയാണ്

1897 ൽ നിലവിൽ വന്ന അച്ചൂർ എസ്റ്റേറ്റ്, 1920 ൽ നിലവിൽ വന്ന കുറിച്ച്യർമല പ്ലാൻേറഷൻ, 1976 ൽ നിലവിൽ വന്ന ഗവ: പദ്ധതിയായ സുഗന്ധഗിരി പ്രോജക്റ്റ്. മറ്റ് വഹിത, ഇടം,തുടങ്ങിയ ചെറുകിട തോട്ടങ്ങൾ എന്നിവ, ഈ മേഖലയിൽ പ്രവർത്തിച്ച് വരുന്നു. ചെറുകിട വ്യവസായമേഖലയിൽ പൊഴുതന ഗ്രാമ പഞ്ചായത്ത് വളരെ പിറകിലാണ്, തോട്ടം വ്യവസായമല്ലാത്ത മറ്റ് വൻകിട വ്യവസായങ്ങളും പഞ്ചായത്തിലില്ല. 1940 കാലം വരെ നിലനിന്ന വയനാടിൻെറ വിവിധ മേഖലയിലേക്ക് പൊഴുതന കേന്ദ്രീകരിച്ച് കന്നുകാലി ചന്ത നിലവിൽ വന്നിരുന്നു.

അത്തിമൂല കേന്ദ്രീകരിച്ച് ഇപ്പോൾ അടച്ച്കിടക്കുന്ന കെ. എഫ്. സി.യുടെ സഹായ ത്തോടെയുള്ള ഓട് നിർമ്മാണ ഫാക്ടറിയും. ചെറുകിട ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും ഇപ്പോൾ നിലവിൽ ഉള്ളവയാണ്. സഹകരണ മേഖലയിലോ മറ്റ് ധനസഹായപദ്ധതി വഴിയോ പ്രവർത്തിക്കുന്ന ചെറുകിട വൻകിട വ്യവസായങ്ങൾ ഇല്ല. പരമ്പരാഗത കൈതൊഴിലുകാർ ഉണ്ടെങ്കിലും നിർജീവമായ അവസ്ഥയാണ് ഉള്ളത്.

പട്ടിക 1

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു | സ്ത്രീ | ആകെ |
| അച്ചൂരാനം എസ്റ്റേറ്റ് | 81 | 1292 | 1373 |
| കുർച്യാർമല പ്ലാൻേറഷൻ | | 353 | 509 |
| വഹിത | | 26 | 100 |
| ഇടം | | 10 | 50 |
| ഓട് ഫാക്ടറി | | 100 | — |
| ഇഷ്ടിക നിർമ്മാണം | | 150 | — |
| സുഗന്ധഗിരി ഗവ. പ്രോജക്ട് | 320 | 394 | 714 |

## സ്ത്രി പങ്കാളിത്തം.

തോട്ടം വ്യവസായ മേഖലയിൽ പുരുഷനെക്കാൾ സ്ത്രീകളാണ് ജോലിചെയ്യുന്നത്. തയ്യൽ യൂണിറ്റുകൾ ഇഷ്ടിക—ഓട് നിർമ്മാണ മേഖലയിലും,പായ,കുട്ട നെയ്ത്തുകൾ തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലയിലും

സ്ത്രീപങ്കാളിത്തം ഉണ്ട്. എന്നാൽ സ്ത്രീകളുടെ പങ്കാളിത്തം വിപുലമാവേണ്ട മേഖലകളിൽ ശ്രദ്ധപതിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

ചതുരശ്ര 71.30 ചതുരശ്ര കി.മി. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 16229 ജനസംഖ്യ ഉണ്ട്. പഞ്ചായത്ത് രണ്ട് ഭാഗങ്ങളായാണ് കിടക്കുന്നത്. ഒന്ന്,മൂന്ന് വാർഡുകൾ പൂർണമായും തോട്ടം മേഖലയാണ് 2—6—7 വാർഡുകൾ ചില ഭാഗങ്ങൾ മാത്രമെ തോട്ടം മേഖലയായി നിലനിൽക്കുന്നുള്ളു. ബാക്കിയുള്ള ഭാഗങ്ങൾ കാർഷിക മേഖലയാണ്.

വ്യവസായ വളർച്ചക്ക് ആവിശ്യമായ ഭൗതിക സൗകര്യങ്ങൾ ധാരാളം ലഭ്യമാണ്, എങ്കിലും പ്രദേശത്തിലെ ജനങ്ങളുടെ അവിശ്യവസ്തുക്കളുടെ നിർമ്മാണരംഗത്തേക്ക് കടന്ന് വരാൻ സാധിച്ചിട്ടില്ല. ഗതാഗതം, വൈദ്യുതി തുടങ്ങിയ മേഖലയിലെ ബാലാരിഷ്ടത മാറ്റിയെടുക്കണം, ഉയർന്ന ആരോഗ്യ പരിരക്ഷയും നിരക്ഷരതാനിർമ്മാർജ്ജനത്തിന് വളരെയേറെ ശ്രദ്ധിച്ചാൽ മാത്രമെ വ്യവസായിക മേഖലയിൽ വളർച്ച ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു. വ്യവസായ മേഖലയിലെ വളർച്ചക്ക് തടസ്സം പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾ നിലനിൽക്കുന്നത് കൊണ്ടാണ്.

## പ്രശ്നങ്ങൾ

1. വൈദ്യുതി പഞ്ചായത്തിൽ എല്ലാ മേഖലയിലും എത്താത്തത്
2. ഗതാഗതരംഗത്തുള്ള ഇന്നത്തെ അവസ്ഥ
3. നിരക്ഷരത നിലനിൽക്കുന്നതുകൊണ്ട്
4. വനിതാ പങ്കാളിത്തം തോട്ടം മേഖല ഒഴികെ ഇല്ലാത്ത അവസ്ഥ
5. സാങ്കേതിക വിജ്ഞാന രംഗത്തെ കുറവുകൾ
6. സാങ്കേതിക പരിശീലനം, സാമ്പത്തിക സഹായ രംഗത്തെ അപര്യാപ്തത, പ്രേരണ കുറവ്.
7. ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ടുകൾ
8. പരമ്പരാഗത വ്യവസായ മേഖലയിലെ പശ്ചാത്തലസൗകര്യങ്ങളുടെ പ്രശ്നങ്ങൾ.

## സാധ്യതകൾ

വിദ്യാഭ്യാസരംഗത്തും മറ്റ് വികസന മേഖലയിലും വ്യവസായ വികസന രംഗത്തും പിന്നോക്കം നിൽക്കുന്ന അവസ്ഥയാണ് പഞ്ചായത്തിനുള്ളത്.

ചെറുകിട വ്യവസായ മേഖലയിൽ സാധ്യതയും വിപണനവും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

## വനിത രംഗം

ചെറുകിട വ്യവസായ യൂണിറ്റുകളിൽ വനിത രംഗത്ത് ഒരു സഹകരണ യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് താഴെ പറയുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

ടൈലറിംഗ് യൂണിറ്റ്, ബുക്ക് ബൈൻറിംഗ്, നോട്ട്ബുക്ക് നർമ്മാണം, പപ്പടം, അച്ചാറ്, കറി പൗഡർ നിർമ്മാണം, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ടൈപ്പ്റൈറ്റിംഗ് സഹകരണ സംഘം കരകൗശലവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ വനിതകളെ പങ്കാളികളാക്കി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

പട്ടുനൂൽ, മൾബറി, കൂൺ തുടങ്ങിയ മേഖലയിലും പരമ്പരാഗത മേഖലയായ കുട്ട—പായ—ചൂൽ നിർമ്മാണ മേഖലയിലും വനിതകളെ പങ്കാളിയാക്കാവുന്നതാണ്.

## കയർ നിർമ്മാണ യൂണിറ്റ്

പഞ്ചായത്തിൽ ഇപ്പോൾ ഉപയോഗശൂന്യമായ തേങ്ങാചകിരികൾ ഉപയോഗിച്ച് ഒരു കയർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോള സാധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| | 1 | റെഡിമെയ്ഡ് നിർമ്മാണം |
| | 2 | കറി പൗഡർ നിർമ്മാണം |
| | 3 | അച്ചാറ്, പപ്പടം നിർമ്മാണം |
| | 4 | മെഴുകുതിരി നിർമ്മാണം |
| | 5 | ബുക്ക് ബൈൻറിംഗ് |
| | 6 | നോട്ടുബുക്ക് നിർമ്മാണം |
| | 7 | സോപ്പ് നിർമ്മാണം |
| | 8 | ടൈപ്പ്റൈറ്റിംഗ് പഠന കേന്ദ്രം |
| | 9 | പട്ടുനൂൽപുഴു കൃഷി |
| | 10 | കയർ നിർമ്മാണം |
| | 11 | കുട്ട—പായ—ചൂൽ |

നിർമ്മാണം
12 കൂൺകൃഷി
13 കക്ക നീറ്റുക
14 തേൻ സംഭരണം
15 കരകൗശല നിർമ്മാണം
16 പഴവർഗങ്ങളുടെ ജാം
17 കോഴി വളർത്തൽ
18 മുയൽ വളർത്തൽ
19 തേനീച്ച വളർത്തൽ
20 പുഷ്പകൃഷി
21 കുട നിർമ്മാണം

## വനിത

1 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
2 അലക്ക് സോപ്പ്
3 അച്ചാർ, പപ്പടം
4 കരകൗശലവസ്തു

| | | |
|---|---|---|
| വനിത | 1 | മെഴുകുതിരി |
| സഹകരണ | 2 | ബുക്ക് ബൈൻറിംഗ് |
| സംഘം | 3 | ടൈപ്പ്റൈറ്റിംഗ് |
| | 4 | നോട്ട്ബുക്ക് |

| | |
|---|---|
| സഹകരണ | കക്കനീറ്റൽ |
| സംഘം | കയർ നിർമ്മാണം |
| ജനറൽ | ചുക്ക്—പാൽ—പഴം സംസ്കരണം |
| | മോട്ടോർ എഞ്ചിനീയറിംഗ് |
| | ഈർച്ചമിൽ |

| | |
|---|---|
| പട്ടികജാതി സഹകരണസംഘം | തേൻ സംഭരണം |
| | ആയുർവ്വേദ മരുന്ന് |

## പഴങ്ങളുടെ സംസ്കരണം

വാഴപ്പഴം, മാങ്ങ, ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങൾ ശേഖരിച്ച് ചിപ്സ്, ജാം നിർമ്മാണം ആരംഭിക്കുക.

പാൽ സംസ്കരണ കേന്ദ്രം സ്ഥാപിക്കുക

ഫർണിച്ചർ, മറ്റ് ആവശ്യങ്ങൾക്കു വേണ്ടി തടി ഈർച്ചമിൽ സ്ഥാപിക്കുക

ടൂറിസം

സുഗന്ധഗിരി കേന്ദ്രീകരിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കുന്ന സംവിധാനം ചെയ്യുക.

## ഖാദി മേഖല

തേൻ സംഭരണം, കരകൗശല നിർമ്മാണം തുടങ്ങിയവക്ക് ഖാദി മേഖലയിൽ സഹായം ചെയ്യുക.

പച്ചമരുന്ന് വെച്ചുപിടിപ്പിച്ച് സംസ്കരിച്ച് ആയുർവേദമരുന്ന് നിർമ്മാണം

## വൈദ്യുതി

കുറിച്യർമലയും സുഗന്ധഗിരിയും കേന്ദ്രീകരിച്ചു രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക. നിലവിൽ ഉള്ള ട്രാൻസ്ഫോറമറുകൾ കുറ്റമറ്റതാക്കാൻ കഴിയണം.

ഒരു മോട്ടോർ എഞ്ചിനീയറിംഗ് പഠനകേന്ദ്രം സ്ഥാപിക്കുക.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനാവശ്യമായ പശ്ചാത്തല സൗകര്യം ചെയ്യുക.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. മോട്ടോർ എഞ്ചിനീയറിംഗ് കോംപ്ലക്സ്
2. കറി പൗഡർ നിർമ്മാണം
3. അച്ചാർ, പപ്പട നിർമ്മാണം
4. കാപ്പിപ്പൊടി നിർമ്മാണം
5. സോപ്പ്, മെഴുകുതിരി നിർമ്മാണം
6. ഈർച്ചമിൽ സ്ഥാപിക്കുക
7. കൂൺകൃഷി, കൊക്കൂൺ വളർത്തൽ
8. റെഡിമെയ്ഡ് നിർമ്മാണം
9. ചുക്ക്, പാൽ നിർമ്മാണം
10. കരകൗശലവസ്തു നിർമ്മാണം

## നിർദ്ദേശങ്ങൾ

1. കാപ്പി പൊടിച്ച് ഇൻസ്റ്റൻറ് കോഫി വ്യവസായം സ്ഥാപിക്കുക
2. വലിയപാറ കേന്ദ്രീകരിച്ച് ഒരു ധാന്യങ്ങൾ പൊടിക്കുന്ന മിൽ സ്ഥാപിക്കുക
3. ചെറുകിട തേയിലതോട്ട ഉടമകളെ സഹായിക്കാൻ ഒരു ഫാക്ടറി സ്ഥാപിക്കുക
4. തേയില ചെടിയുടെ മിക്സിംഗ് കേന്ദ്രം സ്ഥാപിക്കുക

5. കുമ്മായം—നീറ്റുകക്ക നീറ്റൽ കേന്ദ്രം സ്ഥാപിക്കുക
6. വ്യവസായം തുടങ്ങാൻ താത്പര്യം ഉള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുക. പരിശീലനവും പ്രേരണയും അവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
7. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് താൽപര്യമുള്ളവർക്ക് സാദ്ധ്യതയുള്ള വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പദ്ധതി നടപ്പിലാക്കാനും മാനേജ്മെൻറ് തല സഹായം ചെയ്യാൻ ഉപദേശക ഓഫീസറെ നിയമിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

# വിദ്യാഭ്യാസം

മലമടക്കുകളെ കീറിമുറിച്ച് കൊടുംവളവുകൾ താണ്ടി ബ്രിട്ടീഷുകാരുണ്ടാക്കിയ താമരശ്ശേരി ചുരം കയറി സമുദ്രനിരപ്പിൽ നിന്നും 2100 അടി മുകളിലെത്തിയാൽ പച്ച പരവതാനിയിൽ ഉല്ലസിച്ച് നിൽക്കുന്ന കോഴിക്കോടിൻെറയും കണ്ണൂരിൻെറയും ഓമനപുത്രിയായ വയനാട് ജില്ല. ജില്ലയുടെ കവാടത്തിൽ നിന്നും നേരെ വന്നാൽ വൈത്തിരി പഞ്ചായത്തിൻെറ അടുത്തെത്തും. ഇടത്തേക്കുള്ള റോഡ് പഴശിരാജയുടെ ചുടുചോര വീണ മാനന്തവാടിയിലേക്കാണ്. ആ വഴിയിലൂടെ രണ്ട് കിലോമീറ്റർ സഞ്ചരിച്ചാൽ 12ാം പാലത്തിൽ നിന്നും പൊഴുതന പഞ്ചായത്ത് ആരംഭം. വയനാടിൻെറ തലസ്ഥാനമായ കൽപ്പറ്റയിൽ നിന്നും 17 കിലോമീറ്റർ തെക്കുപടിഞ്ഞാറ് മാറി മലമടക്കുകൾക്ക് കീഴെ കൊയിലാണ്ടി താലൂക്കിനോട് ചേർന്നുകിടക്കുന്നു; പൊഴുതന. ഇവിടെയുള്ള ജനത സായിപ്പന്മാരുടെയും കങ്കാണിമാരുടെയും മർദ്ദനത്തിൽ നിന്നും മരം കോച്ചുന്ന തണുപ്പിൽ നിന്നും മലമ്പനിയിലും പടപൊരുതി മോചിതമായെങ്കിലും മനസ്സ് വിദ്യാഭ്യാസകാര്യത്തിൽ മരവിച്ചിരിക്കുകയാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് 1922ൽ മലബാർ ജില്ലയും വയനാട് താലൂക്കുമായിരുന്ന കാലത്ത് പൊഴുതന ഇടത്തിലെ അച്യുതക്കുറുപ്പ് സ്വന്തമായി കെട്ടിടമുണ്ടാക്കി 6 രൂപ പ്രകാരം വാടക കൊടുത്താണ് മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിൽ അഞ്ചാം തരം വരെയുള്ള മാപ്പിള എൽ.പി. സ്കൂൾ സ്ഥാപിതമായത്. 74 വർഷം കഴിഞ്ഞപ്പോഴും ഇടിഞ്ഞ് വീഴാറായ കെട്ടിടത്തിൽ അച്ചൂരാനം എൽ.പി. സ്കൂളായി 30 സെൻറ് സ്ഥലത്ത് തുടരുകയാണ് ഈ സ്ഥലം ഇടത്തിൽ നാരായണക്കുട്ടി അമ്മ വിട്ടുതന്നതാണ്.

ഈ കാലഘട്ടത്തിൽ തന്നെ പഞ്ചായത്തിൻെറ എട്ടാം വാർഡിൽ 37 സെൻറ് സ്ഥലത്ത് പുനത്തിൽ മമ്മദുഹാജി സ്വന്തം കെട്ടിടമുണ്ടാക്കി വാടക്ക് കൊടുത്താണ് മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിൽ പീണങ്ങോട്ട് എൽ.പി. സ്കൂൾ സ്ഥാപിതമായത്. പിന്നീട് എം.കെ. പത്മപ്രഭ ഗൗഡർ ഒരു ഏക്കർ സ്ഥലം ഗവൺമെൻറിലേക്ക് വിട്ടുകൊടുക്കുകയും പിണങ്ങോട്ട് യു.പി. സ്കൂളാവുകയും ചെയ്തു. വെങ്ങപ്പള്ളി പഞ്ചായത്തിനോട് ചേർന്നുകിടക്കുന്നതിനാൽ ആ പ്രദേശങ്ങളിലുള്ള കുട്ടികളാണ് കൂടുതലും പഠിക്കുന്നത്. ഇപ്പോഴും പഴയ കെട്ടിടത്തിൽ വരെ ക്ലാസുകൾ നടത്തപ്പെടുന്ന ശോചനീയാവസ്ഥയാണുള്ളത്. ഇതിനുപുറമെ പി.ടി. ഭാസ്കരപണിക്കർ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടും പി.വി.എസ്. മുസ്തഫ പൂക്കോയ തങ്ങൾ ഡിസ്ട്രിക്ട് ബോർഡ് മെമ്പറുമായിരുന്ന കാലത്ത് അദ്ദേഹത്തിൻെറ

ശ്രമഫലമായി അച്ചൂരിൽ ഒരു ഏകാദ്ധ്യാപക സ്കൂൾ പാസായി അച്ചൂർ മദ്രസാ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് മദ്രസാ കെട്ടിടത്തിനോട് ചേർന്ന ഓല ഷെഡിലേക്ക് സ്കൂൾ മാറ്റി. 1976ൽ യു.പി. സ്കൂൾ അനുവദിച്ചു. അച്ചൂർ എസ്റ്റേറ്റ് മാനേജരായിരുന്ന ഐ.എം. തിമ്മയ്യ എന്ന മാനേജർ വിദ്യാഭ്യാസകാര്യത്തിൽ താൽപര്യം പ്രകടിപ്പിക്കുകയും എസ്റ്റേറ്റ് തൊഴിലാളികളിൽ നിന്നും രണ്ട് ദിവസത്തെ കൂലി പിരിപ്പിച്ച് എസ്റ്റേറ്റ് കോൺട്രാക്ടറായിരുന്ന മൂസ്സ മേസ്തിരിയെ കൊണ്ട് കരാർ പ്രകാരം നാല് മുറി കെട്ടിടമുണ്ടാക്കിയാണ് യു.പി. സ്കൂൾ ആരംഭിച്ചത്. പിന്നീട് നാട്ടുകാർ ഹൈസ്കൂളിന് വേണ്ടി മുറവിളികൂട്ടുകയും അന്നത്തെ ജില്ലാ തലസ്ഥാനമായ കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിന് മുമ്പിൽ സമരം സംഘടിപ്പിച്ചതിൻെറ ഫലമായി 1980ൽ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അച്ചൂരിൽ ഹൈസ്കൂൾ പാസായി. അന്നത്തെ പി.ടി.എ.യുടെയും പഞ്ചായത്തിൻെറയും തോട്ടം തൊഴിലാളികളുടെയും സാധാരണക്കാരൻെറയും സഹായത്താൽ പുതിയ കെട്ടിടമുണ്ടാക്കി സ്കൂൾ ആരംഭിച്ചു. പഞ്ചായത്തിലെ മറ്റ് എൽ.പി. സ്കൂളുകൾ 1973ൽ കുർച്ച്യർ മലയിലും വലിയപാറയിലും പ്രവർത്തനമാരംഭിച്ചു. കുർച്ച്യർ മല എസ്റ്റേറ്റ് മാനേജ്മൻറ് ഒരു ഏക്കർ സ്ഥലവും വലിയപാറ മദ്രസാ കമ്മിറ്റി 70 സെൻറ് സ്ഥലവും താൽക്കാലികകെട്ടിടവും നൽകി. കൂടാതെ പഞ്ചായത്തിലെ മൂന്ന് സ്കൂളുകൾ ആദിവാസി പ്രൊജക്ടായ സുഗന്ധഗിരിയിൽ 1987ൽ ആരംഭിച്ച പ്രൊജക്ടാണ് സ്ഥലം നൽകിയത്. സുഗന്ധഗിരി എൽ.പി. പിന്നീട് യു.പി. സ്കൂളായി. സുഗന്ധഗിരി പദ്ധതിപ്രദേശത്ത് ചേർന്നുകിടക്കുന്നതിനാൽ ഈ പ്രദേശങ്ങളിലെ കുട്ടികളാണ് കൂടുതലും. മറ്റ് എൽ.പി. സ്കൂൾ ഒന്ന് വൃന്ദാവനിലും അംബയിലുമാണ്. ആദിവാസി കുട്ടികളാണ് കൂടുതലും പഠനം നടത്തുന്നത്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ അച്ചൂർ ഹൈസ്കൂളിന് പതിനാറ് വർഷമായെങ്കിലും വിജയശതമാനം 13 ശതമാനത്തിൽ കൂടുതലാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ വിദ്യാഭ്യാസം മേൽപറഞ്ഞ മരവിപ്പിൽ ആയതിൻെറ കാരണങ്ങൾ പലതാണ്. പ്രാഥമിക വിദ്യാഭ്യാസമില്ലാത്ത എസ്റ്റേറ്റ് തൊഴിലാളികളും കർഷകതൊഴിലാളികളും ആദിവാസികളുമാണ് പഞ്ചായത്തിൽ മുഴുവനും. പതിനെട്ട് വയസ്സായാൽ എസ്റ്റേറ്റിൽ സ്ത്രീകൾക്ക് ചപ്പ് നുള്ളാനും പുരുഷന്മാർക്ക് മറ്റ് ജോലികളും കിട്ടുമെന്ന ബോധവുമാണ് ഈ അജ്ഞതക്ക് കാരണം.

18500ൽ കൂടുതൽ ജനങ്ങളുള്ള പഞ്ചായത്തിൽ എഴുനൂറോളം വിദ്യാർത്ഥികൾ പഞ്ചയാത്തിന് പുറത്തുള്ള സ്കൂളുകളിലാണ് പിടിക്കുന്നത് പഞ്ചായത്തിലെ വിദ്യാഭ്യാസ കുറവുകളാണ് ഇതിന് കാരണങ്ങൾ. പഞ്ചായത്തിൽ വിദ്യാസമ്പന്നരുടെ അഭാവം വളരെ കൂടുതലാണ്. എട്ട് സ്കൂളുകളിലായി 98 അദ്ധ്യാപകർ പഠിപ്പിക്കുന്നതിൽ വെറും രണ്ട് പേർ മാത്രമാണ് ഈ പ്രദേശത്തുകാർ. ഗവൺമെൻറ് സ്കൂളുകളായതിനാൽ അദ്ധ്യയനം ശരിയായി നടക്കാറില്ല. സ്കൂളുകൾക്കാവശ്യമായ ഫർണീച്ചറുകൾ, കെട്ടിട സൗകര്യങ്ങൾഎന്നിവ ഇല്ല. കൂടാതെ പഞ്ചായത്തിന് പുറത്തുനിന്ന് വരുന്ന അദ്ധ്യാപകർ രക്ഷിതാക്കളുമായി ആശയ വിനിമയം നടത്താറില്ല. അദ്ധ്യാപകരുടെ മക്കളെ പഞ്ചായത്തിന് പുറത്ത് നിലവാരമുള്ള സ്കൂളുകളിൽ പഠിപ്പിക്കുകയും ഇവിടെ എന്തായാലും നന്നാവില്ല എന്ന മുൻവിധിയോടുള്ള പ്രവർത്തനവും വിദ്യാഭ്യാസ തകർച്ചക്ക് കാരണമാണ്.

അദ്ധ്യാപകനിയമനം കൃത്യമായി നടക്കാത്തതും പാഠപുസ്തകം കൃത്യമായി ലഭിക്കാത്തതും അദ്ധ്യാപകർ ഹാൻഡ് ബുക്ക് ഉപയഗിക്കാത്തതും തലേ ദിവസം പാഠങ്ങൾ പ്രിപ്പയർ ചെയ്യാത്തതും മേൽ ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാത്തതും വിദ്യാഭ്യാസതകർച്ചക്ക് കാരണങ്ങളാണ്. കൂടാതെ രക്ഷിതാക്കൾ അദ്ധ്യാപകരുമായി കുട്ടികളുടെ പഠനകാര്യത്തിൽ അന്വേഷണം നടത്താത്തതും പഴയ അദ്ധ്യാപകരെ പോലെ പഠിപ്പിക്കുന്നത് തൻെറ കടമയാണ് എന്ന ബോധം അദ്ധ്യാപകർക്കില്ലാത്തതും വിദ്യാഭ്യാസതകർച്ചയെ എടുത്തുകാണിക്കുന്നു. ഇതിനുപുറമെ പ്രൈമറി വിദ്യാഭ്യാസം ലോകബാങ്കിൻെറ സഹായത്തോടെ നടപ്പാക്കിയ ഡി.പി.ഇ.പി. പദ്ധതി ഗ്രാമപഞ്ചായത്തിൽ രണ്ടര വർഷമായിട്ടും യാതൊരു ഗുണവും ചെയ്തിട്ടില്ല. സ്കൂളുകളിൽ പോകാത്ത പണിയ, നായ്ക്ക കുട്ടികളെ സ്കൂളുകളിൽ

എത്തിക്കാൻ പോലും കഴിഞ്ഞിട്ടില്ല. രക്ഷിതാക്കളുടെയും ശ്രദ്ധ ഈ കാര്യത്തിൽ പതിയണം.

വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൽ ഒരു ട്യൂട്ടോറിയൽ കോളേജോ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടോ മറ്റ് ടെക്നിക്ക് കോളേജുകളോ ഇല്ല. പരാതികൾ ഏറെയാണ്.

ഇനി വിദ്യാഭ്യാസനിലവാരം ഉയർത്തേണ്ട കാര്യങ്ങൾ നോക്കാം. പ്രാഥമിക സൗകര്യങ്ങൾ പട്ടിക ഒന്നിലും രണ്ടിലും പറഞ്ഞതു പ്രകാരം സ്ഥലവും കെട്ടിടം, ഫർണീച്ചർ, മൂത്രപ്പുര, ഗ്രൗണ്ട് എന്നീ സകര്യങ്ങളും പൂർത്തിയാക്കണം.

അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള അനുപാതം ഒരു അദ്ധ്യാപകന് 25 കുട്ടികൾ എന്നാക്കുകയും രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യബോധത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും, വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധമാക്കുക, എൽ പി. സ്കൂളോടുചേർന്ന് ഗവൺമെൻറ് അദ്ധ്യാപകരെ നിയമിച്ച് ശമ്പളം നൽകി പ്രീപ്രൈമറി സ്കൂളുകൾആരംഭിക്കുക. എൽ.പി. സ്കൂൾ പാഠഭാഗങ്ങൾ ലഘൂകരിക്കുകയും കഴിവുള്ള അദ്ധ്യാപകരെ തിരഞ്ഞെടുത്ത് എൽ.പി. സ്കൂളിൽ നിയമിക്കുക, ഹോൾ പ്രമോഷൻ അവസാനിപ്പിച്ച് നാലാംതരത്തിലും ഏഴാം തരത്തിലും പബ്ലിക് പരീക്ഷ ഏർപ്പെടുത്തുക, രണ്ട് കിലോമീറ്റർ ഇടവിട്ട് എൽ.പി. സ്കൂളുകൾ സ്ഥാപിക്കുക, പട്ടിക മൂന്ന് പ്രകാരം സ്കൂളുകൾക്ക് മുൻഗണനാ ക്രമത്തിൽ സ്ഥാപിക്കുക, ഹൈസ്കൂളിനോട് ചേർന്ന എൽ.പി. സ്കൂൾ പ്രത്യേക ഹെഡ്മാസ്റ്ററുടെ കീഴിലാക്കുക, പത്താം തരം വരെ നിർബന്ധമായും മലയാളം ഒന്നാം ഭാഷയാക്കുക.

പട്ടിക മൂന്നിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ എൽ.പി, യു.പിയായും യു.പി. ഹൈസ്കൂളായും ഉയർത്തുക. അച്ചൂര് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സും കമ്പ്യൂട്ടർ പഠനവും ആരംഭിക്കുക, പഞ്ചായത്തിൽ ഒരു കോളേജ് ആരംഭിക്കുക, പഞ്ചായത്തു പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ അദ്ധ്യാപകരെയും പി.ടി.എ. ഭാരവാഹികളെയും ഉൾപ്പെടുത്തി സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് പ്രവർത്തനം നടത്തുക. പട്ടിക നാലിൽ പറഞ്ഞിരിക്കുന്ന അത്രയും ആദിവാസി ഹരിജന (എസ്സി/എസ്.ടി) വിദ്യാർത്ഥികൾ ഉള്ളതിനാൽ അവർക്കാവശ്യമായ പുസ്തകം, ഡ്രസ്, കുട എന്നിവ സൗജന്യമായി നൽകുകയും ഒരു പട്ടികജാതി ഹോസ്റ്റൽ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യുക, പട്ടികജാതി പട്ടികവർഗ ഡിപ്പാർട്ടമെൻറുകൾ യോജിച്ച് എസ്.സി/എസ്.ടി. വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ സഹായിക്കുക, വളണ്ടിയർമാരെ നിയമിച്ച് കുട്ടികളെ സ്കൂളിൽ എത്തിക്കാൻ ശ്രമിക്കുക, മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുമ്പോഴുള്ള അപകർഷതാബോധം ഇല്ലാതാക്കാൻ അവരുടെ കലാകായിക മത്സരങ്ങൾ മറ്റ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി നടത്തുക.

പഞ്ചായത്തിൽ പന്ത്രണ്ടോളം സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള അംഗൻവാടികളും അഞ്ച് എസ്റ്റേറ്റ് ബാലവാടികളും ഉണ്ട്. അവിടെ നിർബന്ധമായുള്ള അക്ഷരം പഠിപ്പിക്കൽ നിർത്തി കുട്ടികൾക്ക് മാനസികമായും ശാരീരികമായും വളർച്ചയ്ക്കുതകുന്ന വിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കുക, കറുവൻതോട് മൈലും പാഞ്ഞി, ചാത്തോത്ത്, 22ൽ നാലം നമ്പർ ലക്ഷംവീട് കോളനി, വലിയപ്പാറ, കൽക്കോറിക്ക് സമീപം, മുത്താറിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ അംഗൻവാടി സ്ഥാപിക്കുക.

കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികളെ ഉയർത്തി എടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ അഞ്ച് വർഷം കൊണ്ട് വിദ്യാഭ്യാസനിലവാരം ഉയർത്താനും പഞ്ചായത്തിന് പുറത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികളെ തിരിച്ചുകൊണ്ടുവരാനും കഴിയും. കൂടാതെ പൊതുജനങ്ങളുടെ സഹായത്തോടെ സാക്ഷരതാപ്രവർത്തനം അടുക്കും ചിട്ടയോടും കൂടി പൂർണ്ണതയിലെത്തിക്കുകയും വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്ത് ഇടപെടുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്യണം.

## എ. പ്രാഥമികസൗകര്യങ്ങൾ

1. പട്ടിക ഒന്നിൽ പറഞ്ഞ സ്കൂളുകൾക്ക് സ്ഥലം അക്വയർ ചെയ്യുക.
2. പ്രത്യേകം പ്രത്യേകം ക്ലാസ് മുറികളോട് കൂടിയ കെട്ടിടം പണിയുക.
3. പട്ടിക രണ്ടിൽ പറഞ്ഞിരിക്കുന്ന ഫർണീചറുകൾ ഓരോ സ്കൂളിനും നൽകുക.

4. പട്ടിക ഒന്നിൽ പറഞ്ഞിരിക്കുന്ന കക്കൂസ്, കുളിമുറി, കളി സ്ഥലം, കഞ്ഞിപ്പുര എന്നിവ നിർമ്മിക്കുക,

5. കുടിവെള്ളം പൈപ്പ് മുഖേന എടുക്കാനുള്ള സൗകര്യം ചെയ്യുക.

6. ലബോറട്ടറി—ലൈബ്രറി എന്നിവ സ്ഥാപിക്കുക.

## ബി. പഠനരീതി

1. മുഴുവൻ എൽ.പി. സ്കൂളിനോടും ചേർന്ന് ഗവൺമെൻറ് തലത്തിൽ പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുക.

2. ഹോൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുക.

3. മലയാളം ഒന്നാംതരം മുതൽ പത്താം തരം വരെ നിർബന്ധമാക്കുക.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുക.

5. ജൂൺ മാസത്തിനുള്ളിൽ മുഴുവൻ ടെസ്റ്റ് പുസ്തകങ്ങളും സ്കൂളിൽ എത്തിക്കുക.

6. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടു പുസ്തകങ്ങളും അവശ്യ പഠനോപകരണങ്ങളും സൊസൈറ്റി മുഖേന വിതരണം ചെയ്യുക.

7. മുഴുവൻ അദ്ധ്യാപകർക്കും ഹാൻഡ് ബുക്ക് നിർബന്ധമാക്കുക.

8. ഡിഗ്രിക്കാരെ മാത്രം ടി.ടി.സി. കോഴ്സിന് തെരഞ്ഞെടുക്കുക.

9. ഡി.പി.ഇ.പി. പ്രവർത്തനം പഞ്ചായത്തിനെ ഏൽപിക്കുകയും ഫണ്ട് പഞ്ചായത്ത് മുഖാന്തരം വിതരണം ചെയ്യുക.

## സി. അദ്ധ്യാപകരുടെ നിയമനവും പ്രവർത്തനവും

1. ജൂൺ മാസത്തിന് മുമ്പ് അദ്ധ്യാപകനിയമനം പൂർത്തിയാക്കുക. ജൂൺ മാസത്തിന് മുമ്പ് അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്യാതിരിക്കുക.

2. സ്കൂളിൽ ഹെഡ്മാസ്റ്റർമാരെ 3 വർഷത്തേക്ക് നിർബന്ധമായും നിയമിക്കുക.

4. എംപ്ലോയ്മെൻറ് മുഖേനയുള്ള അദ്ധ്യാപകനിയമനം പഞ്ചായത്ത് പ്രസിഡണ്ട്, പി.ടി.എ. പ്രസിഡണ്ടുമാരുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, എൽ.പി, യു.പി, ഹൈസ്കൂളുകളിലെ ഓരോ ഹെഡ്മാസ്റ്റർമാർ എനിവരടങ്ങിയ ബോർഡിനെ ഏൽപിക്കുക.

5. പത്ത് ദിവസത്തിൽ കൂടുതൽ ലീവ് എടുക്കുന്ന അദ്ധ്യാപകർക്ക് പകരം ഡെയിലി വേജസിന് അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം പഞ്ചായത്ത് ബോർഡിന് നൽകുക.

6. പഞ്ചായത്ത് തലത്തിൽ എൽ.പി, യു.പി, ഹൈസ്കൂൾ തലത്തിൽഏറ്റവും നല്ല അദ്ധ്യാപകരെ തെരഞ്ഞെടുത്ത് അവാർഡ് നൽകുക.

## ഡി) സ്കൂൾ പരിശോധന

1. ജൂൺ മാസത്തിൽ തന്നെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കുക.

2. എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ തുടങ്ങിയ മേലുദ്യോഗസ്ഥർ പഠനരീതിയിൽ പരിശോധന നടത്തുക.

3. എ.ഇ.ഒമാർക്ക് വാഹനം നൽകുക.

4. പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്ത് മെമ്പർമാരിൽ നിന്നും രണ്ടുപേർ പി.ടി.എ, മദർ പി.ടി.എ എന്നിവയിൽ നിന്ന് രണ്ട് പ്രതിനിധികൾ ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് ഉണ്ടാക്കി ആഴ്ചയിൽ ഒരു ദിവസം സ്കൂളുകൾ സന്ദർശിക്കുക.

## ഇ) കലാകായിക രംഗം

1. എൽ.പി. ക്ലാസുകളിൽ നിന്നുതന്നെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.

2. ക്ലാസ് അടിസ്ഥാനത്തിൽ കലാകായികരംഗത്ത് മത്സരം നടത്തി വിദ്യാർത്ഥികളെ സെലക്ട് ചെയ്ത് പരിശീലനം നടത്തുക.

3. പഞ്ചായത്തടിസ്ഥാനത്തിൽ കലാകായികരംഗത്ത് വിദ്യാർത്ഥികൾക്ക് മത്സരം നടത്തുക.

4 സാഹിത്യസമാജം സ്കൂളിൽ നിർബന്ധമാക്കുക.

5. എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ് എന്നിവ സ്കൂളുകളിൽ നിർബന്ധമാക്കുക.

6. കലാകായിക രംഗങ്ങളിൽ ജില്ലാതലത്തിൽ വിജയിക്കുന്നവർക്ക് നിശ്ചിത മാർക്ക് നൽകുക.

## എഫ്) സ്വഭാവ രൂപീകരണം — അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും

1. എൽ.പി, യു.പി, ഹൈസ്കൂളിൽ യൂണിഫോം എല്ലാം ദിവസവും നിർബന്ധമാക്കുക.

2. സ്കൂൾ കോമ്പൗണ്ടിൽ അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ പുകവലി കർശനമായി നിരോധിക്കുക.

3. എൽ.പി, യു.പി. സ്കൂളുകളിൽ രാവിലെ അസംബ്ലി ചേരുക.

4. സ്കൂൾ തലത്തിൽ അച്ചടക്ക സമിതി ഉണ്ടാക്കുക.

5. അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ അച്ചടക്കസമിതിയിൽ വിളിച്ചുവരുത്തി നടപടി സ്വീകരിക്കുക.

6. സ്കൂൾ സമയത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും ഇൻറർവെൽ സമയത്തല്ലാതെ സ്കൂൾ കോമ്പൗണ്ട് വിട്ടുപോകുന്നത് കർശനമായി നിരോധിക്കുക.

7. സ്വഭാവദൂഷ്യം കാണുന്ന അദ്ധ്യാപകരുടെ പേരിൽ കർശനനടപടി സ്വീകരിക്കുക.

## ജി) പി.ടി.എ. ഫണ്ട് ശേഖരണം

1. വിദ്യാർത്ഥികളെ സ്കൂളിൽ ചേർക്കുമ്പോൾ എൽ.പി. 20, യു.പി. 30, ഹൈസ്കൂൾ 50 എന്നീ ക്രമത്തിൽ പ്രവേശന ഫീസ് നൽകുക.

2. ഒരു വർഷത്തിൽ 10 രൂപ പ്രകാരം 100 രൂപയും എൽ.പി, യു.പി. ക്ലാസുകളിൽ 5 വെച്ച് 50 രൂപയും രസീതി കൊടുത്ത് പിരിക്കുക.

3. അദ്ധ്യാപകരിൽ നിന്നും ശമ്പളത്തിൽ 20 രൂപ മാസത്തിൽ പി.ടി.എ. ഫണ്ടിലേക്ക് വാങ്ങുക.

4. കൂടുതൽ ഫണ്ട് ആവശ്യം വന്നാൽ പുറമെ നിന്ന് പിരിക്കുക.

5. ഗവൺമെൻറ് തലങ്ങളിൽ കരാർ ജോലികൾ പി.ടി.എ. നേരിട്ട് നടത്തി ലാഭം പി.ടി.എ. ഫണ്ടിലേക്ക് ചേർക്കുക.

6. പി.ടി.എ. ഫണ്ട് വിനിയോഗം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക.

## എച്ച്) പി.ടി.എ, മദർ പി.ടി.എ. പ്രവർത്തനം

1. അദ്ധ്യാപകരും വിദ്യാർത്ഥികളുമായാൽ വിദാഭ്യാസമായി എന്ന രക്ഷിതാക്കളുടെ ബോധം മാറ്റി രക്ഷിതാക്കൾക്കും ഇതിൽ പ്രധാന കടമ നിറവേറ്റാനുണ്ട് എന്ന കാര്യം മനസ്സിലാക്കി താങ്കളുടെ മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് അദ്ധ്യാപക രക്ഷാകർതൃബന്ധം ശക്തമാക്കേണ്ടത് മർമ്മപ്രധാനമാണ്. സ്കൂളിലെ പഠനനിലവാരം ഉയർത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കുനു എന്നു കണ്ടാൽ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലുമുള്ള പഠനവിമുഖത ഒഴിവാക്കാൻ കഴിയും. അച്ഛനെക്കാളും കൂടുതൽ ആത്മബന്ധം അമ്മയോടാകയാൽ മദർ പി.ടി.എ.യും സ്കൂളുമായുള്ള ബന്ധം വിദ്യാർത്ഥികളിൽ ശുചിത്വത്തിലും പഠനനില വാരത്തിലും മെച്ചമുണ്ടാക്കാൻ കഴിയും.

## ഐ) രക്ഷാകർതൃസമിതി സജ്ജമാക്കേണ്ട ചില നിർദ്ദേശങ്ങൾതാഴെ കൊടുക്കുന്നു

1. സ്കൂൾ തുറന്ന് ജൂൺ മാസത്തിൽ തന്നെ മദർ പി.ടി.എ, പി.ടി.എ. കമ്മിറ്റി രൂപീകരിക്കുക.

2. പി.ടി.എ, മദർ പി.ടി.എ. കമ്മിറ്റികൾ മാസത്തിൽ ചേരുക.

3. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് ബോധവൽകരണക്ലാസുകൾ നടത്തുക.

4. രക്ഷിതാക്കളെ മാസത്തിൽ ഒരിക്കൽ സ്കൂളുകൾ സന്ദർശിക്കാൻ പ്രേരിപ്പിക്കുക.

5. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും പി.ടി.എ, മദർ പി.ടി.എ. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ സംയുക്ത കമ്മിറ്റിയുണ്ടാക്കി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രവർത്തനം നടത്തുക.

വിദ്യാഭ്യാസകാര്യങ്ങളിൽ താൽപരൃമുള്ളവരെയും ജനപ്രതിനിധികളെയും പി.ടി.എ, മദർ പി.ടി.എ. പ്രസിഡണ്ടുമാരെയും ഉൾപ്പെടുത്തി വിദ്യാഭ്യാസ സംരക്ഷണ സമിതിയുണ്ടാക്കി പ്രവർത്തിക്കുക.

മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളും പരാതികളും 9 ഗ്രാമസഭകളിലെ വിദ്യാഭ്യാസ ചർച്ചയിൽ നിന്നും സ്കൂളുകളിൽ നിന്നും ലഭിച്ച കണക്കുകളും ചില വിദ്യാഭ്യാസതൽപരരുമായി ഉരുത്തിരിഞ്ഞതാണ്.

പൊതുവായ വിദ്യാഭ്യാസ നിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, പ്രാഥമിക സൗകര്യക്കുറവുകൾ, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നിലവാരത്തകർച്ച, വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് രക്ഷിതാക്കൾക്കുള്ള അജ്ഞത എന്നിവയെ സംബന്ധിച്ച് ഗ്രാമസഭകളിൽ ഓരോ അംഗവും തുറന്ന ചർച്ചയിലൂടെ പഞ്ചായത്തിലെ വിദ്യാഭ്യാസ

നിലവാരം വിലയിരുത്തുകയും പ്രതിവിധികൾ നിർദ്ദേശിക്കുയും ചെയ്തു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50 ശതമാനം മാത്രമേ സാക്ഷരതയുള്ളവർ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സാക്ഷരതാ പ്രവർത്തകരുടെ ആത്മാർത്ഥശ്രമത്തിൻെറ ഫലമായി 90 ശമതാനം സാക്ഷരത ഉയർത്താൻ കഴിഞ്ഞു. പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരും അദ്ധ്യാപകരും പി.ടി.എയും മാതൃസംഗമവും ഒത്തുചേർന്ന് പ്രവർത്തിച്ചാൽ വിദ്യാർത്ഥികളെയു അതുവഴി പഞ്ചായത്തിലെ ജനതയെയു സായിപ്പൻമാരുടെ കാലത്ത് മരവിച്ചുകിടക്കുന്ന വിദ്യാഭ്യാസതകർച്ചയിൽ നിന്നും ഉയർത്താൻ കഴിയുമെന്ന വിശ്വാസത്തോടെ റിപ്പോർട്ട് ചുരുക്കുന്നു.

**"ആരാണോ ഒരു സ്കൂൾ തുറക്കുന്നത്, അയാൾ ഒരു കാരാഗൃഹം അടക്കുന്നു"**

**—വിക്ടർ യൂഗോ**

| വാർഡ് | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിൻെറ സ്വഭാവം | ജനവിഹിതം | സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കൽ | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം |
|---|---|---|---|---|---|---|
| 1 | 1. 6ാംയൂണിറ്റു മുതൽ 7ാം യൂണിറ്റു വരെ സുഗന്ധഗിരി ലൈൻ<br>2. വായ്ക്കപ്പടി കോളനിയിലേക്ക് ലൈൻ | | സിംഗിൾ ഫെയിസ് | 80 മനുഷ്യ പ്രയത്നം | വഴിവിളക്കുകൾ | പെരിങ്ങോട്ട പള്ളിക്കു സമീപം |
| ” | കല്ലൂർ — പെരിങ്ങോട — ലൈൻ വൈദ്യുതികരിക്കുക | | ” | 50 മനുഷ്യ പ്രയത്നം | പെരിങ്കോട വരെ | 6ാം യൂണിറ്റിനു സമീപം |
| ” | ” | | ” | 50 മനുഷ്യ പ്രയത്നം | 1ാം യൂണിറ്റ് മുതൽ 7ാം യൂണിറ്റ് വരെ | അമ്പതേക്ര |
| 2 | ഭൂദാനകോളനി വേങ്ങാത്തോടുനിന്നും ലൈൻ വലിക്കുക | 6 കി.മീ | ത്രീ.ഫെയിസ് | 100 മനുഷ്യ പ്രയത്നം | റോഡ് സ്ട്രീറ്റ്ലൈറ്റ് | കറുവംതോട് ട്രാൻസ്ഫോർമർ |
| 2 | കുർച്യർമല ലൈൻപാടികൾ വൈദ്യുതീകരിക്കുക | 1 കിമീ. | സിംഗിൾഫേസ് | — | ലേബർലൈൻ | നിലവിൽ ഉണ്ട് |
| 3 | പാറക്കുന്ന് — ഗാർഡൻ ആശുപത്രി വരെ ലൈൻ | | | | പാറക്കുന്ന് ഗാർഡൻ ആശുപത്രി വരെ സ്ട്രീറ്റ് ലൈറ്റ് | നിലവിൽ ഉണ്ട് |
| 4 | 6ാം മൈൽ മേൽമുറി റോഡ് സ്ട്രീറ്റ് ലൈറ്റ് | | ത്രീ—ഫെയിസ് | | സ്ട്രീറ്റ് ലൈറ്റ് | 6ാംമൈൽ ട്രാൻസ്ഫോരമർ |
| | ആണ്ടാടൻതോട് ലൈൻ വലിച്ച | | ” | | സ്ട്രീറ്റ് ലൈറ്റ് | ട്രാൻസ്ഫോർമർ |
| 4 | 4,5 കോളനിയിലേക്ക് ലൈൻ<br>ആലക്കണ്ടി പണിയകോളനി | | സിംഗിൾ ഫെയിസ്<br>സിംഗിൾ ഫെയിസ് | | — | — |
| 5 | മുത്താറിക്കുന്ന് പണിയകോളനി | | സിംഗിൾഫെയിസ് | 2000 | 10 | പെരിങ്കോട പള്ളിക്ക് സമീപം |
| 5 | മീഞ്ചാൽ കോളനി | | സിംഗിൾ ഫെയിസ് | | 1000 | |

പട്ടിക — 6

എസ്.എസ്.എൽ.സി വിജയശതമാനം 1993—96

ജി.എച്ച്.എസ് .അച്ചൂർ

| വർഷം | ആകെ വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 1992—93 | 105 | 5 | 4.7% |
| 1993—94 | 95 | 5 | 5.2% |
| 1994—95 | 115 | 6 | 5.2% |
| 1995—96 | 108 | 10 | 9.2% |

## പട്ടിക 5 വിദ്യാർത്ഥികൾ — അദ്ധ്യാപകർ

| നമ്പർ | സ്ക്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി.എച്ച്.എസ് അച്ചൂർ<br>എൽ.പി<br>യു.പി<br>ഹൈസ്ക്കൂൾ | ഗവൺമെൻറ് | 82<br>241<br>236 | 60<br>209<br>229 | 1057 | 3<br>7<br>9 | 1<br>7<br>11 | 38 |
| 2 | ജി.യു.പി.എസ് പിണങ്ങോട്<br>എൽ.പി<br>യു.പി | ഗവ. | 204<br>216 | 226<br>176 | 822 | 1<br>8 | 9<br>3 | 21 |
| 3 | ജി.യു.പി.എസ്, സുഗന്ധഗിരി<br>എൽ.പി.<br>യു.പി | ഗവ. | 110<br>106 | 87<br>100 | 403 | 3<br>7 | 1<br>1 | 12 |
| 4 | ജി.എൽ.പി.എസ്<br>അച്ചൂരാനം | ഗവ | 161 | 128 | 289 | 6 | 6 | 12 |
| 5 | ജി.എൽ.പി.എസ്<br>വലിയപാറ | ഗവ | 76 | 107 | 183 | 5 | 1 | 6 |
| 6 | ജി.എൽ.പി.എസ്<br>കുറിച്യർ മല | ഗവ | 32 | 41 | 73 | 5 | — | 5 |
| 7 | ജി.,എൽ.പി.എസ്<br>വൃന്ദാവൻ | ഗവ | 24 | 22 | 46 | 2 | — | 2 |
| 8 | ജി,എൽ.പി.എസ്. അംബ | ഗവ | 22 | 18 | 40 | 3 | — | 3 |
| | ആകെ | | | | 2913 | | | 99 |

## പട്ടിക — 4

**പുതിയ എൽ.പി.സ്ക്കൂൾ അത്യാവശ്യസ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ**

| നമ്പർ | വാർഡ് | സ്ക്കൂൾ സ്ഥാപിക്കേണ്ട സ്ഥലം | മറ്റു സ്ക്കൂളുകളുമായുള്ള ദൂരം |
|---|---|---|---|
| 1 | 2—ാം വാർഡ് | കറുവൻതോട് | 5 കി.മീ |
| 2 | 6—ാം വാർഡ് | ആനോത്ത് | 4 കി.മീ |
| 3. | 7—ാം വാർഡ് | അത്തിമൂല | 3 കി.മീ |
| 4. | 1—ാം വാർഡ് | കല്ലൂർ | 3 കി.മീ |
| 5. | 7—ാം വാർഡ് | വയനാംകുന്ന് | 3 കി.മീ |
| 6. | 9—ാം വാർഡ് | സേട്ടുകുന്ന് | 4 കി.മീ |

**പുതിയ യു.പി.സ്ക്കൂളുകൾ അത്യാവശ്യമുള്ള സ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ**

| നമ്പർ | വാർഡ് | സ്ക്കൂൾ സ്ഥാപിക്കേണ്ട സ്ഥലം | മറ്റു സ്ക്കൂളുകളുമായുള്ള ദൂരം |
|---|---|---|---|
| 1 | 5—ാം വാർഡ് | അച്ചൂരാനം എൽ.പി. | 3 കി.മി |
| 2 | 4—ാം വാർഡ് | വലിയപാറ എൽ.പി. | 3 കി.മീ. |
| 3 | 2—ാം വാർഡ് | കുറിച്യർമല എൽ.പി. | 5 കി.മീ |

**പുതിയ ഹൈസ്ക്കൂളുകൾ അത്യാവശ്യമുള്ള സ്ഥലങ്ങൾ**

| നമ്പർ | വാർഡ് | സ്ക്കൂൾ സ്ഥാപിക്കേണ്ട സ്ഥലം | മറ്റു സ്ക്കൂളുകളുമാടുള്ള ദൂരം |
|---|---|---|---|
| 1 | 1—ാം വാർഡ് | സുഗന്ധഗിരി യു.പി. | 4 കി.മീ |
| 2. | 7—ാം വാർഡ് | പിണങ്ങോട് യു.പി. | — |

പട്ടിക — 3

## എൽ.പി.സ്ക്കൂൾ

| സ്ക്കൂളിന്റെ പേര് | കുട്ടികൾ ആകെ | എസ്.സി. എസ്.ടി |
|---|---|---|
| ജി.എൽ.പി.എസ് അച്ചൂരാനം | 289 | 25 |
| ജി.എൽ.പി.എസ് വലിയപാറ | 183 | 9 |
| ജി.എൽ.പി.എസ് കുറിച്യർമല | 73 | 10 |
| ജി.എൽ.പി.എസ് വൃന്ദാവനം | 46 | 44 |
| ജി.എൽ.പി.എസ് അംബ | 40 | 26 |
| ആകെ | 201 | 114 |

## യു.പി.സ്ക്കൂൾ

| സ്ക്കൂളിന്റെ പേര് | കുട്ടികൾ ആകെ | എസ്.സി. എസ്.ടി |
|---|---|---|
| ജി.യു. പി.എസ് പിണങ്ങോട് | 822 | 143 |
| ജി.യു.പി.എസ് സുഗന്ധഗിരി | 403 | 225 |
| ആകെ | 1225 | 368 |

## ഹൈസ്ക്കൂൾ

| സ്ക്കൂളിന്റെ പേര് | കുട്ടികൾ ആകെ | എസ്.സി. എസ്.ടി |
|---|---|---|
| ജി.എച്ച്.എസ് അച്ചൂർ | 1057 | 58 |
| ആകെ | 1057 | 58 |

പട്ടിക — 2

വിദ്യാലയങ്ങൾക്ക് അത്യാവശ്യമായി വേണ്ട ഫർണ്ണിച്ചറുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| നമ്പർ | സ്കൂളുകളുടെ പേര് | ബഞ്ച് | ഡസ്ക് | മേശ | കസേല | ബ്ലേക് ബോരഡ് | അലമാര | റാക്ക് | മാപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ് അച്ചൂർ | 150 | 150 | 25 | 30 | 12 | 5 | 5 | 10 |
| 2 | ജി.യു.പി.എസ് പിണങ്ങോട് | 75 | 30 | 13 | 20 | 10 | 2 | 2 | 5 |
| 3 | ജി.യു.പി.എസ് സുഗന്ധഗിരി | 30 | 30 | 8 | 8 | 6 | 2 | 2 | 5 |
| 4 | ജി.എൽ.പി.എസ് അച്ചൂരാനം | 25 | 25 | 8 | 10 | 5 | 1 | 1 | 1 |
| 5 | ജി.എൽ.പി.എസ് വലിയപാറ | 15 | 15 | 2 | 5 | 3 | 1 | 1 | 1 |
| 6 | ജി.എൽ.പി.എസ്.കുറിച്യർമല | — | — | 4 | 4 | 3 | 1 | 1 | 1 |
| 7 | ജി.എൽ.പി.എസ് വൃന്ദാവനം | — | 4 | 4 | 2 | 2 | 1 | 1 | 1 |
| 8 | ജി.എൽ.പി.എസ് അംബ | — | 4 | 4 | 2 | 2 | 1 | 1 | 1 |

## പട്ടിക —1

### വിദ്യാലയങ്ങളിൽ ഇനി അത്യാവശ്യമായി വേണ്ട സൗകര്യങ്ങൾ താഴെ കാണിക്കുന്നു.

| നമ്പർ | സ്കൂളിന്റെ പേര് | ആവശ്യം | ക്ലാസ് റൂം | സ്റ്റാഫ് റൂം | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | ലൈബ്രറി | സ്റ്റേജ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ് അച്ചൂർ | 1 1/2 ഏക്കർ | 5 | വേണം | വേണം | 5 | 5 | — | — | നന്നാക്കണം | — | വേണം | വേണം |
| 2 | ജി.യു.പി.എസ്. പിണങ്ങോട് | 0.50 സെന്റ് | 10 | വേണം | വേണം | 2 | 2 | വേണം | വേണം | വേണം | റിപ്പയർ വേണം | വേണം | വേണം |
| 3 | ജി.യു.പി.എസ് സുഗന്ധഗിരി | 1 ഏക്കർ | 4 | വേണം | വേണം | 2 | 2 | വേണം | വേണം | വേണം | വേണം | വേണം | വേണം |
| 4 | ജി.എൽ.പി.എസ് അച്ചൂരാനം | 1 1/2 ഏക്കർ | 8 | വേണം | — | 2 | 2 | — | — | വേണം | വേണം | വേണം | വേണം |
| 5 | ജി.എൽ.പി.എസ് വലിയപാറ | 1 ഏക്കർ | 2 | വേണം | — | 2 | 2 | വേണം | വേണം | വേണം | വേണം | വേണം | വേണം |
| 6 | ജി.എൽ.പി.എസ് കുറിച്യർമല | — | — | വേണം | — | 2 | 2 | — | വേണം | വേണം | വേണം | വേണം | വേണം |
| 7 | ജി.എൽ.പി.എസ് വൃന്ദാവനം | — | 3 | വേണം | — | 1 | 1 | വേണം | വേണം | വേ[illegible] | വേണം | വേണം | വേണം |
| 8 | ജി.എൽ.പി.എസ് അംബ | 70 സെന്റ് | 1 | വേണം | — | 1 | 1 | 1 | — | വേണം | വേണം | വേണം | വേണം |

# കുടിവെള്ളവും പൊതുജനാരോഗ്യവും

പൊഴുതന ഗ്രാമ പഞ്ചായത്ത് ഭൂപ്രകൃതി യനുസരിച്ച് രണ്ടു മേഖലകളാണ്. ഒന്ന് മലയോര മേഖല, രണ്ട് വയലുകളും കുന്നുകളും ഉൾക്കൊള്ളുന്ന മേഖല. 1, 2, 3, 4, 9 എന്നീ വാർഡുകൾ മലയോര മേഖലയിൽ, 5, 6, 7, 8 എന്നീ വാർഡുകൾ രണ്ടാമത്തെ മേഖലയിലും ഉൾപ്പെടുന്നു.

ചെങ്കുത്തായ കുന്നുകളാലും മലമടക്കു കളാലും നിബിഡമായ മലയോര മേഖലാ പ്രദേശത്ത് കിണർ കുഴിച്ചാൽ വെള്ളം ലഭിക്കുന്നില്ല. ഈ മേഖലയിലെ 85 ശതമാനം ജനങ്ങളും കുടിവെള്ളത്തിന് മലമടക്കു കളിലൂടെയും കുന്നിൻചെരുവുകളിലൂടെയും പോകുന്ന ചെറിയ തോടുകളിലെ വെള്ളത്തെ യാണ് ആശ്രയിക്കുന്നത്. ജനുവരി മുതൽ തോടുകളിലെ വെള്ളം വറ്റിത്തുടങ്ങുന്നു. മാർച്ച് മാസത്തോടെ ഈ തോടുകളെല്ലാം തീർത്തും വരണ്ടുപോവുന്നു. ഈ മേഖലയിലെ കുന്നിൻപ്രദേശത്ത് താമസിക്കുന്നവർക്ക് വർഷകാലത്തുപോലും കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു. വേനലിന്റെ മദ്ധ്യമാവു മ്പോഴേക്കും ഈ പ്രദേശങ്ങൾ കുടിവെള്ളക്ഷാമ പ്രദേശമായി തീരുന്നു.

5, 6, 7, 8 വാർഡുകൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ മേഖലയിൽ വയൽതീര ത്തോടനുബന്ധിച്ച് വീടുകളിൽ കിണറുകളു ണ്ടെങ്കിലും ഉയർന്ന കുന്നിൻപ്രദേശങ്ങൾ ധാരാളമുണ്ട്. അതുകൊണ്ട്, വ്യാപകമായി കിണറുകൾ കുഴിക്കുവാൻ നിർവാഹമില്ല. ഈ പ്രദേശവും മാർച്ച് മാസത്തോടെ വരൾച്ചക്ക് വിധേയമായി തീരുന്നു.

എന്നാൽ പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യത്തിൽക്കൂടി ഒഴുകുന്ന ആനോത്ത് പുഴ ഒരിക്കലും വറ്റിയതായി അറിയപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ ഏറ്റവും വലിയ അനുഗ്രഹമായ ഈ ജലസ്രോതസ്സിനെ കുടിവെള്ളപ്രശ്ന പരിഹാരത്തിന് പ്രയോജനപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു.

മൊത്തത്തിൽ തോട്ടം തൊഴിലാളികളും, കർഷക തൊഴിലാളികളും, നാമമാത്ര കർഷകരും ആദിവാസി സമൂഹവും തിങ്ങിത്താമസിക്കുന്ന പഞ്ചായത്തത്തിലെ ജനങ്ങൾക്ക് ചെയ്തുകൊടുക്കേണ്ട ഏറ്റവും വലിയ സേവനം കുടിവെള്ളം ലഭ്യമാക്കുക എന്നതുതന്നെയാണ്.

കേണി വയലുകളിൽ കുഴിക്കുന്ന ചെറിയ കിണറുകളാണ്. ഈ പട്ടിക പഞ്ചായത്തിലെ പൊതു ജലവിതരണത്തിന്റെ ദയനീയത വിളിച്ചുപറയുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ രണ്ടു ശുദ്ധജല വിതരണ പദ്ധതിയാണ് പഞ്ചായത്തിലുള്ളത്. ഒന്ന് പൊഴുതന ശുദ്ധജല വിതരണ പദ്ധതി. രണ്ട് വലിയപാറ ശുദ്ധജല വിതരണ പദ്ധതി.

പൊഴുതന പദ്ധതി പഴക്കംകൊണ്ടും സംരക്ഷണമില്ലാത്തതുകൊണ്ടും നശിച്ചുകൊ ണ്ടിരിക്കുന്നു.

1977—ൽ പ്രാരംഭ നടപടികൾ തുടങ്ങിയതും

പൊതു ജലവിതരണ പട്ടിക

| വാർഡ് | കിണർ | കേണി | കുഴൽകിണർ | ടാപ്പുകൾ | ഹൗസ് കണക്ഷൻ | സ്വകാര്യ കിണർ |
|---|---|---|---|---|---|---|
| 1 | 1 | 3 | — | 1 | — | — |
| 2 | 1 | 3 | — | 3 | — | — |
| 3 | — | — | — | 1 | — | — |
| 4 | 1 | 1 | — | 4 | — | - |
| 5 | 3 | 3 | — | 11 | 12 | — |
| 6 | 3 | 4 | — | — | — | — |
| 7 | 4 | 5 | — | — | — | — |
| 8 | 3 | 5 | — | 5 | — | — |
| 9 | 1 | 1 | — | — | — | — |

1984—ൽ തറക്കല്ലിടൽകർമ്മം നിർവ്വഹിച്ചതമായ വലിയപാറ ശുദ്ധജല വിതരണ പദ്ധതി ലക്ഷ്യങ്ങൾ ചിലവഴിച്ചെങ്കിലും ഇന്നും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ല. ഈ രണ്ടു പദ്ധതികളും തികഞ്ഞ പരാജയമായി നിലകൊള്ളുന്ന, ദയനീയ അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. പിണങ്ങോട് പദ്ധതിയിൽ നിന്നും പഞ്ചായത്തിലെ 8—ാം വാർഡിൽ ഏതാനും ടാപ്പുകളിൽ വെള്ളം കിട്ടുന്നുണ്ട്.

ഗ്രാമങ്ങളിൽ പ്രഥമവും പ്രധാനവുമായ കർത്തവ്യം. കുടിവെള്ളം എത്തിക്കുക എന്നതാവണം 9—ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതിന് കുടിവെള്ളം കൊടുക്കുന്നതിനുള്ള അധികാരവും വിഭവവും ഗ്രാമപഞ്ചായത്തിന് നൽകുന്നതിനാവശ്യമായ മുഴുവൻ കാര്യങ്ങളും ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണ പദ്ധതി

| | | |
|---|---|---|
| പൊഴുതന മേഖല<br>വാർഡ് 5,1 | 5—ൽ 1<br>1—ൽ ഒരു ടാപ്പ് | സ്വകാര്യ കണക്ഷൻ<br>5—ൽ 12 |
| അച്ചൂർ മേഖല<br>വാർഡ് 3, 4 | 3—ൽ 1 ടാപ്പ്<br>4—ൽ 4 ടാപ്പ് | —<br>— |
| പിണങ്ങോട്ട്<br>വാർഡ് 7, 8 | 7—ൽ ഇല്ല<br>8—ൽ 5 ടാപ്പ് | — |
| വലിയപാറ മേഖല<br>വാർഡ് 4, 9 | പദ്ധതി<br>കമ്മീഷൻ ചെയ്തിട്ടില്ല. | |

വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ട് അടിസ്ഥാനത്തിൽ കുടിവെള്ളപ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| 1 | സുഗന്ധഗിരി നീർചാലുകൾക്ക് സമീപമല്ലാത്ത എല്ലാ പ്രദേശങ്ങളും | സുഗന്ധഗിരി ഏഴാം യൂണിറ്റിലുള്ള പ്രകൃതിദത്ത നീറുറവ അണകെട്ടി കുഴൽ വഴി വാർഡിൽ ശുദ്ധജല വിതരണം ചെയ്യുക. |
| 2 | കറുകൻതോട് നീർചാലുകൾക്ക് സമീപമല്ലാത്ത എല്ലാ പ്രദേശങ്ങളും | കറുകൻതോട്ടിലെ പ്രകൃതിദത്ത നീരുറവയിൽ നിന്ന് ബണ്ടുകെട്ടി കുഴൽ വഴി വാർഡിൽ ശുദ്ധജലമെത്തിക്കുക. |
| 3 | പ്ലാന്റേഷൻ മേഖല മാനേജ്മെൻറ് നൽകുന്ന ശുദ്ധജലവിതരണം അപര്യാപ്തമാണ് | കറുകൻതോട്ടിലെ പ്രകൃതിദത്ത നീരുറവയിൽ നിന്നും മാനേജ്മെൻറിൻെറ സഹായസഹകരണത്തോടെ വെള്ളം എത്തിക്കുന്നതിന് പരിശ്രമിക്കാവുന്നതാണ്. |
| 4 | നീർചാലുകൾക്ക് സമീപമല്ലാത്ത പ്രദേശങ്ങളും പ്രത്യേകിച്ച് ഒറ്റപ്പെട്ട കുന്നു പ്രദേശമായ 5, 4 എന്നീ ലക്ഷംവീട് കോളനികളിൽ | കുർച്യർമല എസ്റ്റേറ്റില കനകമല നീരുറവയിൽ അണകെട്ടി പൈപ്പ് വഴി വാർഡിൽ ശുദ്ധജലമെത്തിക്കുക. ഒറ്റപ്പെട്ട കുന്നുകൾക്ക് പ്രത്യേകം തന്നെ പദ്ധതികൾ ആസൂത്രണം ചെയ്യുക. |
| 5 | പൊഴുതനയിൽ ഏറ്റവും കൂടുതൽ ശുദ്ധജലത്തിന് പ്രയാസമുള്ള സ്ഥലം മുത്താറിക്കുന്നാണ് | പൊഴുതന കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതി പുനഃസംവിധാനം ചെയ്യുക. മുത്താറിക്കുന്നിലേക്ക് ശുദ്ധജലമെത്തിക്കാൻ പ്രത്യേകം നടപടി സ്വീകരിക്കുക. |
| 6 | വയൽ സമീപം ഒഴികെ എല്ലാ പ്രദേശവും | ആനോത്ത് പുഴയിൽ കിണർ സ്ഥാപിച്ച് ആനോംകുന്നിൽ ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി വാർഡിൽ ശുദ്ധജല വിതരണം നടത്തുക. |
| 7 | വയൽ സമീപമൊഴികെ എല്ലാ പ്രദേശങ്ങളും | ആനോത്ത് തേവണ പുഴകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. |
| 8 | വയൽ സമീപമൊഴികെ എല്ലാ പ്രദേശവും പ്രത്യേകിച്ച് പാറനിരപ്പ് ലക്ഷംവീട് കോളനി | ആനോത്ത്, തേവണ പുഴകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. പൂലേരി തോടിൽ കിണർ കുഴിച്ച് പാറ നിരപ്പ് |

| | | |
|---|---|---|
| | | കോളനിയിലേക്ക് പൈപ്പ് വഴി വെള്ളമെത്തിക്കുക. |
| 9 | നീർചാലുകൾക്ക് സമീപമൊഴികെ എല്ലാ പ്രദേശങ്ങളും | കുറിച്യർമല എസ്റ്റേറ്റിലെ കനകമല പ്രകൃതിദത്ത നീരുറവ ഉപയോഗപ്പെടുത്തി പൈപ്പ് വഴി എല്ലാ പ്രദേശത്തും ശുദ്ധജലമെത്തിക്കുക. |

## പഞ്ചായത്തുതല പരിഹാരനിർദ്ദേശങ്ങൾ

| | |
|---|---|
| പദ്ധതി 1 | ഒന്നാം വാർഡിൽ 7—ാം യൂനിറ്റിലെ പ്രകൃതിദത്ത നീരുറവയിൽ നിന്നും വെള്ളം സംഭരിച്ച് പൈപ്പ് വഴി ശുദ്ധജല വിതരണം നടത്തുക. |
| 2 | രണ്ടാം വാർഡിലെ പ്രകൃതിദത്ത കറുകൻതോട് നായിക്കകോളനി നീരുറവയിൽ നിന്ന് വെള്ളം സംഭരിച്ച് പൈപ്പ് വഴി 2, 3, 5 വാർഡുകളിസ വെള്ളമെത്തിക്കുക |
| 3 | കുറിച്യർമല, എസ്റ്റേറ്റിലെ കനകമലയിൽ നിന്നും വെള്ളം സംഭരിച്ച് പൈപ്പ് വഴി 4, 9 വാർഡുകളിൽ ശുദ്ധജല വിതരണം നടത്തുക. |
| 4 | ബാണാസുരാസാഗർ പദ്ധതിയിൽ നിന്നും വരുന്ന പൈപ്പ് ലൈൻ പഞ്ചായത്തി ലെത്തിക്കുക. |
| 5 | ആനോത്ത് പുഴയിൽ കിണർ നിർമ്മിച്ച് ആനോംകുന്നിസ ടാങ്ക് നിർമ്മിച്ച് 6, 7, 5 വാർഡുകളിൽ വെള്ളമെത്തിക്കുക. |
| 6 | 4, 8, 9 എന്നീ വാർഡുകളിലെ ഒറ്റപ്പെട്ട കുന്നുകളിലെ ശുദ്ധജലപ്രശ്നം പരിഹരിക്കുന്നതിനായി പ്രത്യകം പദ്ധതികൾ ആവിഷ്ക്കരിക്കുക. |

## പൊതുജനാരോഗ്യം

പഞ്ചായത്തിലെ ആരോഗ്യപിരപാലനരംഗം വളരെ ശോചനീയമാണ്. 1988—ൽ സ്ഥാപിച്ച രണ്ട് ഹെൽത്ത് സെൻററാണ് നമുക്കുള്ളത്. ഒന്ന് പൊഴുതനയിലും രണ്ട് ആദിവാസി മേഖലയായ സുഗന്ധഗിരിയിലും.

പഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിലെ, ഗോഡൗൺ റൂമുകൾ, ചെറിയ ചെറിയ മുറികളാക്കി രൂപാന്തരപ്പെടുത്തിയാണ് ഹെൽത്ത് സെൻററർ പ്രവൃത്തിക്കുന്നത്. തികച്ചും ദയനീയ സ്ഥിതിയാണ്. ഒരിക്കലും കൃത്യമായി ഡോക്ടറോ, മറ്റു സ്റ്റാഫോ ഉണ്ടാവാറില്ല. പരാധീനതകൾ മാത്രമാണ് ഉള്ളത്.

ഹെൽത്ത് സെൻററിന് ആവശ്യമായ ഒരു ഏക്ര സ്ഥലം, നാട്ടുകാരിൽ നിന്നും സംഭാവന സ്വരൂപിച്ചു വാങ്ങിയിട്ടുണ്ട്. ആയത് സർക്കാറിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇന്ന് വെറുതെ കിടക്കുന്ന സ്ഥലത്തിന് ലക്ഷങ്ങൾ വിലമതിക്കും.

രണ്ടാമത്തെ ഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നത് ആദിവാസി മേഖലയായ സുഗന്ധഗിരിയിലാണ്. അതിൻെറ സേവനരംഗവും ഒട്ടും ആശാവഹമല്ല.

പിന്നെ നമുക്ക് ആശ്രയിക്കാനുള്ളത് ശരാശരി 12 കി.മീ. ദൂരമുള്ള വൈത്തിരി താലൂക്ക് ആശുപത്രിയാണ്. കിടത്തി ചികിത്സിക്കുന്ന ഏക സർക്കാർ ആശുപത്രിയാണ്. അതിൻെറ സേവനരംഗവും ഒട്ടും തൃപ്തികരമല്ല. പഞ്ചായത്തിൽ എട്ടാം വാർഡിൽ ഒരു ആയുർവേദ ഡിസ്പൻസറിയുണ്ട്. ഈ ഡിസ്പൻസറികൊണ്ട്, പഞ്ചായത്തിലെ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ല. സാങ്കേതികമായി നമ്മുടെ അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നു. പിന്നെ ഒരു ഹോമിയോപ്പതി ഡിസ്പൻസറിയും പേരിനുണ്ട്.

എന്നാൽ വലിയ ഒരു വിഭാഗം തോട്ടം തൊഴിലാളികൾ വസിക്കുന്ന ഒരു പ്രദേശമായതുകൊണ്ട്, തോട്ടം മാനേജ്മെൻറ് പ്രാഥമികാരോഗ്യ സംവിധാനം ചെയ്യുന്നുണ്ട്. അതിൻെറ ഫലമായി അച്ചൂർ, പെരുങ്കോട്ട, കുറിച്യാർമല എന്നിവിടങ്ങളിൽ ഡിസ്പൻസറികളും പാറക്കുന്ന് പ്രദേശത്ത് ഒരു ഗാർഡൻ ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൻെറ പ്രവർത്തനം കുറ്റമറ്റതാണെന്നഭിപ്രായമില്ല. എന്നിരുന്നാലും വലിയ ഒരു ജനസമൂഹത്തിന് ആശ്വാസകരം തന്നെയാണ്.

പഞ്ചായത്തിൽ എടുത്തുപറയത്തക്ക പരമ്പരാഗത വൈദ്യവിഭാഗമോ, ആയുർവ്വേദ വൈദ്യ വിഭാഗമോ, കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഒന്നുരണ്ട് ആയുർവ്വേദ മരുന്നുഷാപ്പ് ഏജൻസികളായി പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ ഈ സ്ഥാപനങ്ങളിൽ ആയുർവ്വേദ ഡോക്ടർമാർ വരികയും രോഗികളെ പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

## ശുചിത്വം

ഒരു പ്രദേശത്തിൻെറ ആരോഗ്യപരിപാലനത്തിൽ ശുചിത്വത്തിൻെറ സ്ഥാനം വളരെ വലുതാണ്. നമ്മുടെ അങ്ങാടികൾ, നമ്മുടെ വീടുകൾ, ലക്ഷംവീട് കോളനികൾ, ആദിവാസി കോളനികൾ, എസ്റ്റേറ്റ് പാടികൾ, ജനസാന്ദ്രതയുള്ള മറ്റ് പ്രദേശങ്ങൾ ഇവിടങ്ങളിലൊക്കെ ശുചിത്വത്തിൻെറ അപര്യാപ്തത വിളിച്ചോതുന്നു.

പഞ്ചായത്ത് തലസ്ഥാനമായ പൊഴുതന അങ്ങാടിയുടെ നില പരിതാപകരമാണ്. ഒന്ന് അഴുക്കുചാൽ. ഈ അഴുക്കുചാൽ പൊഴുതന പഞ്ചായത്തിന് ഒരു തീരാശാപമാണ്. പല ഘട്ടങ്ങളിലായി ലക്ഷങ്ങൾ ചിലവഴിച്ചിട്ടുണ്ട്. ഒരു പരിഹാരവും കാണുവാൻ നമുക്ക് സാധിച്ചിട്ടില്ല.

രണ്ട്. മത്സ്യമാംസ മാർക്കറ്റ്—ഇതിൻെറ നിലയും വളരെ പരിതാപകരമാണ്. അറവുമാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പുഴയിലാണ്.

പൊഴുതന അങ്ങാടിയുടെ മറ്റൊരു ശാപമാണ് കന്നുകാലികളെ രാത്രി വിടുന്നത്. ഇതിന് നമുക്കൊരു പ്രതിവിധി ഉണ്ടായേ തീരൂ.

പഴയ കാലത്ത് 90 ശതമാനം ജനങ്ങളും മലമൂത്രവിസർജ്ജനത്തിന് വിശാലമായി കിടന്നിരുന്ന തോട്ടങ്ങളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് അവസ്ഥ മാറി. ഭൂമികൾ തുണ്ടം തുണ്ടമായിക്കൊണ്ടിരിക്കുന്നു. വീടുകളും കുടിലുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനനുസരിച്ച് നമ്മുടെ താമസസ്ഥലങ്ങളിൽ സാനിട്ടറി സൗകര്യങ്ങൾ വർദ്ധിച്ചുകാണുന്നില്ല.

പ്രത്യേകിച്ച് ലക്ഷംവീട് കോളനികൾ, ആദിവാസി കോളനികൾ. എന്നാൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള എസ്റ്റേറ്റ്പാടികളിൽ സാനിട്ടറി സൗകര്യം അൽപം മെച്ചമാണ്. എന്നാൽ അഴുക്കുചാൽ പദ്ധതി ഒന്നുകൂടി വിപുലപ്പെടുത്തണം.

ഹോട്ടലുകളും മറ്റു കച്ചവട സ്ഥാപനങ്ങളും ശുചിത്വത്തിൻെറ കാര്യത്തിൽ ഒന്നുകൂടി ശ്രദ്ധചെലുത്തണം. അങ്ങാടികൾ ശുചിയായി സൂക്ഷിക്കേണ്ടത് അവരുടെ ആവശ്യങ്ങളായി സ്വയം കരുതിയേ മതിയാവൂ. ജോലിക്കാരുടെ വ്യക്തിപരമായ ശുചിത്വവും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## പഞ്ചായത്ത്തല നിർദ്ദേശങ്ങൾ

1. പൊഴുതന ഹെൽത്ത് സെൻറർ, വിലക്ക് വാങ്ങിയ സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ചു. എത്രയും പെട്ടെന്ന് മാറ്റി സ്ഥാപിക്കുക. ഒരു ലേഡി ഗൈനക്കോളജിസ്റ്റ് അടക്കം ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും ലഭ്യമാക്കുക. അതോടൊപ്പം, മരുന്നുകളും ലഭ്യമാക്കുക.
2. പഞ്ചായത്തിൽ നിലവിലുള്ള ആയുറവേദ ഡിസ്പൻസറി 10 കിടക്കകളുള്ള, ആയുർവേദ ആശുപത്രിയായി ഉയർത്തുക. സ്ഥിരം ഡോക്ടർ, സ്റ്റാഫ് എന്നിവരെ ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമായ മരുന്നും എത്തിക്കുക.
3. പഞ്ചായത്ത് തലസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോമിയോപ്പതി ഡിസ്പൻസറിയിൽ സ്ഥിരം ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.
4. അലോപ്പതി, ആയുർവ്വേദ മൊബൈൽ യൂനിറ്റുകളുടെ സേവനം വാർഡ്തലത്തിൽ

പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993—94 | 1146 | 914 | 137 | 5357 |
| 1994—95 | 1214 | 816 | 214 | 5039 |
| 1995—96 | 1314 | 916 | 312 | 6768 |

ക്യാമ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. എല്ലാ വാർഡുകളിലും, നിലവിലുള്ള സബ് സെൻറർ കേന്ദ്രീകരിച്ചു ആഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
6. നിലവിലുള്ള മുഴുവൻ സബ് സെൻററുകളിലും അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക. ആയതിനുള്ള സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.
7. പഞ്ചായത്ത് തലസ്ഥാനത്ത് ഒരു ആംബുലൻസ് വാൻ ലഭ്യമാക്കുക.
8. വൈത്തിരി താലൂക്ക് ആശുപത്രിയിൽ എല്ലാ വിഭാഗം രോഗങ്ങൾക്കുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
9. പൊഴുതന അഴുക്ക്ചാൽ, വിദഗ്ദ്ധ ഞ്ചിനീയർമാരുടെ സേവനം ഉറപ്പുവരുത്തി ആധുനികവൽക്കരിക്കുക.
10. മത്സ്യ—മാംസ മാർക്കറ്റുകൾ ആധുനികവൽക്കരിക്കുകയും മാർക്കറ്റ് പ്രദേശം കമ്പൌണ്ട് വാൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.
11. ആധുനികരീതിയിലുള്ള മാലിന്യ സംസ്കരണശാല സ്ഥാപിക്കുക
12. പൊഴുതനയിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
13. ജനസാന്ദ്രതകൂടിവരുന്ന ആറാം മൈൽ പ്രദേശത്ത് ഒരു മത്സ്യ—മാംസ മാർക്കറ്റും കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കുക.
14. പുഴകളും തോടുകലും, എല്ലാവിധ മാലിന്യങ്ങൾക്ക് വിധേയമാക്കുന്നതിനെതിരെ ആവശ്യമായ നിയമനടപടികളും ബോധവൽക്കരണവും നടത്തുക.
15. മൊത്തത്തിൽ വാർഡുകൾതോറും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ഇതുവരെ നമുക്ക് കിട്ടിയ വിവരങ്ങൾ അടിസ്ഥാനമാക്കി ഒരു അപഗ്രഥനം നടത്തിയാൽ, മൊത്തത്തിലുള്ള നമ്മുടെ ആരോഗ്യപരിപാലനത്തിൻെറയും ശുചിത്വപരിപാലനത്തിൻെറയും യഥാർത്ഥരൂപം നമുക്ക് കാണുവാൻ കഴിയും.

അതോടൊപ്പം, സാമൂഹിക വിപത്തായ മദ്യപാനം, പുകവലി, പുകയിലകൂട്ടിയുള്ള മുറുക്കൽ എന്നിവക്കെതിരെ ശക്തമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നാം ഒറ്റ മനസ്സായി നടത്തേണ്ടതുണ്ട്. എന്ന് മാത്രമല്ല ജീവകാരുണ്യപ്രവർത്തനങ്ങൾക്കം നേതൃത്വം നൽകുന്നതോടൊപ്പം രക്ദാനത്തിൻെറ മഹത്വം ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളിലും നമ്മുടെ ശ്രദ്ധ അടിയന്തരമായും പതിയേണ്ടിയിരിക്കുന്നു.

പരിമിതമായ നമ്മുടെ, സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്ത് നിലവിലുള്ള സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കി മുന്നോട്ടു ഗമിച്ചാൽ "ശുചിത്വഗ്രാമം ആരോഗ്യഗ്രാമം" എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്ക് കഴിയും. അതിന് നമുക്ക് വേണ്ടത് മനസ്സുകളുടെ ഐക്യമാണ്. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പഞ്ചായത്തിലെ ഗതാഗതം പ്രധാനമായി റോഡ് വഴി തന്നെ. പറഞ്ഞുകേൾക്കുന്ന മൈസൂർ—തലശ്ശേരി റയിൽ ഈ പഞ്ചായത്തിനെ ബാധിക്കുമെന്നു പറയാൻ കഴിയില്ല. അകയാൽ റോഡും വാഹന സൗകര്യവും പ്രധാനമാകുന്നു. ഗ്രാമവാസികൾ ശ്രമദാനം നടത്തി ചില റോഡുകളുടെ മൺപണി ഒക്കെ നടത്തിയതായി അറിയാം. അത്തരം റേഡുകൾ പിന്നീട് പഞ്ചായത്ത് ഏറ്റെടുത്ത മെറ്റലിംഗും താറിങ്ങും നടത്തി പരിഷ്കരിച്ചിട്ടുണ്ട്. 1972—ൽ പൊഴുതന പഞ്ചായത്ത് രൂപീകൃതമാവുന്നതിനു മുമ്പ് വൈത്തിരി പഞ്ചായത്തിൻെറ ഭാഗമായിരുന്നപ്പോൾ വൈത്തിരി — തരുവണ കുതിരപ്പാണ്ടി റോഡും മറ്റ് വിരലിലെണ്ണാവുന്ന റോഡുകളുമേ ഈ പഞ്ചായത്തതിർത്തിയിൽ ഉണ്ടായിരുന്നുള്ളു. ആനോത്ത്—പാപ്പാലമൂല റോഡ് ആ നിലയിൽ ആദ്യപ്രവർത്തനം നാട്ടുകാർ സംഘം ചേർന്നു നടത്തിയതാണ്. മറ്റൊന്ന് ആനൂർ—ചുണ്ട റോഡ്. ഒളറണ പെരുടന റോഡിൻെറ കുറച്ചു ഭാഗം മാത്രം ഉണ്ടായിരുന്നു. പിന്നീട് ഒളറണ പെരുമുക്ക് റോഡു പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ വെക്കുപ്പള്ളി—ആനോത്ത—പൊഴുതന റോഡ് ഈ പഞ്ചായത്തിലെ ഒരു പ്രധാന റോഡാണ്. ആ റോഡ് ഈ പഞ്ചായത്തിൻെറ സാമൂഹ്യജീവിതത്തിൽ കണക്കറ്റ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആനോത്ത് പുഴക്ക് പാലം നിർമ്മിക്കുകകൂടി ചെയ്താൽ ജില്ലാ തലസ്ഥാനത്തേക്കുള്ള ഗതാഗതം സുഗമമാകും. വമ്പിച്ച വികസന സാദ്ധ്യതയുള്ള ഒരു റോഡാണത്. പിന്നീടു വന്ന തെങ്ങംപിലാക്കുന്ന്, കമ്മാടംകുന്ന് റോഡുകൾ പ്രാധാന്യമുള്ളവ തന്നെ. മലയാളം പ്ലാൻേറഷൻസിം ാ തേയിലതോട്ടങ്ങളിൽ വലയം ചെയ്തും ഇടമുറിഞ്ഞും കിടക്കുന്നതിനാൽ പല റോഡുകളും ജനോപകാരപ്രദം ആകുന്നില്ല. ഉദാഹരണമായി കമ്മാടംകുന്ന് റോഡ്, ആനോത്ത്—ചുണ്ട റോഡ് ആനൂർ—ചുണ്ട റോഡ് എന്നവ തന്നെ. ഗയിറ്റുകളും, ചങ്ങലയും ഒക്കെയായി ഗതാഗത തടസ്സം സൃഷ്ടിക്കുന്ന റോഡുകളാണ് അത്. മലയാളം പ്ലാൻേറഷ്യൻസ്, കുർച്ചർമല പ്ലാൻേറഷ്യൻസ് എന്നീ കമ്പനികൾ അവയുടെ നയത്തിൽ മാറ്റംവരുത്താത്ത കാലത്തോളം ഈ പഞ്ചായത്തിലെ ഗതാഗതം ഇടമുറിഞ്ഞു കിടക്കുമെന്നത് യാഥാർത്ഥ്യമാകുന്നു. പ്ലാൻേറഷൻഷ്യൻസിൻെറ അകത്തുകൂടി പോകുന്ന റോഡുകൾക്ക് എന്തെങ്കിലും വിധത്തിൽ നിയമസംരക്ഷണം ലഭിക്കണം. നാടിൻെറ വികസനത്തിനു റോഡുകൾ പരമപ്രധാനമാണ്. എന്നാൽ മിക്കവാറും എല്ലാ ഗ്രാമസഭകളിൽ നിന്നും കണക്കിലധികം റോഡിൻെറ നിർദ്ദേശം വരുന്നുണ്ട്.

| | | | | | |
|---|---|---|---|---|---|
| | | | | | സമീപം |
| 6 | അമ്മാറ പണിയകോളനി | സിംഗിൾ ഫെയിസ് | 1000 | — | ആനോത്ത് |
| 6 | ആനോത്ത് പണിയകോളനി | 100 മീ സിംഗിൾ ഫേസ് | 500 | — | ആനോത്ത് |
| 5 | ചാളപ്പടി പുലയ കോലനി | 300മീ സിംഗിൾഫേസ് | 100 | — | ” |
| 6 | ആനോത്ത് — പാപാല മൂല | സിംഗിൾഫേസ് | 500 | 12 സ്ട്രീറ്റ്ലൈറ്റ് | തട്ടാൻമൂല |
| 6 | ആനൂർകുന്നിലേക്ക് | 500മീ സീംഗിൾഫേസ് | 500 | — | — |
| 6 | മയിലുംപാത്തി വീടുകൾ | 500മീ സിംഗിൾഫേസ് | 1000 | 10 | — |
| 7 | ഒളരണ പെരുമുക്ക്—അത്തിമൂല കമ്മാടംകുന്ന് | 500മീ ത്രീഫെയിസ് | 1000 | ” | — |
| 7 | പിണങ്ങോട് — കൊയിലേരിക്കുന്ന് അംഗൻവാടി | 1 കിമീ ത്രീഫെയിസ് | 1000 | — | — |
| 7 | അത്തിമൂല ഹെൽത്ത് സെൻറർ വൈദ്യുതീകരിക്കുക മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക | | | | |
| 7 | 13—ാം നമ്പ്ര് പാടി ലൈൻ 19 വീടുകൾ വൈദ്യുതീകരിക്കുക | | | | |
| | പാറനിര ലക്ഷം വീടുകോളനി<br>കൂവപ്പാളി കോളനി<br>പുത്തൻപുര കോളനി<br>ഊരകുന്ന് ആദിവാസി കോളനി | സിംഗിൾഫേസ് 500 | | | |
| 9 | അമ്പലക്കൊല്ലി കുറിച്യകോളനി<br>ഇടിയംവയൽ — പാറത്തോട് മെയിൻ റോഡ്<br>സേട്ടുകുന്ന് — മേൽമുറി റോഡ് | 1 കി.മീ 10 | | | പന്നിയോറ |

പഞ്ചായത്തിൽ ആകെ ടാർറോഡുകൾ

1 വെങ്ങപ്പള്ളി—പൊഴുതന
2 ഒളരണ—പെരുമുക്ക്
3 കച്ചാടംകുന്ന്
4 തെങ്ങുംപിലക്കുന്ന്
5 അച്ചൂർ 6—ാം മൈൽ മേൽമുറി റോഡ്
6 ഇടിയംവയൽ—സേട്ടുകുന്ന് റോഡ്

മറ്റു റോഡുകൾ

പത്തിയോറ ഇടത്തറകടവു (കൈപ്പട്ടി)
ആനോത്ത്—പാപ്പാലമുല
വേങ്ങാത്തോട്ട്—ദ്രുദാൻ കോളനി റോഡ്

നിർമ്മാണത്തിലിരിക്കുന്ന പൂർത്തിയാക്കാത്ത റോഡുകൾ

1 ആനോത്ത്—അച്ചൂർ വഴിത്തണിവയൽ
2 ചാത്തോത്ത്—ഒളറണ അച്ചൂർ എസ്റ്റേറ്റ്
3 പന്നിയോറ പിണങ്ങോട്ട് സ്കൂൾ റോഡ്
4 വല്യപാറ—സേട്ടുകുന്ന് റോഡ്

നിർദ്ദേശിക്കപ്പെട്ട റോഡുകൾ

| | | |
|---|---|---|
| വാർഡ് | 1 | പന്ത്രണ്ടാംപാലം 50 ഏക്ര റോഡ് താർ ചെയ്യുക 5 കി.മി. |
| ,, | | മങ്ങാപ്പാടി കോളനി റോഡ് താർ 1 കി.മി. |
| ,, | 2 | വേങ്ങാത്തോട്—ഭൂദാർകോളനി നായ്ക്കൽ കോളനി റോഡ് 4 കി.മി. |
| ,, | ,, | കുറിച്യർമല—കോപ്പൻറവിട് റോഡ് താർ 1 കി.മി. |
| ,, | 2 | ഭൂദാൻകോളനി (കുർചർമല റോഡ് നിർമ്മാണം2 കി.മി. |
| ,, | 4 | 6—ാം മൈൽ ആങ്ങാടൻ റോഡ് 2 കി.മി. |
| ,, | ,, | മേൽമുറി അംഗനവാടി റോഡ് 11/2 കി.മി. |
| ,, | ,, | 6—ാം മൈൽ പൂന്തോടൻകോയ റോഡ്1 കി.മി. |
| ,, | ,, | 6—ാം മൈൽ ആലക്കണ്ടികോളനി നടപ്പാത 1 കി.മി. |
| ,, | 5 | പൊഴുതന—പാറക്കുന്ന് നടപ്പാത 500 മി. |
| ,, | 6 | വെങ്ങലള്ളി—പൊഴുതന റോഡ് ആനോത്ത് പാലം |
| ,, | 7 | തെങ്ങുംപിലാക്കുന്ന് റോഡ് 21/2 |
| ,, | 8 | മുവ്വട്ടി—വെങ്ങപ്പള്ളി റോഡ് 21/2 |
| ,, | ,, | കളത്തിലിടവഴി നടവഴി |
| ,, | ,, | തെങ്ങുംപിലാക്കുന്ന് നടവഴി |
| ,, | ,, | കൂവ്വപ്പാളി—അത്തിമുല പിണങ്ങോട്ട് റോഡ് 2 കി.മി. |
| ,, | ,, | പാരനിരപ്പ്കുന്ന് റോഡ് നടപ്പാത |
| ,, | 9 | വല്യപാറ മുസ്ലിംപള്ളിറോഡ് 2 |
| ,, | ,, | പാറത്തോട്—സേട്ടുകുന്ന് നടപ്പാത 1/2 |
| ,, | ,, | അന്തവള്ളി—6—ാം മൈൽ റോഡ് 1 |
| ,, | ,, | മധപ്പാറ—6—ാം മൈൽ (വഴി പറോളി) റോഡ് 1 കിലോമീറ്റർ |

ഈ പട്ടികയിൽ പറഞ്ഞ റോഡുകൾ പലതും കുറേ ഭാഗം നന്നാക്കിയവയും മെറ്റലിടടവയും കുറെയൊക്കെ താർ ചെയ്തവയുമാണ്. വലിയ ഭാഗം താർ ചെയ്യാതെയും മെറ്റലിടാതെയും കിടക്കുകയാണ്. ചില റോഡുകൾ പഞ്ചായത്ത് ചിലപ്പോൾ അറ്റകുറ്റപ്പണി നടത്തുന്നവയുമാണ്. ഇത് കൂടാതെ ഗ്രാമസഭകളിൽ നിന്നുവന്ന പുതിയ റോഡുകളുടെ നിർദ്ദേശം താഴെ ചേർക്കുന്നു. ഇവ കാലാനുസൃതമായി ചെയ്തുതീർക്കേണ്ടവയാണ്.

## പുതിയ റോഡുകൾ

വാർഡ്

1 അമ്പ മുതൽ നായ്ക്കവാടി വരെ 4 കി.മി.
„ പെരുങ്കോട്ട—സുഗന്ധഗിരി (കല്ലൂർ) 5 കി.മി.
2 വേങ്ങാത്തോട്—കുച്ചർമല വയർലസ് റോഡ് 21 കി.മി.
„ വേങ്ങാത്തോട്—കറുവത്തോട് പാലം വരെ 1 കി.മി.
„ കുർച്ചർമല കോളനി റോഡ് നടപ്പാത 1/2
4 അച്ചൂർ വടക്കെ അങ്ങാടി—4—ാം നമ്പ്ര് കോളനി 2 കി.മി.
5 ആന്തോത്ത് പാലം—മുന്നാറികുന്ന് 1 കി.മി.
„ കൽപൂരക്കാട്—മുന്നാറികുന്ന് റോഡ് 1 കി.മി.
„ മീഞ്ചാൽ—കാപ്പംകുന്ന് റോഡ് 11/2
6 അച്ചൂർ—കമ്മാടംകുന്ന് (മൈലംമ്പാത്തി) 5 കി.മി.
„ കൊയിലോംമൂല—തട്ടാൻമൂല റോഡ് 2 കി.മി.
„ അമ്മാറ—മേലാകോളനി റോഡ് 1 കി.മി.
„ ചെക്കുനായർപടി—അമ്മാറ റോഡ് 3
„ അപ്പുണ്ണി നായർ റോഡ് — 1 കി.മീ
„ അമ്മാറ—ആനാംകുന്ന് നടപ്പാത 3
7 അച്ചൂർ എസ്റ്റേറ്റ്—ചാത്തോത്ത് (ഒളരണ) റോഡ് 2
„ കമ്മാടംകുന്ന് ഇടവഴി (കെ.കെ. ഹംസയുടെ വീടിൻെറ അടുത്തുകൂടി)
„ ചാത്തോത്ത്—ലക്ഷംവീടു കോളനി റോഡ്
8 അച്ചൂരാനം വില്ലേജ് ഓഫീസ്—കച്ചേരികുന്ന് റോഡ് 11/2
അത്തിമുല കാപ്പാടുകുന്ന് നടപ്പാത 11/2
പത്തിയോറ—പിണങ്ങോട്ട് യു.പി. സ്കൂൾ റോഡ് 200 മീ.
9 വല്യപാറ മേൽമുറി നിക്ഷിപ്ത വനഭൂമി വരെ 2 കി.മി.
ഇടിയംവയൽ—സേട്ടുകുന്ന് റോഡ് 2
അന്തവള്ളി—വല്യപാറ സ്കൂൾ നടപ്പാത 1 കി.മി.
VI ആനോത്ത്—താഴെ കോളനി നടപ്പാത 1/2
ആനോത്ത് മേലേകോളനി നടപ്പാത 1/2
IX വല്യപാറ മേൽമുറി—കുരിശു റോഡ് 1
V പൊഴുതന—പള്ളിക്കുന്ന് നടപ്പാത 1/2

റോഡുകളുടെ കാര്യത്തോടു ചേർത്തുപറയേണ്ടവയാണു പാലങ്ങൾ. പാലങ്ങളെപ്പറ്റി പൊതുവിൽ പറയുമ്പോൾ പ്രത്യേകം ടെുത്തുപറയേണ്ടതാണു ആനോത്ത് പുഴക്കുള്ള പാലം ഈ പഞ്ചായത്തിൻെറ വികസനത്തിനു അവശ്യം ആവശ്യമായ പാലമാണത്. പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇതുവരെ യാതൊരു തുടക്കവും കുറിക്കാത്ത പാലമാണത്. അതിൻെറ അത്യാവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് വലുതും ചെറുതുമായ പാലങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു. ഈ പാലങ്ങളിൽ പലതും പഞ്ചായത്ത് വർഷാവർഷങ്ങളിൽ താൽകാലിക പാലം കെട്ടുന്നവയാണ്. കഷ്ടി രണ്ടോ മൂന്നോ മാസമേ ഈ പാലങ്ങൾ നിൽക്കാറുള്ളു. ഭാരിച്ച സംഖ്യ അതിനു വേണ്ടി ചിലവഴിക്കുന്നുണ്ട്. ഈ പാലങ്ങൾ സ്ഥിരമാക്കണമെന്നു ഗ്രമാസഭകൾ ആവശ്യപ്പെടുന്നുണ്ട്. കഴിഞ്ഞ 5 വർഷം തൽക്കാല പാലങ്ങൾ നിർമ്മിച്ചതിനു ചിലവഴിച്ച പണം വരഷം ക്രമത്തിൽ താഴെ ചേർക്കുന്നു.

| | |
|---|---|
| 1991 | 64395 |
| 1992 | 48145 |
| 1993 | 47145 |
| 1994 | 51735 |
| 1995 | 64145 |

ഈ താൽക്കാലിക പാലങ്ങൾ തന്നെ എല്ലാ സ്ഥലത്തും കെട്ടാൻ കഴിയാറില്ല. ആനോത്ത്, ഇടിയംവയൽ തുടങ്ങിയ വലിയ പുഴകൾക്ക് പാണ്ടിയാണ് കെട്ടാറ്. ഇതാകട്ടെ വർഷകാലം മുഴുവൻ നിൽക്കാറില്ല. ജനങ്ങൾക്ക് യാത്രാദുരിതവും പഞ്ചായത്തിനു ധനനഷ്ടവും വരുത്തുന്ന പാണ്ടികൾ നിർത്തി അവിടങ്ങളിലൊക്കെ പാലം നിർമ്മിക്കണമെന്നാണ് ഗ്രാമസഭകൾ ആവശ്യപ്പെടുന്നത്.

## ആവശ്യമുള്ള പാലങ്ങൾ

| | | |
|---|---|---|
| വാർഡ് | 1 | സുഗന്ധഗിരി ഓഫീസിനടുത്ത് 1 |
| | 2 | ഭൂദാന കോളനി റോഡിൽ മേജർകൾവരട്ടു 3 |
| | ,, | വേലായുധൻ പിള്ളയുടെ വീടിന്നടുത്ത് പാലം 1 |
| | ,, | വേങ്ങാത്തോട്—പന്നിമട്ടും നടപ്പാലം 1 |
| | 3 | പൊഴുതന പുഴക്ക് നട്പപാലം 1 |
| | 4 | ആങ്ങാടൻ റോഡിനു പാലം 3 |
| | | അച്ചൂർ വലിയപ്പാറ റോഡിൽ കൾവർട്ട് 2 |
| | | മേൽമുറി കുഞ്ഞീതുൻെറവിടെ 1 |
| | | വാഴയിൽ അലവിക്കുട്ടിയുടെ വീടിനടുത്ത് 1 |
| | 5 | മീഞ്ചാൽകൾവർട്ടു 1 |
| | ,, | കപ്പൂരക്കാറ്റ് മുത്താറികുന്ന് 1 |
| | ,, | മുത്താറികുന്ന് പാലം |
| | 6 | പാണ്ടിമട്ടുംപാലം |
| | ,, | ചെക്കുനായർപടിപാലം |
| | ,, | ആനോത്ത് കാപ്പുകുന്നം റോഡിൽ കൾവർട്ടു 3 |
| | | തട്ടാൻമൂല പാലം 1 |
| | 7 | കച്ചേരിപടിപാലം 1 |
| | | ഇടിയംവയൽ പിണത്തോട് പാലം വലിയ പുഴക്കം |
| | | ചെറിയ തോതിലുള്ള ക്രോസ്‌വേ പരീക്ഷാവുന്നതാണ് 1 |
| | | മരവയൽ നടപ്പാലം |
| | | അരയൻമൂല പാലം |
| | 8 | ഓണിവയൽ പാലം |
| | | ചാക്കരൻ കോളനി റോഡിൽ 3 ചെറിയ പാലങ്ങൾ |
| | | പന്നിയോറ—പിണത്തോട് റോഡിൽ കൾവർട്ട് 3 |
| | 9 | ഇടിയംവയൽ സേട്ടുകുന്ന് റോഡിൽ കൾവർട്ട് 6 |
| | | മുട്ടുപ്പള്ളി റോഡിൽ പാലം 1 |
| | | പുലിക്കോടൻ ആലി നടപ്പാലം 1 |
| | | ചെമ്പുകുത്ത്—ഖാലിദിൻെറ തോട്ടത്തിനടുത്ത് പാലം 1 |

പാലങ്ങളും റോഡുകളും പറയുമ്പോൾ തന്നെ ബസ് സർവ്വീസിൻെറ കാര്യം പറയേണ്ടതാണ്. ഇപ്പോൾ പൊഴുതന നിന്നു കൽപറ്റ (ജില്ലാ തലസ്ഥാനം) K.S.R.T.C.യുടെ 2 സർക്കുലർ ബസ്സുകളും കോഴിക്കോട്ടേക്ക് ഒരു K.S.R.T.C. ബസ്സും കൽപറ്റക്ക് ഒരു പ്രൈവറ്റ് ബസ്സുമാണ് സർവ്വീസ് നടത്തുന്നത്. ജനങ്ങളുടെ യാത്രാ ആവശ്യം ഇതുകൊണ്ടു നിർവ്വഹിക്കാനാകുന്നില്ല. ജനങ്ങൾ അധികം ടാക്സി ജീപ്പുകളെയാണ് ആശ്രയിക്കുന്നത്. ചിലപ്പോൾ കൽപറ്റക്ക് സമയത്തിനെത്തിപ്പെടുകയെന്നതുതന്നെ ദുഷ്ക്കരമാകാറുണ്ട്. ഏറ്റവും ചുരുങ്ങിയ ഗ്യാപ്പ് ഒരു മണിക്കൂറാണ്. ചിലപ്പോഴത് രണ്ടു മണിക്കൂറുമാകാറുണ്ട്. ബസ്സുകൾ തീരെ ഓടാത്ത പ്രദേശങ്ങളും റോഡുകളും ഈ പഞ്ചായത്തിലുണ്ട്.

അത്യാവശ്യം വേണ്ട ബസ് റൂട്ടുകൾ (ഇന്ന് ഓടുന്നതിനു പുറമെ)

1 കോഴിക്കോട്—പൊഴുതന K.S.R.T.C. 1
2 കൽപറ്റ—ആനോത്ത്കളം 1
3 കൽപറ്റ—അത്തിമൂല (വഴി പിണങ്ങോട്ട്) 1
4 പൊഴുതന—മേപ്പാടി (വഴി ചുണ്ട) 1

## റോഡുകൾ — പ്രശ്നങ്ങൾ

മലയാളം പ്ലാന്റേഷൻസ്, കുർച്ചർമല പ്ലാന്റേഷനസ് എന്നീ രണ്ടു വലിയ തേയിലത്തോട്ടം കമ്പനികൾ ഈ പഞ്ചായത്തിൽ നിലകൊള്ളുന്നു. അതുപോലെ വൈത്തിരി പുഴ ആനോത്ത് പുഴയായി ഈ പഞ്ചായത്തിനെ അരഞ്ഞാണം പോലെ ചുറ്റിയിരിക്കയാണ്. പല വാർഡുകളും പുഴക്കക്കരയാണ്. പല വാർഡുകളിലേക്കും പോകേണ്ടത് തേയില ത്തോട്ടം മുറിച്ചുകടന്നാണ്. പാലങ്ങളുണ്ടാ വേണ്ടത് അത്യാവശ്യമാണെന്ന് ഇതുകൊണ്ടു കാണാം. അതുപോലെ കമ്പനിയുടെ ഇന്നത്തെ നയം മാറ്റുകയും വേണം. എസ്റ്റേറ്റിനകത്തുകൂടി റോഡുകൾ നിർമ്മിക്കാൻ കമ്പനികൾ സമ്മതി ക്കുന്നില്ല. ഫലമെന്തെന്നാൽ ലക്ഷക്കണക്കിനു ഉറുപ്പിക ചിലവഴിച്ച് നിർമ്മിക്കുന്ന റോഡുകൊണ്ടു ഈ പഞ്ചായത്തിലുള്ളവർക്കു പോലും വാഹന യാത്ര സാധ്യമാകാതെ വരുന്നു. ഉദാ: പൊഴുതന നിന്നും (പഞ്ചായത്ത് ആസ്ഥാനം) 3 കി.മീ. ദൂരമെയുള്ളു. പിണങ്ങോത്ത് (അതായത് ഈ പഞ്ചായത്തിലെ 8—ാം വാർഡിലേക്ക്) പക്ഷേ മലയാളം പ്ലാന്റേഷൻ കമ്പനി കനിഞ്ഞില്ലെങ്കിൽ 18 കി.മീ. ചുറ്റി വളഞ്ഞു പോകേണ്ടിവരും. ഇതുപോലെ തന്നെയാണ് പുഴകളും പാലവും. ആ നേർത്ത പുഴക്കു പാലം കെട്ടിയാൽ 9 കി.മീ. ദൂരംകൊണ്ട് കൽപറ്റ ജില്ലാ തലസ്ഥാനത്തെത്താം. പക്ഷേ ഇപ്പോൾ 17 കി.മീ. ചുറ്റി പോവേണ്ടിയിരിക്കുന്നു. ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ നിന്നും മറ്റൊരു വാർഡിലെത്താൻ പത്തും പതിനാലും കി.മീ. ചുറ്റിവളയേണ്ടിവരുന്നു. ഈ ദുസ്ഥിതി ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമാന്യജീവി തത്തെ പല മണ്ഡലങ്ങളിലും പ്രതികൂലമായി ബാധിക്കുന്നു. തങ്ങളുടെ ഉൽപന്നങ്ങൾ കുറഞ്ഞ വിലക്കു കൈമാറേണ്ടിവരുന്നുണ്ട്. അതേപോലെ പ്രധാനമാണ് നിർമ്മിച്ചിരുന്ന റോഡുകളുടെ സംരക്ഷണം. ഓവുചാലുകളും ഗട്ടറുകളും നിർമ്മിക്കാനുള്ള അലസത ആ റോഡിനെ തന്നെ നശിപ്പിച്ചുകളയുന്നു. യഥാ വസരം അറ്റകുറ്റപ്പണികൾ ചെയ്യാത്തതു നിമിത്തം പല റോഡുകളും ഗതാഗത യോഗ്യമല്ലാതെയായിരിക്കുകയാണ്. ഇപ്പോൾജെ.ആർ.വൈ. റോഡുകൾ 8 മീറ്റർ വീതി വേണമെന്ന് നിർബന്ധമാണ്. ചില പ്രധാന റോഡുകൾക്ക് ഇത് നിർബന്ധമാക്കേണ്ടിവരുമെങ്കിലും പഞ്ചായത്തിലെ പല റോഡുകളേയും ഈ നിർബന്ധത്തിൽ നിന്നു ഒഴിവാക്കാവുന്നതാണ്. ആറു മീറ്റർ വീതി ഒരു പഞ്ചായത്ത് റോഡിന് ധാരാളം മതി.

## പട്ടിക — 4

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീറ്റർ |
|---|---|---|---|---|---|
| 1 | — | 2 | ഭൂദാനകോളനി—കുറിച്യാർ മലറോഡ് | 2 കി.മീ | 6 മീറ്റർ |
| 2 | — | 4 | ആങ്ങാടൻ—ആറാം മൈൽ റോഡ് | 2 കി..മീ | 6 മീറ്റർ |
| 3 | — | 4 | മേൽമുറി—അംഗൻവാടി റോഡ് | 1 1/2 | 6 മീറ്റർ |
| 4 | — | 4 | 6—ാം മൈൽ പൂന്തോടൻ കോയ റോഡ് | 1 കി.മീ | 6 മീറ്റർ |
| 5 | — | 4 | 6—ാം മൈൽ ആലക്കണ്ടി കോളനി നടപ്പാത | 1 കി.മീ | 3 മീറ്റർ |
| 6 | — | 5 | പൊഴുതന പാറക്കുന്ന് ന[illegible]പ്പാട | 500 മീറ്റർ | 3 മീറ്റർ |
| 7 | — | 6 | വെങ്ങപ്പള്ളി — പൊഴു[illegible]ന റോഡ് | 5 കി.മീ | 6 മീറ്റർ |
| 8 | — | 7 | മൂവട്ടി—വെങ്ങപ്പള്ളി രോഡ് | 2 1/2 കി.മീ | 6 മീറ്റർ |
| 9 | — | 7 | കൂവ്വപ്പാളി അത്തിമൂല പിണങ്ങോട് | 2 കി.മീ | 6 മീറ്റർ |
| 10 | — | 7 | തെങ്ങുംപീലാക്കുന്ന്—ലോനപ്പൻകടവ് റോഡ് | 2 1/2 കി.മീ | 6 മീറ്റർ |
| 11 | — | 9 | വാല്യപ്പാറ—മുസ്ലീംപള്ളി റോഡ് | 2 കി.മീ | 6 മീറ്റർ |
| 12 | — | 9 | അന്തവള്ളി 6—ാം മൈൽറോഡ് | 1 കി.മീ | 6 മീറ്റർ |
| 13 | — | 9 | വാല്യപ്പാറ 6—ാം മൈൽ പറോളി റോഡ് | 1 കി.മീ | 4 മീറ്റർ |

ടാർ ചെയ്ത റോഡുകൾ

പട്ടിക 1

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി മീ | ബസ്യാത്രാ സൗകര്യം കി.മീ |
|---|---|---|---|---|---|
| 1 | വെങ്ങപ്പള്ളി—പൊഴുതന | പി.ഡബ്ല്യൂഡി | 5.കി.മി | 8മീറ്റർ | ഇല്ല |
| 2 | ഒളറണ—ചെരുമുക്ക് റോഡ് | പഞ്ചായത്ത് | — | 8 മീറ്റർ | ഇല്ല |
| 3 | കമ്മാടംകുന്ന് റോഡ് | — ” | — | 8മീറ്റർ | ഇല്ല |
| 4 | തെങ്ങുപിലാക്കുന്ന് പന്നിയോറപ്പടി | — ” | 800 മീറ്റർ | 8മീറ്റർ | ഇല്ല |
| 5 | അച്ചൂർ—6ാംമൈൽ മേൽമുറി റോഡ് | — ” | — | 8മീറ്റർ | ഇല്ല |
| 6 | ഇടിയംവയൽ—സേട്ടുകുന്ന് റോഡ് | — ” | — | 8മീറ്റർ | ഇല്ല |
| 7 | കുതിരപാണ്ടി റോഡ് | പി.ഡബ്ല്യൂ.ഡി. | 6.കി.മീ | 10 മീറ്റർ | ഇല്ല |

പട്ടിക —2

നിർമ്മാണത്തിലിരിക്കുന്ന പൂർത്തീകരിക്കാത്ത റോഡുകൾ

| | | |
|---|---|---|
| 1. | ആനോത്ത് അച്ചൂർ ആണിവയൽ റോഡ് | — 2 1/2 കി.മീ. |
| 2. | പാത്തോത്ത് —ഒളോണ — അച്ചൂർ റോഡ് | — 3 കി.മീ. |
| 3. | പന്നിയോറ പിണങ്ങോട് യു.പി.സ്ക്കൂൾ റോഡ് | — 3 കി.മീ. |

അനുബന്ധം എ

(ഗ്രാമസഭാറിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നു ശേഖരിച്ച വിവരങ്ങൾ) കോഡിൻെറ ആദ്യത്തെ രണ്ടക്കം വാർഡിൻെറയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയേയും സൂചിപ്പിക്കുന്നു.

| വാർഡ് | റോഡിൻെറ പേര് | ദൂരം കി.മീ | വീതി.മീ |
|---|---|---|---|
| 1 | അംബമുതൽ നായ്ക്കപാടി | 4 കി.മീ | 6 മീറ്റർ |
| 1 | പെരിങ്കോട—സുഗന്ധഗിരി കല്ലൂർ വഴി | 5 കി.മീ | 6 മീറ്റർ |
| 2 | വേങ്ങാത്തോട് — കുറിച്യർമല റോഡ് സ്റ്റേഷൻ റോഡ് | 21 കി.മീ | 6 മീറ്റർ |
| 2 | വേങ്ങാത്തോട് —കുറുവംതോട് പാലം വരെ | 1 കി.മീ | 6 മീറ്റർ |
| 4 | അച്ചൂർ വടക്കേ അങ്ങാടി 4—ാംനമ്പ്ര് കോളനി | 2 കി.മീ | 4 മീറ്റർ |
| 5 | ആനോത്ത് പാലം — മുത്താറിക്കുന്ന് | 1 കി.മീ | 3 മീറ്റർ |
| 5 | കർപ്പൂരക്കാട് — മുത്താറിക്കുന്ന് റോഡ് | 1 കി.മീ | 4 മീറ്റർ |
| 5 | മീഞ്ചാൽ കാൽപ്പൻകുന്ന് റോഡ് | 1 1/2 കി.മീ | 4 മീറ്റർ |
| 6 | അച്ചൂർ — കമ്മാടംകുന്ന് — (മയിലുംപാത്തി വഴി) | 5 കി.മീ | 4 മീറ്റർ |
| 6 | കൊയിലോംമൂല — തട്ടാൻമൂല | 2 കി.മീ | 4 മീറ്റർ |
| 6 | അമ്മാറ — മേലെ കോളനി റോഡ് | 1 കി.മീ | 4 മീറ്റർ |
| 6 | ചെക്കുനായർ പടി — അമ്മാറ റോഡ് | 3 കി.മീ | 4 മീറ്റർ |
| 6 | അമമാറ — ആനോംകുന്ന് നടപ്പാത | 1 കി.മീ | — |
| 7 | അച്ചൂർ എസ്റ്റേറ്റ് —ചാത്തോത്ത്—ഒലറ്റ | 2 കി.മീ | 8 മീറ്റർ |
| 7 | കമ്മാടംകുന്ന് — കെ.കെ.ഹംസ വീട് ഇടവഴി | 1 കി.മീ | 1 മീറ്റർ |
| 7 | ചാത്തോത്ത് ലക്ഷംവീട് കോളനി റോഡ് | 1 കി.മീ | 4 മീറ്റർ |
| 8 | അച്ചുരാന വില്ലേജ് ഓഫീസ് കച്ചേരിക്കുന്ന് റോഡ് | 1 1/2 കി.മീ | 3 മീറ്റർ |
| 8 | അത്തിമൂല—കാപ്പാട്ടുകുന്ന് നടപ്പാത | 1 1/2 കി.മീ | 4 മീറ്റർ |
| 8 | പന്നിയോറ — പിണങ്ങോട് യു.പി.സ്കൂൾ | 200 മീറ്റർ | 8 മീറ്റർ |
| 9 | വാല്യപാറ — മേൽമുറി നിക്ഷിപ്ത വനഭൂമി റോഡ് | 2 കി.മീ | 8 മീറ്റർ |
| 9 | ഇടിയം വയൽ സേട്ടുകുന്ന് റോഡ് | 2 കി.മീ | 8 മീറ്റർ |
| 9 | അന്തവള്ളി — വല്യപ്പാറ സ്ക്കൂൾ നടപ്പാത | 1 കി.മീ | 1 മീറ്റർ |
| 6 | ആനോത്ത് — താഴെ കോളനി നടപ്പാത | 500 മീ | 1 മീറ്റർ |
| 9 | വല്യപാറ മേൽമുറി — കുരിശുറോഡ് | 1 കി.മീ | 3 മീറ്റർ |
| 5 | പൊഴുതന — പള്ളിക്കുന്ന് നടപ്പാത | 50 കി.മീ | 1 മീറ്റർ |

റോഡു റജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം

പട്ടിക . എ

| | |
|---|---|
| 1. | വാർഡ് |
| 2. | കോഡ് |
| 3. | പേര് (തുടക്കം ഒടുക്കം) |
| 4. | ദൂരം |
| 5. | വീതി |
| 6. | ടാർ ചെയ്ത ദൂരം |
| 7. | മെറ്റൽ ചെയ്ത ദൂരം |
| 8. | മെറ്റൽ ചെയ്യേണ്ട ദൂരം |
| 9. | ഓവു ചാൽ നിലവിലുള്ള ദൂരം |
| 10. | ഓവുചാൽ ആവശ്യമായ ദൂരം |
| 11. | പാർശ്വസംരക്ഷണഭിത്തി നിലവിലുള്ള ദൂരം |
| 12. | പാർശ്വസംരക്ഷണഭിത്തി ആവശ്യമായ ദൂരം |
| 13. | നിലവിലുള്ള കലുങ്കിന്റെ എണ്ണം |
| 14. | ആവശ്യമായ കലുങ്കിന്റെ എണ്ണം |
| 15. | തന്താണ്ടിൽ ചെലവഴിച്ച പൊതുഫണ്ട് |
| 16. | സഞ്ചിത തുക 15+ മുൻവർഷത്തെ 16 |



പട്ടിക

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം | വീതി |
|---|---|---|---|---|
| 1 | 1 | പന്ത്രണ്ടാം പാലം അമ്പത് ഏക്ര റോഡ് | 5 കി.മീ | 8 മീറ്റർ |
| 2 | 1 | മാങ്ങാപ്പാടി കോളനി റോഡ് | 1 കി.മീ | 8 മീറ്റർ |
| 3. | 2 | വെങ്ങാത്തോട് ഭൂദാനകോളനി (നായ്ക്കകോളനി) | 4 കി.മീ | 8 മീറ്റർ |
| 4 | 2 | കുറിച്ച്യർ മല കോപ്പൻറവിടറോഡ് | 1 കി.മീ | 8 മീറ്റർ |

## പഞ്ചായത്തിൽ ആവശ്യമായ പാലങ്ങളും കലുങ്കുകളും

| വാർഡ് നമ്പ്ര് | സ്ഥലം | കലുങ്ക് | പാലം |
|---|---|---|---|
| 1 | സുഗന്ധഗിരി ഓഫീസിനടുത്ത് | — | 1 |
| 2 | ഭൂദാന കോളനി | 3 | — |
| 2 | വേലായുധൻ പിള്ളയുടെ വീട് | — | 1 |
| 2 | വേങ്ങാത്തോട് പന്നിമട്ടം | — | 1 |
| 4 | ആണ്ടാടൻ തോടിന് | — | 1 |
| 4 | മേൽമുറി—കുഞ്ഞീതിൻെറവിട | — | 1 |
| 4 | വാഴയിൽ അലവിക്കുട്ടിയുടെ വീടിൻറവിട | — | 1 |
| 5 | മീഞ്ചാൽ | 1 | — |
| 5 | കർപ്പൂരക്കാട്—മുത്താറിക്കുന്ന് | — | 1 |
| 5 | ആനോത്ത് മുത്താറിക്കുന്ന് | — | 1 |
| 6 | പാണ്ടിമട്ടം | — | 1 (മേജർ) |
| 6 | ചെക്കുനായർ പടി | — | 1 |
| 6 | ആനോത്ത്—കാപ്പുക്കുന്ന് റോഡിൽ | 3 | — |
| 6 | ചെക്കുനായർ പടി | 3 | — |
| 6 | ആനോത്ത് ചാളപ്പടി | 1 | — |
| 6 | തട്ടാമൂല | — | 1 |
| 6 | ആനോത്ത്കാട്ടേരിക്കുന്ന് | 4 | — |
| 7 | കച്ചേരിപ്പടി പാലം | — | 1 |
| 7 | ഇടിയംവയൽ പിണങ്ങോട് തേവണ്ണപ്പുഴയ്ക്ക് | — | 1 (മേജർ) |
| 6 | ആനോത്ത് പുഴ പാലം | — | 1 (മേജർ) |
| 7 | മരവയൽ | — | 1 |
| 7 | അരയൻമൂല | — | 1 |
| 7 | ഓണിവയൽ | — | 1 |
| 8 | ചാക്രം കോളനി | — | ചെറിയപാലങ്ങൾ3എ |
| 7,8 | പന്നിയോറ—പിണങ്ങോട് യു.പി.സ്ക്കൂൾ | 3 | — |
| 9 | ഇടിയംവയൽ ബേട്ടുകുന്ന് റോഡ് | 6 | — |
| 9 | മുട്ടപ്പള്ളി റോഡിൽ | — | 1 |
| 9 | ചുലിക്കോടൻ ആലി | — | 1 |
| 9 | ചെമ്പുകുത്ത് ഖാലിദ് | — | 1 |

# ഊർജ്ജം

1958—ൽ പൊഴുതന നിവാസികൾ കച്ചവടക്കാരും കണക്കെഴുത്തുകാരും മറ്റു തൊഴിലാളികളും എല്ലാം ചേർന്ന ഒരു ശ്രമദാനം സംഘം രൂപീകരിച്ചു. അവർക്ക് ചെയ്യാനുണ്ടായിരുന്നത് അങ്ങാടിയിൽ കൊണ്ടുവന്നിറക്കിയ ഇലക്ട്രിക്ക് പോസ്റ്ററുകൾ ചുമന്നു മീഞ്ഞാൽ, പുഴക്കക്കര, ആനോത്ത്, കൊയിലോംമൂല, മൂവ്വട്ടി എന്നീ സ്ഥലങ്ങളിൽ അവിടവിടെയായി സ്ഥാപിക്കുകയായിരുന്നു. ഒന്നാമത്തെ കേരള ഗവൺമെൻറിൻെറ വൈദ്യുതി മന്ത്രി ശ്രീ. വി.ആർ. കൃഷ്ണയ്യരായിരുന്നു. അങ്ങിനെയാണ് പൊഴുതനയിൽ വൈദ്യുതി വന്ന വഴി. മുപ്പത്തിഎട്ടു വർഷം കഴിഞ്ഞുപോയെങ്കിലും ഇന്നും ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശത്തും എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചാത്ത് ഭാരിച്ച സംഖ്യ വർഷംതോറും ചിലവഴിച്ചു തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വളരെ കുറഞ്ഞ വിളക്കുകളേ സ്ഥിരമായി കത്താറുള്ളൂ. പെരിങ്കോട്ട മുതൽ അച്ചൂർ വരെ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പൊഴുതനയിൽ നിന്നു അച്ചൂർ വരെ സ്ഥിരമായി കത്താറില്ല. കഴിഞ്ഞ 5 വർഷം തെരുവു വിളക്കുകൾക്ക് വേണ്ടി ഈ പഞ്ചായത്ത് ചിലവഴിച്ച സംഖ്യ ചുവടെ ചേർക്കുന്നു.

അധികൃതരുടെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 15 ട്രാൻസ്ഫോർമറുകൾ ഉണ്ട്. അതിൽ പൊഴുതന ടൗണിൽ ഒഴിച്ചു ഒന്നും അധികഭാരം വഹിക്കുന്നവയല്ല.

എസ്.ടി, എസ്.സി വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ മിക്കവയും വൈദ്യുതീകരിക്കാത്തവയാണ്. കോളനികൾ വൈദ്യുതീകരിക്കണമെന്നു ആവശ്യപ്പെടാറുണ്ടെങ്കിലും അത് നടക്കാറില്ല. അതുപോലെ ഈ പഞ്ചായത്തിൽ ഏഴോളം ലക്ഷംവീടു കോളനികൾ ഉണ്ടെങ്കിലും അവയിൽ ഒന്നുപോലും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല. പട്ടിക നോക്കുക.

ആകെ കണക്കനുസരിച്ച്

| | ട്യൂബ് | ബൾബ് | ചിലവഴിച്ച സംഖ്യ |
|---|---|---|---|
| 1991 | 18 | 30 | 12220.00 |
| 1992 | 18 | 30 | 12220.00 |
| 1993 | 18 | 30 | 12218.50 |
| 1994 | 18 | 30 | 12216.40 |
| 1995 | 18 | 30 | 12319.00 |

1 അച്ചൂർ 4—ാം നമ്പ്ര്
2 അച്ചൂർ 5—ാം വാർഡ്
3 മോതിരപ്പാറ
4 ചാത്തോത്ത്
5 പിഞ്ഞുണ്ട്പാറ നിരവുകുന്ന്
6 പിഞ്ഞുണ്ട്
7 അത്തിമൂല

പഞ്ചായത്തിലെ ചില വാർഡുകളിൽ ഇതേവരെ സ്ട്രീറ്റ് ലൈറ്റുകൾ എത്തിയിട്ടില്ല. കോളനികളായി അംഗീകരിക്കപ്പെട്ട മുത്താറികുന്ന്, മിഞ്ചാൻ എന്നീ കോളനികളിൽപാലും വൈദ്യുതി എത്തിയിട്ടില്ല. മുത്താറികുന്ന് കോളനിയെ സംബന്ധിച്ചേടത്തോളം സർവ്വേ നടത്തി എസ്റ്റിമേറ്റ് ഉണ്ടാക്കി ഐ.ടി.ഡി.പി. ഓഫീസിലും എത്തിച്ചതാണ്. പ്ലാനിങ്ങ് ബോഡിലും എത്തിയതുമാണ്. പക്ഷെ വർഷം കഴിഞ്ഞിട്ടും അതിന്റെ യാതൊരു പ്രവൃത്തിയും നടക്കുന്നില്ല. മുത്താറികുന്ന് കോളനിയിലേക്ക് വൈദ്യുതി സപ്ലൈ ചെയ്യുവാൻ പെരുങ്കോട്ട പള്ളിക്ക് സമീപം ഒരു ട്രാൻൻഫോർമർ സ്ഥാപിക്കണം. അതുപോലെ മയിലുംപാത്തിയിലേക്കും ഒരു ട്രാൻൻഫോർമർ വേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിന്റെ അതിർത്തിയായ പാറത്തോട്ടിലും ട്രാൻൻഫോർമർ സ്ഥാപിക്കണം. പിണങ്ങോട്ടു അങ്ങാടിയിൽ നിന്നു ഒളറണ പെരുമുക്ക് റോഡിൽ അത്തിമൂല വരേയും കാച്ചാടംകുന്ന് ജംഗ്ഷനിൽ ഒരു ട്രാൻൻഫോർമർ സ്ഥാപിക്കേണ്ടിയിരിക്കുന്നു. അതുപോലെ വെങ്ങപ്പള്ളി—പൊഴുതന റോഡിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ടതാണ്. അങ്ങിനെ വരുകയാണെങ്കിൽ അത്തിമൂല ജംഗ്ഷനിലും മീഞ്ചാൻ കോളനിക്കടുത്തും ഓരോ ട്രാൻൻഫോർമർ സ്ഥാപിക്കണം.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ വൈദ്യുതി വിതരണം നടത്തിയിട്ടില്ല
2 എൽ.പി.ജി. ഗ്യാസ് അടുപ്പുകൾ തീരെ ഇല്ലെന്നു തന്നെ പറയാം. കവിഞ്ഞാൽ 10 എണ്ണത്തിലധികം ഇല്ല.
3 വൈദ്യുതി അടുപ്പുകളും കൈവിരലുകളിൽ എണ്ണാവുന്നവയാണ്
4 പഞ്ചായത്തിൽ വ്യാപകമായി ഉപയോഗിക്കുന്നത് വിറകു

പട്ടിക

| നിലവിലുള്ള സ്ട്രീറ്റ്ലൈറ്റ് | ബൾബ് | ട്യൂബ് |
|---|---|---|
| പഞ്ചായത്ത് ആകെ | 30 | 18 |

ട്രാൻസ്ഫോർമർ

| | സ്ഥലം | 3 ഫെയിസ് | സിങ്കിൾ | |
|---|---|---|---|---|
| 1. | കുർച്ചർമല വയർലസ് സ്റ്റേഷൻ | | 1 | |
| 2. | കുർച്ച്യർമല | | 1 | 63 കെ.വി. |
| 3. | കുർച്ച്യർമല ഫാക്ടറി (പ്രൈവറ്റ്) | | 1 | |
| 4. | വേങ്ങാത്തോട് | | 1 | 63 കെ.വി. |
| 5. | പൊഴുതന ടൗൺ | ഓവർലോഡ് | 1 | 63 കെ.വി. |
| 6. | ആനോത്ത് | | 1 | 63 കെ.വി. |
| 7. | പരുങ്കോട്ട | | 1 | 50 കെ.വി. |
| 8. | സേട്ടുകുന്ന് | | 1 | 100 |
| 9. | വല്യപാറ മേൽമുറി | | 1 | 63 |
| 10. | വല്യപാറ താഴെ | | 1 | 63 |
| 11. | ഇടിയംവയൽ | 6—ാംമൈൽ | 1 | 63 |
| 12. | അച്ചൂർ | | 1 | 63 |
| 13. | അച്ചൂർ എസ്റ്റേറ്റ് ആശുപത്രി | | 1 | 63 |
| 14. | അചചൂർ 13 | | 1 | 63 |
| 15. | അച്ചൂർ ഫാക്ടറി (പ്രൈവറ്റ്) | | 1 | 63 |

<u>അടിയന്തരമായും പുതുതായി സ്ഥാപിക്കേണ്ടത്</u>

1. പെരുങ്കോട്ട പള്ളിക്ക് സമീപം 1
2. മയിലുംപാത്തി 1
3. പാറത്തോട് 1
4. 6—ാംമൈൽ
5. ഒളറണ പെരുമുക്കം റോഡ് കമ്മടംകുന്ന് ജംഗ്ഷൻ 1
6. അത്തിമൂല ജംഗ്ഷൻ 1
7. പൊഴുതന മീഞ്ചാൽ 1
8. 6—ാം യൂണിറ്റിൽ (അംബ) 1

---

<u>വാർഡ് കൂടാതെ ഗ്രാമസഭകളിൽ നിന്നു വന്ന പുതിയ ആവശ്യങ്ങൾ</u>

1 6—ാം യൂണിറ്റ് മുതൽ 7—ാം യൂണിറ്റ് വരെ ലൈൻ വലിച്ചു സപ്ലൈ
നായ്ക്കപ്പാടി കോളനി ലൈൻ വലിച്ചു സപ്ലൈ
6 -ാം യൂനിറ്റ് ട്രാൻൻഫോർമർ 1
50 ഏക്ര സ്ഥലത്ത് ട്രാൻൻഫോർമർ 1
കല്ലൂർ പെരുങ്കോട്ട ലൈനുകൾ വൈദ്യുതീകരിക്കുക
1—ാം യൂനിറ്റ് മുതൽ 7—ാം യൂനിറ്റ് വരെ വഴിവിളക്കുകൾ

2 ഭൂദാൻ റോഡ് വൈദ്യുതീകരിക്കുക
കുർച്യർമല എസ്റ്റേറ്റ് ലൈനുകൾ വൈദ്യുതീകരിക്കുക

3 പാറക്കുന്ന്—തോട്ടം ആശുപത്രി വരെ തെരുവുവിളക്കുകൾ സ്ഥാപിക്കുക

4 പാറക്കുന്ന് ജംഗ്ഷൻ 4—5 കോളനികൾ വൈദ്യുതീകരിക്കുക
ആലക്കണ്ടി പണിയകോളനി വൈദ്യുതീകരിക്കുക
6—ാം മൈൽ മേൽമുറി റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ
ആങ്ങാടൻ റോഡിൽ ട്രാൻസ്ഫോർമർ 1

5 മുത്താറികുന്ന് കോളനി വൈദ്യുതീകരിക്കുക
മീഞ്ചാൽ കോളനി വൈദ്യുതീകരിക്കുക
മുത്താറികുന്നിൽ ഒരു ട്രാൻൻഫോർമർ 1

6 അമ്മാറ പണിയ കോളനി കണക്ഷൻ കൊടുക്കുക
അമ്മാറ താഴെ കോളനിയിൽ വൈദ്യുതി ലൈൻ എത്തിക്കണം
ആനോത്ത് കോളനിയിലേക്ക് ലൈൻ വലിക്കുക
ചാളപ്പാടി പുലയകോളനി ലൈൻ വലിക്കുക
തട്ടാമൂല ട്രാൻൻഫോർമർ സ്ഥാപിക്കുക 1
ആനോംകുന്നിലേക്ക് ലൈൻ വലിക്കുക
മയിലുംപാത്തി എസ്.സി. വീടുകൾ വൈദ്യുതീകരിക്കുക
ആനോത്ത്—പാപ്പാലമൂല സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക

7 ഒളറണ പെരുമുക്ക്—അത്തിമൂല തെരുവുവിളക്കുകൾ സ്ഥാപിക്കുക
കമ്മാടംകുന്ന് തെരുവുവിളക്കുകൾ സ്ഥാപിക്കുക
പിണങ്ങോട്—കൊയിലേരിക്കുന്ന് കോളനി തെരുവുവിളക്കുകൾ
അംഗൻവാടി വൈദ്യുതീകരിക്കുക

7 ഹെൽത്ത് സെൻറർ വൈദ്യുതീകരിക്കുക
മുഴുവൻ എസ്.സി, എസ്.ടി. വീടുകളും വൈദ്യുതീകരിക്കുക
മുഴുവൻ ലക്ഷംവീടു കോളനികളും വൈദ്യുതീകരിക്കുക
അത്തിമൂലയിൽ ട്രാൻൻഫോറമർ സ്ഥാപിക്കുക 1
പന്നിയോറ ട്രാൻൻഫോർമർ സ്ഥാപിക്കുക 1

അച്ചൂർ 13—ാം നമ്പ്ര് പാടിയിൽ രണ്ടു ലൈൻ ഒഴികെ ബാക്കി മുഴുവൻ മുറികളും വൈദ്യുതീകരിക്കുക

8 പാറനിരപ്പകുന്ന് ലക്ഷംവീടു കോളനി വൈദ്യുതീകരിക്കുക
കുപ്പപ്പാളി കോളനി ലയിൻ വലിക്കുക
പുത്തൻപുര കോളനി വൈദ്യുതീകരിക്കുക
ഊരംകുന്ന് ആദിവാസി കോളനി വൈദ്യുതീകരിക്കുക
മുളുവൻ എസ്.സി, എസ്.ടി. വീടുകളും വൈദ്യുതീകരിക്കുക

9 അമ്പലക്കൊല്ലി കുർച്ച കോളനി ലയിൻ വലിക്കുക
ഇടിയം വയൽ—പാറത്തോട് മെയിൻ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക
സേട്ടുകുന്ന് മേൽമുറി റോഡിൽ ട്രാൻൻഫോർമർ 1
പന്നിയോറപ്പടി ട്രാൻൻഫോർമർ 1

അടുപ്പുകളാണ്. വനം വകുപ്പ് നിയമങ്ങൾ കരശനമായതുകൊണ്ടുതന്നെ കാട്ടിൽ പോയി വിറക കൊണ്ടുവരുക എന്നത് ഇപ്പോൾ ബുദ്ധിമുട്ടായിരിക്കുകയാണ്.

5 മറ്റെല്ലാ കൃഷിയും പോലെ വിറക് മരകൃഷിയും വ്യാപിക്കേണ്ടിയിരിക്കുന്നു.

6 പ്രേഷണ—വിതരണ രംഗത്ത് ബോർഡ് അക്ഷന്തവ്യമായ അനാസ്ഥയാണ് കാണിക്കുന്നത്. ചെറിയ കാരണംകൊണ്ടു നിലച്ചുപോകുന്ന വൈദ്യുതിപോലും പുനഃസ്ഥാപിക്കാൻ ദിവസങ്ങളെടുക്കുന്നു.

7 പഞ്ചായത്തിലെ ഒരൊറ്റ എസ്.സി, എസ്.ടി. കോളനിപോലും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല

8 പൊഴുതന ടൗണിലൊഴിച്ചു പഞ്ചായത്തിൻെറ ഒരു വാർഡിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല

9 സുഗന്ധഗിരി പദ്ധതി പ്രദേശത്ത്പോലും വീടുകളും തെരുവുവിളക്കുകളും ഇരുട്ടിലാണ്ടുകിടക്കുന്നു.

10 ബില്ലുകളുടെ പണം വൈത്തിരി 8—9ഉം കി.മീ. ദൂരത്ത് പോയാണ് പണം അടക്കുന്നത്. ആയത് ഒരു പ്രശ്നം തന്നെയാണ്. മാസംതോറും നിശ്ചിത ദിവസം പഞ്ചായത്ത് ആസ്ഥാനത്ത് കലക്ഷനു വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുകയാണു ഉത്തമം.

## സാദ്ധ്യതകൾ

2 2—ാം വാർഡിൽ കുർച്യർമല പുഴ ചായ ഫാക്ടറിക്ക് താഴെവെച്ചു തടഞ്ഞു. വെള്ളച്ചാട്ടം നിർമ്മിച്ചു വൈദ്യുതി ഉണ്ടാക്കാൻ കഴിയും. മണ്ണാത്തിയിൽ നിന്നു ഒഴുകിവരുന്ന ചെറിയ നീർചാലുകൾ ഒന്നിപ്പിച്ചാൽ ആവശ്യമായ ജലം ലഭിക്കും.

1—ാം വാർഡിൽ 7—ാം യൂണിറ്റിൽ ഒഴുകി വരുന്ന ജലം തടഞ്ഞുനിർത്തി വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും.

സൗരോർജ്ജ പദ്ധതി ഇന്നു നിലച്ചുകിടക്കുന്ന സുഗന്ധഗിരിയിൽ അത് പുനഃസ്ഥാപിക്കാൻ ശ്രമിക്കണം

സൗരോർജ്ജ പദ്ധതി പരീക്ഷണാർത്ഥം ആനോത്തും സ്ഥാപിക്കേണ്ടതിന്നു ശ്രമിക്കണം

### ബയോഗ്യാസ്

പൊഴുതന അറവുശാലക്ക് സമീപം ഒരു ബയോഗ്യാസ് സ്കീം സ്ഥാപിക്കണം

പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്ത് വിറകിന് അനുയോജ്യമായ മരം വെച്ചുപിടിപ്പിക്കണം

പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ വേണ്ട പ്രചരണം നടത്തണം, സ്ഥാപിക്കണം.

# പാർപ്പിടവും സാമൂഹികക്ഷേമവും

## പാർപ്പിടം

ഒരു കുടുംബത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ് വാസയോഗ്യമായ ഭവനം. ഈ പഞ്ചായത്തിലെ ബഹുഭൂരിഭാഗം ജനങ്ങളും കൂലിപ്പണിയെടുത്ത് ഉപജീവനമാർഗം കണ്ടെത്തുന്നവരാണ്. നല്ലൊരു വീട് വെക്കാനുള്ള സാമ്പത്തികശേഷി ഇവർക്കില്ല. അതിനാൽ തന്നെ ഇപ്പോൾ അനുവദിച്ചതിലും വളരെ കൂടുതലായി ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. കൂടാതെ മുമ്പുണ്ടാക്കിയ ഭൂരിഭാഗം വീടുകളും വാസയോഗ്യമല്ലാതെ കിടക്കുകയുമാണ്. ഇത്തരം വീടുകൾക്കും കേടുപാടുകൾ തീർക്കുന്നതിനാവശ്യമായ ധനസഹായം എത്തിക്കേണ്ടിയിരിക്കുന്നു.

വീട് വെക്കണമെങ്കിൽ ഒരു ഇടം വേണമല്ലോ. ചുരുങ്ങിയത് 10 സെൻറ് സ്ഥലമെങ്കിലും വേണ്ടിവരും. ഈ പഞ്ചായത്തിൽ ഇത്തരം സ്ഥലമില്ലാത്തവരാണ് കൂടുതലും. ഈ അപാകത പരിഹരിക്കാൻ തക്കതായ നിവാരണമാർഗങ്ങൾ സർക്കാർതലത്തിൽ ചെയ്യേണ്ടിവരും.

പഞ്ചായത്തിലെ 4901 വീടുകളിൽ 285 കോൺക്രീറ്റ് വീടുകളും 3504 ഇടത്തരവും ബാക്കിയുള്ള 1112 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്. പരിഷ്ക്കരിച്ച രീതിയിൽ പണി ചെയ്ത വീടുകൾ വളരെ ദുർലഭമാണ്. ഗൾഫ് പണത്തിന്റെ സാമ്പത്തിക ശേഷിയുള്ള ചുരുക്കം കുടുംബങ്ങൾ ബഹുനില കെട്ടിടങ്ങളും ആധുനിക രീതിയിലുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട സാമഗ്രികളുടെ ദൗർലഭ്യമാണ് പാവപ്പെട്ടവരെ പാർപ്പിടനിർമ്മാണത്തിൽ നിന്നും പിന്തിരിപ്പിക്കുന്നത്. വീട് വെക്കാൻ ആവശ്യമായ എല്ലാ വസ്തുക്കൾക്കും ദിനംപ്രതി വില കയറിക്കൊണ്ടിരിക്കുകയാണ്. സിമൻറ്, ഇഷ്ടിക, പെയിൻറ്, മരം, കമ്പി എന്നിവയുടെ വില നിയന്ത്രിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അപര്യാപ്തമാണ്. പാവപ്പെട്ടവർക്കെങ്കിലും ഇത്തരം സാധനങ്ങൾ മിതമായ വിലക്ക് ലഭിക്കാൻ സർക്കാർ നപടികൾ സ്വീകരിക്കണം.

ചെലവ് കുറഞ്ഞ സാമഗ്രികൾ നിർമ്മിക്കാൻ സഹകരണമേഖലയിലും നിർമ്മിതി കേന്ദ്രം മുതലായ സംരംഭങ്ങളും മുന്നോട്ടുവരണം. നിർമ്മിതികേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തനം പാവപ്പെട്ടവർക്ക് ഗുണകരമായി തീരണമെങ്കിൽ അതിന്റെ പ്രവർത്തനം എല്ലാ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കേണ്ടിവരും. ചിലവു കുറഞ്ഞ വസ്തുക്കൾ നിർമ്മിച്ച് ആവശ്യമുള്ളവർക്ക് യഥാസമയം എത്തിക്കാൻ ഏർപ്പാടുണ്ടാക്കണം. സിഡ്കോ മുതലായ സർക്കാർ സ്ഥാപനങ്ങൾ സിമൻറ്, കമ്പി മുതലായവ ലാഭേച്ഛയില്ലാതെ പാവപ്പെട്ടവർക്ക് വിതരണം ചെയ്യണം.

മറ്റൊരു പ്രധാനഘടകം വിദഗ്ദ്ധ

തൊഴിലാളികളുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കണമെങ്കിൽ നിർമ്മാണ പ്രക്രിയയോട് അനുബന്ധിച്ചുള്ള എല്ലാ തൊഴിലുകളിലും വേണ്ടത്ര പരിശീലനം നൽകി ദ്രുതഗതിയിൽ നിരവധി ചെറുപ്പക്കാരെ സജ്ജമാക്കണം. ഇതിനായി പഞ്ചായത്തു തലത്തിലും ബ്ലോക്ക് തലത്തിലും പരിശീലന കേമ്പുകൾ നടത്താനുള്ള പശ്ചാത്തല സൗകര്യങ്ങൾസംവിധാനം ചെയ്യണം. ഇങ്ങനെ അനേകം വിദഗ്ദ്ധ തൊഴിലാളികൾ നിർമ്മാണരംഗത്തേക്ക് വന്നാൽ ഇപ്പോൾ അനുഭവിക്കുന്ന കാലതാമസം ഒഴിവാക്കാം.

പ്രാദേശികമായി ലഭിക്കുന്ന ചെലവ് ചുരുങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ നിർമ്മിക്കാൻ ചെറുകിട സംരംഭങ്ങൾ (ഉദാ. മഡ് ബ്ലോക്ക്, സിമൻറ് ബ്ലോക്ക്) പഞ്ചയാത്തു തലത്തിൽ സംഘടിപ്പിക്കണം.

കെട്ടിടനിർമ്മാണത്തിന് അനുഭവിക്കുന്ന അമിതമായ ചെലവ് കുറക്കാനായി പഴയ കാലത്തെ കൂട്ടുകുടുംബ വ്യവസ്ഥകൾക്ക് അനുസൃതമായ ഭവന കോംപ്ലക്സുകൾ പരീക്ഷിക്കാം. ഇപ്പോൾ പട്ടണങ്ങളിൽ പ്രചാരത്തിലിരിക്കുന്ന ഫ്ലാറ്റുകൾ ഈ ആശയത്തിൻെറ ഒരു പരിഷ്കൃത രൂപമാണ്.

1995—96 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ കീഴിൽ 20 വീടുകൾ അനുവദിക്കുകയുണ്ടായി. 1996—97ൽ 41 വീടുകൾക്ക് സഹായം അവുവദിച്ചിട്ടുണ്ട്. ഇതിൽ 60 ശതമാനം എസ്.സി, എസ്.ടി. വിഭാഗത്തിൽ പെട്ടവർക്കാണ്. 15800 രൂപയിൽ നിന്ന് ഈ വർഷം ധനസഹായം 22000 രൂപയായി ഉയർത്തിയിരിക്കുന്നു. ഗ്രാമസഭകളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ 980 വീടുകൾക്ക് ധനസഹായം നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ധനസഹായത്തിൻെറ കാര്യത്തിൽ ഒരു വീണ്ടുവിചാരം അത്യന്താപേക്ഷിതമായിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിലെ ഭവന നിർമ്മാണ ചെലവിനെക്കാൾ വളരെ അധികമാണ് കേരളത്തിലേത്. നിർമ്മാണതൊഴിലാളികളുടെ കൂലിവർദ്ധന, സാമഗ്രികളുടെ വില കൂടുതൽ, ഭൂമിയുടെ അമിതലവില എന്നീ കാരണങ്ങളാൽ കേരളത്തിൽ വളരെ ചെറിയ ഒരു വീട് നിർമ്മിക്കാൻ പോലും ചുരുങ്ങിയത് 50000 രൂപയെങ്കിലും വേണ്ടിവരും. കാലാകാലങ്ങളിൽ ജീവിതരീതിയിൽ വന്ന പരിഷ്കാരങ്ങളെയും ഇതിനായി പരിഗണിക്കണമല്ലോ. വീടുകളിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുളിമുറി, അടുക്കള, ശയനമുറികൾ എന്നിവയുടെ എണ്ണവും വലിപ്പവുമെല്ലാം തന്നെ പുനർനിർണ്ണയിക്കണം. നിലവിലുള്ള 22000 രൂപ കേരളത്തിലെ നിർമ്മാണചെലവ് കണക്കിലെടുത്താൽ തുലോംകുറവാണ്. അതിനാൽ തന്നെ ഗുണഭോക്താവ് വില കുറഞ്ഞ, ഈട് നിൽക്കാത്ത സാമഗ്രികളുപയോഗിക്കുകയും സിമൻറ്, മണൽ മുതലായവ കൃത്യ അളവിൽ ചേർക്കാതിരിക്കുകയും ചെയ്യുന്നതിന് നിർബന്ധിതനാകുന്നു. ഇക്കാരണത്താൽ കെട്ടിടത്തിൻെറ ഉറപ്പിനെ ബാധിക്കുകയും വളരെ ചുരുങ്ങിയ കാലയളവിൽ വാസയോഗ്യമല്ലാതാകുകയും ചെയ്യുന്നു. പഴയ കാലത്തെ ധനസഹായം ലഭിച്ചുണ്ടാക്കിയ മിക്ക വീടുകളും വാസയോഗ്യമാക്കണമെങ്കിൽ കേടുപാടുകൾ തീർക്കണം. ഇതിനുവേണ്ട ധനസഹായവും വരുംകാലങ്ങളിൽ സർക്കാർ നൽകണമെന്നുള്ളതാണ് പൊതു അഭിപ്രായം.

## സാമൂഹ്യക്ഷേമം

നിരവധി ക്ഷേമനിധികൾ സർക്കാർ ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ടെങ്കിലും നിലവിലുള്ള ജീവിതനിലവാരത്തെയും വിലവർദ്ധനവിനെയും കണക്കാക്കിയാൽ നൽകുന്ന ധനസഹായം വേണ്ടത്ര ഗുണം ചെയ്യുന്നില്ല എന്നുകാണാം. കൂടാതെ അസംഘടിത മേഖലകളിൽ പണിയെടുക്കുന്നവർക്ക് ക്ഷേമനിധികളുടെ സഹായം വേണ്ടത്ര ലഭിക്കുന്നില്ല എന്ന പരാതിയുമുണ്ട്. ഉദാഹരണമായി വൈദ്യസഹായം അസംഘടിത തൊഴിലാളികൾക്ക് തീരെ ലഭ്യമല്ല. ചെറുകിട കർഷകർക്കും കർഷക തൊഴിലാളികൾക്കും ആശുപത്രികളിൽ ശുശ്രൂഷ ലഭിക്കുന്നതിന് ഇപ്പോൾ സർക്കാറാശുപത്രികളുടെ പരിമിതികൾ കാരണം വളരെ പണം ചെലവാക്കി സ്വകാര്യ ആശുപത്രികളെയാണ് അവലംബിക്കുന്നത്. ഇത് അവരുടെ വരുമാനത്തെ സാരമായി ബാധിക്കുന്നു. കൂടാതെ വേണ്ട സമയത്ത് തക്ക വൈദ്യസഹായം കൊടുക്കാൻ ശേഷിയില്ലാത്തതിനാൽ പലരും തീരാവ്യാധികൾക്ക് അടിമയായി തീരുന്നു. ഗ്രാമസഭകളിലെ

ഉപദേശങ്ങൾക്കനുസൃതമായി സർക്കാർ ആശുപത്രികളിൽ ഇത്തരം അസംഘടിത മേഖലകളിലുള്ള ഗ്രാമീണ ജനതക്ക് ശുശ്രൂഷ യഥാസമയം ലഭിക്കാൻ വേണ്ട സൗകര്യങ്ങൾഏർപ്പാടാക്കണം.

നിലവിലുള്ള ക്ഷേമനിധി വിതരണം ഗ്രാമസഭകളുടെ ഉത്തരവാദിത്വത്തിലേക്ക് കൊണ്ടുവരണം. ധനസഹായം ലഭിക്കാൻ ബാങ്ക് വ്യവസ്ഥകളിൽ കാതലായ മാറ്റം അനിവാര്യമാണ്. സാമ്പത്തികസഹായം ലഭിക്കാൻ നിലവിലുള്ള ചട്ടങ്ങൾ ഗുണഭോക്താവിനെ അസാദ്ധ്യമായ നിയമക്കുരുക്കിലേക്ക് വലിച്ചിഴക്കുന്നു. പഞ്ചായത്തിൻെറ വിവേചനപരിധിയിൽ ആയിരിക്കണം ഈ പ്രദേശത്തെ ബാങ്കുകൾ ധനസഹായത്തിനാവശ്യമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തേണ്ടത്.

ഡി.ഡബ്ലിയു.സി.ആർ.എ, ട്രൈസം എന്നീ പദ്ധതികൾക്ക് ഈ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. സി.ആർ.എസ്.ടി. പദ്ധതി പ്രകാരം പത്ത് പേർക്ക് കക്കൂസ് ലഭിച്ചു. പരമ്പരാഗത കൈത്തൊഴിലാളി വികസന പരിപാടിയുടെ കീഴിൽ 16 പേർക്ക് പരിശീലനം ലഭിച്ചു. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സഹായം ലഭിക്കാൻ അർഹരായ ഈ പഞ്ചായത്തിൽ 1367 കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിൽ 95 പേർ എസ്.സി. വിഭാഗത്തിലും 255 പേർ എസ്.ടി. വിഭാഗത്തിലും 1017 പേർ മറ്റ് വിഭാഗത്തിലും പെട്ടവരാണ്. 1995—96ൽ നിരവധി പേരെ സഹായിക്കാവുന്ന അപേക്ഷകൾ ബാങ്കുകളിലേക്ക് സമർപ്പിച്ചുവെങ്കിലും മൂന്ന് പേർക്ക് മാത്രമേ ആനുകൂല്യം ലഭിച്ചുള്ളൂ. 1996—97ൽ 20 പേരെ ശുപാർശ ചെയ്ത് നടപടികൾ പൂർത്തിയാക്കിവരുന്നു.

## പൊതുവിതരണരംഗം

പാർപ്പിടരംഗത്തെയും സാമൂഹ്യക്ഷേമരംഗത്തെയും പ്രശ്നങ്ങൾ പരിഹരിക്കാനായി താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ദുർബലവിഭാഗത്തിൽ പെട്ട എല്ലാവർക്കും വീട് വെക്കുന്നതിനായി 10 സെൻറ് സ്ഥലമെങ്കിലും ലഭിക്കുന്നതിനായി വേണമെങ്കിൽ നിയമനിർമ്മാണം കൊണ്ടുവരിക. പുറമ്പോക്ക് ഭൂമികൾ ഇതിനായി ഉപയുക്തമാക്കാം.

2. ഭവനിർമ്മാണത്തിനുള്ള ധനസഹായം ചുരുങ്ങിയത് 50000 രൂപയെങ്കിലുമാക്കണം. സാധനങ്ങളുടെയും ഭൂമിയുടെയും വിലകയറ്റവും കൂലിവർദ്ധനയും കണക്കിലെടുത്ത് ന്യായമായ വർദ്ധനവ് ആവശ്യമാണ്.

3. നിർമ്മിതികേന്ദ്ര, സിഡ്കോ, മുതലായ സർക്കാർ സ്ഥാപനങ്ങൾ ഭവനനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുകയും ന്യായമായ വിലക്ക് യഥാസമയം ഗുണഭോക്താക്കൾക്ക് എത്തിക്കുകയും ചെയ്യുന്നതിനായി പ്രായോഗികമായ ഒരു സംവിധാനം ഏർപ്പെടുത്തണം. സഹകരണമേഖലയുടെ സഹായവും ഇതിനായി സ്വീകരിക്കാം.

4. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ വിദഗ്ദ്ധതൊഴിലാളികളുട ദൗർലഭ്യം കാരണം നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബ്ലോക്ക് തലത്തിലും പഞ്ചായത്തു തലത്തിലും ഇത്തരം തൊഴിലാളികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിന് വേണ്ട ആർട്ടിസാൻസ് ട്രെയിനിംഗ് സെൻറർ സംഘടിപ്പിക്കുകയും അതിനുവേണ്ട എല്ലാ പശ്ചാത്തലസൗകര്യങ്ങളും ഏർപ്പാടാക്കുകയും വേണം.

5. കാലവർഷക്കെടുതിയിലും കാലപ്പഴക്കവും കൊണ്ട് കേടുവന്നുപോയ പഴയ വീടുകൾ വാസയോഗ്യമാക്കാനായി വേണ്ട ധനസഹായം സബ്സിഡി രൂപത്തിൽ എത്തിക്കണം. ഇതിനായി ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾക്ക് പരിഗണന നൽകി ഗുണഭോക്താവിനെ തെരഞ്ഞെടുക്കണം.

6. ലളിതമായ രീതിയിലായിരിക്കണം ബാങ്ക് വായ്പാ വിതരണം. നിലവിലുള്ള ചട്ടങ്ങൾ പരിപാലിക്കാൻ പലപ്പോഴും ദുർബല വിഭാഗത്തിൽ പെട്ടവർക്ക് രേഖകൾ സ്വരൂപിക്കാനും സമർപ്പിക്കാനും കഴിയാതെ വരുമ്പോൾ അർഹരായവർക്ക് കൂടി ധനസഹായം ഒരു മിഥ്യയായി മാറുന്നു. ഗ്രാമപഞ്ചായത്തിൻെറ ഉപദേശം അനുസരിച്ച് അർഹരായവരുടെ സ്വത്തുവിവരത്തിൻെറ സത്യാവസ്ഥകൾ ബോദ്ധ്യപ്പെടുത്തിയാൽ ധനസഹായം കൊടുക്കണം എന്ന കാതലായ മാറ്റം ചട്ടത്തിൽ ആവശ്യമാണ്.

7. മിക്ക അംഗൻവാടികളും വളരെ പരിമിതമായ ഭൗതിക സൗകര്യങ്ങളോടു

കൂടിയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തന്നെ അവയുടെ ഉപദേശലക്ഷ്യം നിറവേറ്റാൻ സാധിക്കാതെ പോകുന്നു. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളായ വിശാലമായ മുറി, അടുക്കള, കക്കൂസ്, പഠനോപകരണങ്ങൾ, ഫർണീച്ചർ, കളിപ്പാട്ടങ്ങൾ, വൈദ്യുതി, വെള്ളം എന്നിവ ഉറപ്പുവരുത്തണം.

8. ചെറുകിട കർഷക തൊഴിലാലികൾക്ക് ആശുപത്രി സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നില്ല. സ്വകാര്യ ആശുപത്രികളിലെ ചെലവ് അവരുടെ കൈയിലൊതുങ്ങാത്തതുമാണ്. അതിനാൽ സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പാട് ചെയ്ത് ഈ അസംഘടിത മേഖലയിലുള്ളവർക്ക് വൈദ്യസഹായം എത്തിക്കണം.

9. പല ഗ്രാമങ്ങളിലും വൃദ്ധമന്ദിരം, ശിശുമന്ദിരം എന്നിവ ആവശ്യമായിരിക്കുന്നു. ഇതിനായി ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കേണ്ടിയരിക്കുന്നു. ബ്ലോക്ക് തലത്തിലെങ്കിലും ഒരു വൃദ്ധമന്ദിരവും ഗ്രാമങ്ങളിൽ ശിശുമന്ദിരങ്ങളും അത്യന്താപേക്ഷിതമാണ്.

10. മുന്നോക്ക സമുദായത്തിലെ ദുർബല വിഭാഗങ്ങൾക്കും ഒ.ബി.സിയിൽ പെട്ടവർക്കും വീട് വെക്കാൻ ധനസഹായം ആവശ്യമായിരിക്കയാണ്.

11. നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തി എല്ലാ വിധവകൾക്കും പ്രായപൂർത്തിയായ ആൺകുട്ടികൾ ഉള്ളവർക്കുപോലും ക്ഷേമനിധിയിലെ സഹായം ലഭിക്കുന്നതിന് സൗകര്യം ചെയ്യണം.

12. പൊതുവിതരണ സമ്പ്രദായത്തിൽ കാതലായ മാറ്റം ആവശ്യമാണ്. മാവേലി സ്റ്റോറുകളും മൊബൈൽ വാനുകളും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള ദുർബല വിഭാഗങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കണം. ഓരോ വാർഡിലും മാസത്തിൽ ഒരു തവണയെങ്കിലും ചലിക്കുന്ന മാവേലി സ്റ്റോറുകൾ എത്തി പാവപ്പെട്ടവർക്ക് മിതമായ നിരക്കിൽ പലചരക്കുവസ്തുക്കൾ വിതരണം ചെയ്യണം.

# സംസ്കാരം

പൊഴുതനയുടെ സാംസ്കാരിക പൈതൃകത്തെ പറ്റി ചിന്തിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളെ മൂന്ന് ഘട്ടങ്ങളായി വിഭജിക്കേണ്ടിയിരിക്കുന്നു.

1. നാടുവാഴിത്തകാലം
2. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ കാലം.
3. ആധുനിക കാലം

നാടുവാഴിത്തകാലത്തെ പൊഴുതന കോട്ടയം തമ്പുരാൻെറ വയനാട് ജീവിതവും ടിപ്പു സുൽത്താൻെറ പടയോട്ടവും ഒക്കെയായി കിടക്കുന്നു. കോട്ടയം രാജാവ് മാറിമാറി താമസിച്ചിരുന്ന വീടുകളാണ് 'ഇട'ങ്ങളായി അറിയപ്പെടുന്നതെന്നും ആനോത്തിടം, അച്ചൂരിടം, പൊഴുതന എടം, ഇന്ന് തരിയോട് പഞ്ചായത്തിൽ ഉൾപ്പെട്ടുകിടക്കുന്ന തരിയോടിടം...ഇതൊക്കെ തമ്പുരാൻെറ വീടുകളായിരുന്നെന്നും പറയപ്പെടുന്നു. ടിപ്പു സുൽത്താൻെറ പടയോട്ട കാലത്ത് കുതിര പടയാളികൾ പോയ റോഡാണ് കുതിരപ്പാണ്ടി റോഡ് എന്നും പറയപ്പെടുന്നത്. അങ്ങനെ നാട്ടുരാജാക്കന്മാരുടെയും നാടുവാഴികളുടെയും ചരിത്രവുമായി ഈ ദേശം ബന്ധപ്പെട്ടുകിടക്കുന്നു.

രണ്ടാംഘട്ടം സ്വാതന്ത്ര്യ സമര കാലഘട്ടത്തിലേക്ക് കടന്നാൽ ഏറിയ പങ്ക് ഭൂമിയും വിദേശ തേയില തോട്ടങ്ങളുടെ കൈവശം വന്നുചേർന്നതിൻെറ അവസ്ഥയാണ്. സ്വാതന്ത്ര്യ സമരം അതിശക്തമായി ഈ പ്രദേശത്ത് നടന്നതിന് യാതൊരു തെളിവുകളും കാണുന്നില്ല. 1921ലെ മലബാർ ലഹളയിൽ പെട്ടവരും അനുഭാവികളും ഈ പ്രദേശത്തുവന്ന് താമസമാക്കിയിരുന്നു. തേയിലതോട്ടങ്ങളിൽ അവർ ജോലിക്കാരായി ചേർന്നിരുന്നു. അവരുടെ രണ്ടും മൂന്നും തലമുറയിൽ പെട്ടവരാണ് തോട്ടം തൊഴിലാളികളിൽ നല്ല ശതമാനം.

മൂന്നാംഘട്ടം ആധുനിക കാലമാണ്. ഇതിനെ 1957ലെ കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയുടെ തുടക്കം മുതൽ ഉള്ള കാലം എന്നുവിളിക്കാം. യഥാർത്ഥമായ പൊഴുതനയുടെ ചരിത്രം അന്നുമുതലാണ് തുടങ്ങുന്നത്. വൻകിട ഭൂവുടമയായിരുന്ന പൊഴുതന ഇടം ജന്മിമാരുടെ ഭൂമി പല കൈകളിലായി പിരിഞ്ഞത് അന്ന് മുതലാണ്. കാർഷികബന്ധനിയമം, തുടർന്നുവന്ന ഭൂപരിഷ്കരണ നിയമം, മിച്ചഭൂമി ഏറ്റെടുക്കൽ എന്നിവയൊക്കെ ഭൂമിയുടെ വികേന്ദ്രീകരണത്തിന് കാരണമായിരുന്നു. നിയമത്തിൽ നിന്ന് രക്ഷ നേടാൻ വേണ്ടി സ്വമേധയാ വിൽപന നടത്തിയതിന് പുറമെ സ്വകാര്യ വനസംരക്ഷണ നിയമപ്രകാരം ഗവൺമെൻറ് ആയിരക്കണക്കിന് ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തു. എന്നിട്ടും ഒരു വടവൃക്ഷം പോലെ നിന്നിരുന്ന പൊഴുതന ഇടം തറവാടിൻെറ ഭാഗംവെപ്പിന് വേഗം കൂട്ടിയത് അവിടെ നടന്ന ഒരു തൊഴിലാളി സമരമാണ്. ഒരർത്ഥത്തിൽ ആ തൊഴിലാളി സമരമാണ്

ആധുനിക പൊഴുതനയുടെ മുഖച്ഛായ മാറ്റിയെടുത്തത്.

ഈ പഞ്ചായത്തിൽ ആദ്യമായി ഒരു വായനശാല വന്നത് 1952—53 കാലത്താണ്. റിപ്പബ്ലിക്ക് മെമ്മോറിയൽ വായനശാല എന്നായിരുന്നു ആ വായനശാലയുടെ പേര്. തുടർന്ന് ചില വായനശാലകൾ വന്നുവെങ്കിലും ഇതൊന്നും നീണ്ടുനിന്നില്ല. എസ്റ്റേറ്റ് ഡിവിഷനുകളിൽ നടത്തിവന്നിരുന്ന ലേബർ ക്ലബുകളാണ് വായനശാലയുടെ കൃത്യം നിർവഹിക്കുന്നത്. പഞ്ചായത്ത് ആസ്ഥാനത്ത് നടക്കുന്ന പഞ്ചായത്ത് ഗ്രന്ഥശാലയാണ് ഈ പഞ്ചായത്തിലെ ഒരു പ്രധാന ഗ്രന്ഥശാല. ചില ആർട്സ് ക്ലബുകൾ ഇടക്കിടക്ക് സ്ഥാപിക്കുകയും തകരുകയും ചെയ്യാറുണ്ട്. വർഷങ്ങൾക്കുമുമ്പ് ചില നാടകങ്ങൾ അവതരിപ്പിച്ചിരുന്നു എന്നതൊഴിച്ചാൽ കാര്യമായ കലാപ്രകടനങ്ങളൊന്നും ഇപ്പോഴും നടക്കുന്നില്ല.

ഗ്രാമസഭകളിൽ നിന്നുവന്ന ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. കേരളോത്സവം തുടങ്ങിയവ കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കണമെന്നും, വാർഡുകൾ തോറും കലാസമിതികൾ, ക്ലബുകൾ എന്നിവ രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. ഇന്നത്തെ പൊഴുതനയെ സാംസ്കാരികാടിസ്ഥാനത്തിൽ വീക്ഷിക്കുകയാണെങ്കിൽ ഏറ്റവും അത്യാവശ്യമായിട്ടുള്ളത് കലാസാംസ്ക്കാരിക പ്രവർത്തനങ്ങളാണെന്ന് കാണാം. സാംസ്കാരികമായി വളരെ പിന്നിൽ നിൽക്കുന്ന ഈ ജനങ്ങളെ ഉയർത്താൻ പ്ലാൻ ചെയ്ത പ്രവർത്തനം ആവശ്യമാണ്.

## ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് ഇടത്തരം സൗക[ര്യ]ങ്ങളോടുകൂടി മിനി സ്റ്റേഡിയം
2. വാർഡുകൾ തോറും സാംസ്കാരികനിലയ[ം] സ്ഥാപിക്കുക.
3. എല്ലാ വാർഡിലും ഗ്രന്ഥശാലക[ൾ] സ്ഥാപിക്കുക.
4. പഞ്ചായത്ത് ആസ്ഥാനത്തുള്ള ഗ്രന്ഥാലയ[ം] കുറ്റമറ്റതും കൂടുതൽ ഗ്രന്ഥങ്ങൾ ശേഖരിക്കുകയു[ം] ചെയ്യുക.
5. സ്കൂൾ കോംപ്ലക്സ് ആശയ[ം] പ്രോത്സാഹിപ്പിക്കുക.
6. കേരളോത്സവം ജനകീയവും ഗൗര[വ]പൂർണ്ണവുമാക്കുക.
7. എല്ലാ വാർഡിലും കലാസമിതിക[ൾ] രൂപീകരിക്കുക.
8. മദ്യനിരോധനം പൂർണ്ണമാക്കുക. മയക്ക[ു] മരുന്നിനെതിരെ സെമിനാറുകൾ സംഘടിപ്പിക്കുക[.]
9. ആദിവാസികളുടേതടക്കം പാരമ്പര്യകലക[ൾ] പ്രോത്സാഹിപ്പിക്കുക.
10. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ഓപ്പ[ൺ] സ്റ്റേജ് സ്ഥാപിക്കുക.
11. സ്റ്റേഡിയത്തിനുവേണ്ടി രണ്ട് ഏക്കർ സ്ഥല[ം] വിലക്കെടുക്കണം
12. പഞ്ചായത്തുതലത്തിൽ ഒരു കായിക[] പരിശീലന കേന്ദ്രം സ്ഥാപിക്കണം.

■ ■ ■ ■ ■

# വനിത

1991ലെ കാനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 8240 സ്ത്രീകളുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 50 ശതമാനം ആണ്. 5225 പേർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരിക്കുന്നു. പട്ടികജാതി–പട്ടികവർഗ വിഭാഗത്തിൽ 2180 വനിതകളുണ്ട്. ഇവരിൽ 90 ശതമാനം നിരക്ഷരരാണ്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കാർഷിക വ്യവസായം ചായ തോട്ടങ്ങളാണ്. അവിടെ സ്ത്രീകൾ പണിയെടുക്കുന്നു. വലുതും ചെറുതുമായ കാപ്പി–ചായ തോട്ടങ്ങളിലെ വനിതകളുടെ പങ്ക് 50 ശതമാനത്തോളം വരുന്നു. നെൽപാടങ്ങളിൽ പണിയെടുക്കുവാൻ എസ്.സി, എസ്.ടി. വിഭാഗത്തിൽ പെട്ട വനിതകളെയാണ് കൂടുതലും ലഭിക്കുന്നത്. മറ്റ് തൊഴിൽ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. കാർഷികവൃത്തി സംബന്ധിച്ച് തൊഴിൽ എടുത്ത് കുടുംബം നയിക്കുന്നവരാണ് മിക്ക സ്ത്രീകളും. ബാക്കിയുള്ളവർ ഗൃഹജോലിയുമായി വീടുകളിൽ ഒതുങ്ങിക്കഴിയുന്നു.

സാംസ്കാരിക–സാമൂഹ്യരംഗങ്ങളിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ കാര്യമായ സംഭാവനകളൊന്നും നൽകിയിട്ടില്ല. സംവരണത്തിൻെറ ആനുകൂല്യത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയിലേക്ക് വനിതാ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ വനിതാ പ്രസിഡണ്ടായി ശ്രീമതി നദീറാ മുസ്തഫയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടായി പഞ്ചായത്തിലെ തന്നെ ശ്രീമതി പത്മ പ്രഭാദേവി ഉണ്ണികൃഷ്ണനുമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

മറ്റ് സ്ഥലങ്ങളെന്ന പോലെ സ്ത്രീകൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ ഇവിടെയുമുണ്ട്. വിവാഹാനന്തരമുള്ള സ്ത്രീധന പീഡനങ്ങൾ കുറവാണെങ്കിലും വിവാഹം കഴിക്കാനായി ഭാരിച്ച സ്ത്രീധനം ചോദിച്ചു വാങ്ങുന്ന സമ്പ്രദായം ഇപ്പോഴും സാധാരണമാണ്.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. നിലവിൽ ഒന്ന്, ആറ്, ഏഴ്, ഒമ്പത് എന്നീ വാർഡുകളിൽ മാത്രമേ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. ഈ വേദികൾ ഇപ്പോഴും പറയത്തക്ക സാമൂഹ്യ പരിവർത്തനത്തിന് ശ്രമിച്ചിട്ടില്ല.

ഡി.ഡബ്ല്യു.സി.ആർ.എ.യുടെ കീഴിൽ മൂന്ന് യൂനിറ്റുകൾ ഉണ്ടായിരുന്നത് പോലും ശരിയായ രീതിയിൽ മാനേജ്മെൻറ് ഇല്ലാത്തതിനാൽ പരാജയപ്പെടുകയാണുണ്ടായത്. ഏഴാം വാർഡിൽ അത്തിമൂലയിൽ അത്തരമൊരു യൂണിറ്റ് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിശേഷാൽ ഗ്രാമസഭകളിൽ നടത്തിയ ഗ്രൂപ്പ് ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഈ പഞ്ചായത്തിലെ വനിതകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ വിവരിക്കുന്നവയാണ്.

## പ്രശ്നങ്ങൾ

1. പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾ

കാണിക്കുന്ന വിമുഖത

2. തൊഴിലെടുക്കുന്ന വനിതകളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. സാങ്കേതിക വിദ്യക്കനുസരിച്ച് ജോലി ചെയ്യാനുള്ള സൗകര്യക്കുറവ്.

3. വിദ്യാസമ്പന്നരായ സ്ത്രീകൾ ജോലികളിൽ പ്രവേശിക്കാൻ താൽപര്യം കാണിക്കുന്നില്ല.

4. ചാരായ നിരോധനം നടപ്പാക്കിയെങ്കിലും ഇപ്പോഴും മദ്യപാനികളായ ഭർത്താക്കന്മാരുടെ പീഡനം കൊണ്ട് സാമ്പത്തികമായും മാനസികമായും ശാരീരികമായും ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബിനികൾ ധാരാളമുണ്ട്.

5. ചായത്തോട്ടങ്ങളിലും കാപ്പിത്തോട്ടങ്ങളിലും പണിയെടുക്കുന്ന സ്ഥിരം വനിതകൾക്ക് മാത്രമേ പുരുഷന്മാർക്ക് ലഭിക്കുന്ന വേതനം കിട്ടുന്നുള്ളൂ. മറ്റ് മേഖലകളിൽ ഇപ്പോഴും സ്ത്രീകൾക്ക് തുല്ല്യ ജോലിക്ക് തുല്ല്യ വേതനം ലഭിക്കുന്നില്ല.

6. സർക്കാർ ആശുപത്രികളിൽ പ്രത്യേകം വനിതാ വാർഡുകളും വനിതാ ഡോക്ടർമാരും ഇല്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നു.

7. പഞ്ചായത്തിലെ പല വാർഡുകളിലും പ്രാഥമിക വിദ്യാലയങ്ങൾ പോലും ഇല്ലാത്തതിനാൽ അവിടങ്ങളിലെ പെൺകുട്ടികൾ നാലും അഞ്ചും കിലോമീറ്റർ നടന്നാണ് പഠനം നടത്തുന്നത്. ഇതുകാരണം ശാരീരികവും മാനസികവുമായ ക്ഷീണം ഇവരനുഭവിക്കുന്നു.

8. പഞ്ചായത്തിലെ എല്ലാ വിധവകൾക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല.

9. സ്ത്രീധനപീഡനം ഇപ്പോഴും നിലനിൽക്കുന്നു.

10. പഞ്ചായത്തിലെ ബഹുഭൂരിഭാഗം വീടുകളിലും കക്കൂസ്, കുളിമുറി സൗകര്യം ഇല്ലാത്തതിനാൽ വനിതകൾക്ക് പ്രയാസം നേരിടുന്നുണ്ട്.

11. മിക്ക വീടുകളിലും പാചകത്തിന് വിറകാണ് പ്രധാന ഇന്ധനം. അടുക്കളയിൽ നിന്നും ഉയരുന്ന പുക ആരോഗ്യപരമായ പ്രശ്നങ്ങളുണ്ടാക്കുന്നു.

12. മതിയായ പോഷകാഹാരക്കുറവ് കാരണം ഗർഭിണികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടത്ര ആരോഗ്യം നിലനിർത്താനാകുന്നില്ല.

13. പഞ്ചായത്തിൽ കലാകായികരംഗത്ത് അഭിരുചിയുള്ള നിരവധി പെൺകുട്ടികളുണ്ടെങ്കിലും ഇവർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം കൊടുക്കാനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

## സാദ്ധ്യതകൾ

1. പൊതുപ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി നിലവിലുള്ള സംവരണശതമാനം കൂടുതലാക്കുക. ബോധവൽക്കരണക്ലാസുകൾ വാർഡുകൾ തോറും നടത്തുക. പെൺകുട്ടികൾക്ക് നിർബന്ധ വിദ്യാഭ്യാസം ഏർപ്പെടുത്തി കൊഴിഞ്ഞുപോകലിനെതിരെ രക്ഷിതാക്കളെ ബോധവൽക്കരിക്കുക. മഹിളാ സമാജങ്ങൾ പ്രവർത്തിക്കാൻ വേണ്ട പശ്ചാത്തല സൗകര്യങ്ങളായ കെട്ടിടം, ഉപകരണങ്ങൾ, സാങ്കേതികസഹായം എന്നിവ സർക്കാർ ഏർപ്പാട് ചെയ്യുക.

2. അഭ്യസ്ഥവിദ്യരായ പെൺകുട്ടികളെ കണ്ടെത്തി അവരുടെ അഭിരുചിക്കനുസരിച്ച് വിവിധ തൊഴിൽ പരിശീലനം കൊടുത്ത് കുടിൽവ്യവസായങ്ങൾ നടത്താൻ പ്രേരിപ്പിക്കുക. മത്സരപരീക്ഷകളിൽ വിജയപ്രദമായി പങ്കെടുക്കാനുള്ള ശേഷി ഉണ്ടാകുന്നതിനായി കോച്ചിങ്ങ് ക്ലാസുകൾ ആരംഭിക്കാൻ മഹിളാ സമാജങ്ങൾക്ക് സഹായം നൽകുക.

സർക്കാർ നടപ്പാക്കുന്ന ഡി.ഡബ്ലിയു.സി. ആർ.എ, ട്രൈസം എന്നീ പദ്ധതികളിൽ എല്ലാ വാർഡിലെയും സ്ത്രീകൾ പങ്കെടുക്കാനുതകുന്ന രീതിയിൽ സമർത്ഥരായ മഹിളാ വി.ഇ.ഒ.മാരെ നിയമിക്കുക. അവരുടെ പ്രവർത്തന നിരന്തര അവലോകനം പഞ്ചായത്ത് ബോർഡ് നേരിട്ട് നടത്തുക.

4. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാകുക. മദ്യപാനം, പുകവലി, മയക്കുമരുന്ന് എന്നിവക്കെതിരെ നിരന്തരം ബോധവൽക്കരണം നടത്തുക. വിദ്യാർത്ഥികളിൽ ഇവക്കെതിരായ അവബോധം ഉയർത്തുന്നതിനായി ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുക.

5. തുല്ല്യജോലിക്ക് തല്ല്യവേതനം എന്ന തത്വം എല്ലാ തൊഴിലുടമകളെയും അംഗീകരിപ്പിക്കാൻ ശ്രമിക്കുക. നിർബന്ധിപ്പിക്കുക.

6. വനിതകൾക്ക് പ്രത്യേക ആശുപത്രി വേണം. എല്ലാ ആശുപത്രികളിലും ഒരു ലേഡി ഡോക്ടറെയെങ്കിലും നിയമിക്കണം. ഹെൽത്ത് സെൻററുകളുടെ എണ്ണം കൂട്ടുക.

7. ഒരു കിലോമീറ്ററിനുള്ളിൽ ഒരു നഴ്സറി സ്കൂളും രണ്ട് കിലോ മീറ്ററിനുള്ളിൽ ഒരു പ്രാഥമിക വിദ്യാലയവും പഞ്ചായത്തിൽ സ്ഥാപിക്കുക.

8. ഈ പഞ്ചായത്തിൽ 453 വിധവകൾ ഉണ്ട്. പെൻഷൻ ലഭിക്കുന്നവർ 53. ബാക്കി പേർക്കും പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. നിയമത്തിൽ വേണ്ട മാറ്റം വരുത്തി എല്ലാ തരം വിധവകളെയും പെൻഷന് അർഹരാക്കുക.

9. പെൺകുട്ടികളുടെ നിർബന്ധ വിദ്യാഭ്യാസം, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക. ബോധവൽക്കരണം എന്നിവയിലൂടെ മാത്രമെ സ്ത്രീധനത്തിനെതിരെ ശാശ്വത പരിഹാരം കണ്ടെത്താനാകൂ.

10. കക്കൂസ്, കുളിമുറി ഇല്ലാത്ത അർഹരായ എല്ലാ വീട്ടിലും അവ നിർമ്മിക്കുന്നതിനായി ധനസഹായം ഏർപ്പടുത്തുക. പഞ്ചായത്തിലെ പുഴയോരങ്ങളിൽ സ്ത്രീകൾക്ക് കുളിക്കാനുള്ള കടവുകൾ പണിയുക.

11. പുകയില്ലാ അടുപ്പുകൾ നിർബന്ധമാക്കി ധനസഹായത്തോടെ വിതരണം ചെയ്യുക.

12. അംഗൻവാടികൾ, ഹെൽത്ത് സെൻറർ, സ്കൂൾ കോംപ്ലക്സ് എന്നിവയുടെ സേവനത്തിലൂടെ വിദ്യാർത്ഥിനികൾക്കും ഗർഭിണികൾക്കും പോഷകാഹാരഗുണമുള്ള ഭക്ഷണം, മരുന്ന്, വിറ്റാമിനുകൾ എന്നിവ സൗജന്യ വ്യവസ്ഥയിൽ വിതരണം ചെയ്യുക. വാർഡ് തോറും പോഷകഗുണമുള്ള പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ മഹിളാസമാജങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പാടാക്കുക.

13. കലാകായികരംഗത്ത് അഭിരുചിയുള്ള പെൺകുട്ടികൾക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം കൊടുക്കാൻ വേണ്ട സംവിധാനം വിദ്യാലയങ്ങളിൽ ഏർപ്പാടാക്കുക.

14. തൊഴിലവസരങ്ങൾ കൂട്ടാനും കുടുംബത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും സ്ത്രീകൾക്ക് കൂൺ കൃഷി, പൂന്തോട്ട കൃഷി, തുന്നൽ, പട്ടുനൂൽ പുഴു വളർത്തൽ എന്നിങ്ങനെ നിരവധി പുതിയ സംരംഭങ്ങൾ സംഘടിതമായി ആവിഷ്കരിക്കാം.

ഈ വിഷയങ്ങളിൽ പരിശീലനം കൊടുക്കുന്നതിന് അമ്പലവയലിൽ ഉള്ള കാർഷിക സർവ്വകലാശാലയിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൻെറ സഹായം തേടുക.

'ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി' എന്ന സഹകരണസിദ്ധാന്തം വേണ്ടത്ര വേരോടാത്ത പഞ്ചായത്താണ് പൊഴുതന. അനന്ത സാദ്ധ്യതകളുള്ള സഹകരണമേഖല ഇവിടെ ശൈശവദശയിലാണ്. ഭാരതത്തിലെ ആദ്യത്തെ സഹകരണനിയമം നിലവിൽ വന്നത് 24 വർഷത്തിനുശേഷമാണ് 1928—ൽ വൈത്തിരിയിൽ ആദ്യത്തെ സഹകരണസ്ഥാപനം രൂപം കൊള്ളുന്നത് ജീവിതത്തിൻെറ എല്ലാ മേഖലകളിലും സഹകരണപ്രസ്ഥാനം വളർന്ന് വലുതായപ്പോഴും ഇവിടെ അത്തരത്തിലുള്ള യാതൊരു ശ്രമവും നടന്നില്ല.

1928—ൽ പൊഴുതന കൂടി ഉൾക്കൊണ്ടിരുന്ന വൈത്തിരിയിൽ വിവിധോദ്ദേശ്യ ഐക്യനാണയ സംഘം ജനുവരി 30ന് റജിസ്റ്റർ ചെയ്തു. 1929 മാർച്ച് 11ന് ഈ സംഘം പ്രവർത്തനം ആരംഭിച്ചു. 121 അംഗങ്ങളാണ് ആദ്യം ഉണ്ടായിരുന്നത്. 525 ഓഹരികളിലായി 3585 ക 50 പൈസയായിരുന്നു മൂലധനം. 12748 വായ്പ വാങ്ങി 15266 ക 80 പൈസ വായ്പ നല്കിക്കൊണ്ടായിരുന്നു തുടക്കം.

27.3.67ൽ വൈത്തിരി സർവ്വീസ് സഹകരണബാങ്കായി ഈ സ്ഥാപനം വളർന്നു. ബാങ്കിൻെറ ആദ്യത്തെ പ്രസിഡൻറ് ടി.കെ. മാധവൻ നായരായിരുന്നു. വി.വി.ജോസ് ഓണിററി സെക്രട്ടറിയായി പ്രവർത്തിച്ചു.

1973ൽ എ.രവീന്ദ്രൻ പ്രസിഡൻറായി. 75 മുതൽ പി. കുഞ്ഞിക്കണ്ണൻ പ്രസിഡൻറായി തുടരുന്നു. സഹകരണരംഗത്തെ ആദ്യസംരംഭം എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം പൊഴുതനയിൽ ശാഖയോടുകൂടി ഇന്നത്തെ നിലയിലേക്ക് വളർന്നു. ഈ സ്ഥാപനത്തിൻെറ വളർച്ചയിൽ പൊഴുതന പഞ്ചായത്തിലെ പ്രമുഖ സഹകാരികളായിരുന്നു എൻ.ആർ.നാണു നായർ, ചാലിൽ തൊടി മുഹമ്മദ് മേസ്ത്രി, പി.കണ്ണൻ, പാലട്ടി സ്റ്റീഫൻ, എ.കെ.ഭാസ്കരൻ നായർ, ഉലകാത്തറ കുര്യാക്കോസ് ഉലഹന്നാൻ തുടങ്ങിയവർ പ്രധാന പങ്കുവഹിച്ചു. ആലിമമ്മു, കെ.ഗോവിന്ദൻ, എ.എ.ജോസഫം, മാരിലോജ് മമ്മു എന്നിവരും പിന്നീട് ഭരണസമിതി അംഗങ്ങളായിരുന്നു.

അച്ചൂർ ഗവൺമെൻറ് ഹൈസ്ക്കൂളിൽ ഒരു കോ—ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പിന്നീട് ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ട ഒരു സഹകരണസ്ഥാപനം. കുട്ടികളുടെ പുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങുന്നതാണ് ഇതിൻെറ പ്രവർത്തനം. 1990--ൽ അച്ചൂർ എസ്റ്റേറ്റ് തൊഴിലാളി സഹകരണസംഘം റജിസ്റ്റർ ചെയ്തു. ഇതിൻെറ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. പാറത്തോട്ടിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് പ്രാരംഭപ്രവർത്തനം നടത്തിയെങ്കിലും വിജയിച്ചില്ല.

### സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

പ്രമുഖ സഹകരണസ്ഥാപനമായ വൈത്തിരി സർവ്വീസ് സഹകരണബാങ്ക് പൊഴുതന ശാഖ വഴി 300ഓളം കൃഷിക്കാർക്ക് വായ്പ നൽകുന്നു.

3000ത്തോളം കൃഷിക്കാരിൽ ഭൂരിഭാഗവും ഈ സ്ഥാപനത്തിൽ അംഗങ്ങളല്ല. വളരെ ചെറിയ വിഭാഗം മാത്രമേ കാർഷിക വായ്പകൾക്ക് ബേങ്കിനെ സമീപിക്കുന്നുള്ളൂ. തിരിച്ചടവ് ക്രമമല്ലാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുന്നില്ല. തിരിച്ചടവ് കൃത്യമായി നടത്തിയാൽ സംഘത്തെ ലാഭത്തിലാക്കാനും കൂടുതൽ കൃഷിക്കാരുടെ വായ്പാവശ്യങ്ങൾ നിർവ്വഹിക്കാനും കഴിയും.

ദീർഘകാല വായ്പകൾക്ക് ആവശ്യക്കാരായ കൃഷിക്കാർ വൈത്തിരി പ്രാഥമിക കാർഷിക വികസനബാങ്കിനെയാണ് ആശ്രയിക്കുന്നത്. ലോൺ കിട്ടുന്നതിന് വരുന്ന കാലാന്തരവും മറ്റു പ്രശ്നങ്ങളും പരാതിയായി നിലനില്ക്കുന്നു.

ക്ഷീരകർഷകർക്ക് പഴയ വൈത്തിരിയിൽ പ്രവർത്തിക്കുന്ന മിൽക് സൊസൈറ്റിയാണ് ഏകആശ്രയം. സംഘം ഇവിടെ നിന്ന് പാൽ ശേഖരിക്കുകയും വില പൊഴുതനയിൽ വെച്ച് ഉല്പാദനം നടത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ക്ഷീരകർഷക സൊസൈറ്റി ഇല്ല. അത് ചെറുകിട പാൽ ഉല്പാദകരെ സാരമായി ബാധിച്ചിട്ടുണ്ട്.

സാദ്ധ്യമായ മറ്റു പല മേഖലകളിലും സഹകരണസംഘങ്ങൾ ഇല്ലാത്തത് ഗ്രാമസഭകളിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. അതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അന്യത്ര ചേർത്തിട്ടുണ്ട്. സുഗന്ധഗിരിയിൽ പ്രവർത്തിക്കുന്ന ഗിരിജനങ്ങൾക്കുള്ള കൂട്ടുകൃഷി സംഘവും പ്രശ്നങ്ങളുടെ ഊരാക്കുടുക്കിലാണ്. ഇവിടെ നൂറുകണക്കിന് ആദിവാസി കുടുംബങ്ങൾ ഇപ്പോഴും കൂലിയില്ലാതെ പട്ടിണിയിലാണ്.

വൈത്തിരിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി,പട്ടികവർഗ്ഗ സൊസൈറ്റി പൊഴുതന പഞ്ചായത്ത് കൂടി പ്രവർത്തനപരിധിയാണ്. പൊഴുതനയിൽ ഒരു വനിതകൾക്കുള്ള തുന്നൽ ക്ലാസ് കുറച്ചുകാലം നടത്തി. പിന്നീട് വൈത്തിരിയിലേക്ക് മാറ്റി. 100 ലേറെ പേർ ഈ സംഘത്തിൽ പൊഴുതനയിൽ നിന്ന് അംഗങ്ങളാണ്.

കല്പറ്റയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റിയിൽ 50ഓളം പേർ അംഗത്വം എടുത്തിട്ടുണ്ട്. കുറച്ചുപേർക്ക് ഭവനവായ്പയും ലഭിച്ചിട്ടുണ്ട്. വയനാട് ജില്ലാ ബാങ്ക് വ്യക്തിഗതവായ്പ ഈ പഞ്ചായത്തിൽ പലർക്കും നല്കിയിട്ടുണ്ട്. വൈത്തിരിയിൽ പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റിയിലും ഇവിടെയുള്ളവർ അംഗങ്ങളാണ്. ഇതിന്റെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## വൈത്തിരി സർവ്വീസ് സഹകരണബാങ്ക് പൊഴുതന ശാഖ

വൈത്തിരി സർവ്വീസ് സഹകരണബാങ്കിന്റെ ശാഖ 1980 ആഗസ്റ്റ് 28ന് പൊഴുതനയിൽ ആരംഭിച്ചു. അതുവരെ പൊഴുതനയിലെ കൃഷിക്കാർ അവരുടെ ബാങ്കിംഗ് ആവശ്യങ്ങൾക്ക് വൈത്തിരിയിൽ പോകണമായിരുന്നു. ഇപ്പോൾ അംഗങ്ങൾക്ക് ഇവിടെത്തന്നെയാണ് വായ്പകൾ നല്കുന്നത്. ഇവിടെ പൊഴുതനയിലെ 1794 പേർ അംഗങ്ങളാണ്. 95—96 വർഷം 2,35,9444 രൂപ കർഷക—കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ നല്കിയിട്ടുണ്ട്. സ്വർണ്ണപ്പണയവായ്പ തുടങ്ങി മറ്റു ബാങ്കിംഗ് സൗകര്യങ്ങളും ഇവിടെയുണ്ട്.

രാസവളം ഒരു ഏജന്റ് മുഖേന പൊഴുതനയിൽ വിതരണം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ആ സംവിധാനം ഇല്ല. ബാങ്കിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ 1983ൽ തുടങ്ങി. ആറ് വർഷക്കാലം പ്രവർത്തിച്ചു. ആരംഭത്തിൽ ലാഭത്തിലായിരുന്ന ഈ സ്റ്റോർ നഷ്ടം കാരണം തുടരാൻ കഴിഞ്ഞില്ല.

അർഹതയുള്ള ആവശ്യക്കാർക്കെല്ലാം വായ്പ അനുവദിച്ചിട്ടുണ്ട്. കാർഷിക വായ്പ ആവശ്യക്കാർ കുറഞ്ഞുവരുന്ന പ്രവണതയാണ് കാണുന്നത്. നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കുറെക്കൂടി നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയും.

## സുഗന്ധഗിരി കാർഡമം പ്രൊജക്ട്

സഹകരണ നിയമപ്രകാരം ഒരു കൂട്ടുകൃഷി സ്ഥാപനമായി 1976ൽ ആരംഭിച്ചു. ആദിവാസി ഹരിജന വിഭാഗങ്ങൾക്ക് സുരക്ഷിത ജീവിതം ഉറപ്പിക്കുന്നതിന് വേണ്ടി ആരംഭിച്ച ഈ സ്ഥാപനം പല പ്രശ്നങ്ങളും അഭിമുഖീകരിക്കുകയാണ്.

ആകെ 714 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. ഇതിൽ 394 സ്ത്രീതൊഴിലാളികളും 320 പേർ പുരുഷന്മാരുമാണ്. ഇതിൽ 34 എസ്.സിയും 680 പേർ എസ്.ടിയുമാണ്.

ആരംഭത്തിൽ 58.26 ലക്ഷം രൂപയാണ് ഇറക്കിയ മൂലധനം. ഈ സ്ഥാപനത്തിൽ ഇപ്പോൾ 1010.26 ലക്ഷം മൂലധനമെന്ന നിലയിൽ ഇറക്കിക്കഴിഞ്ഞു.

വിവിധ നാണ്യവിളകൾ ഇവിടെ കൃഷി ചെയ്യുന്നു. ഏലം 800 ഹെക്ടർ, കാപ്പി 133 ഹെക്ടർ, കുരുമുളക് 160 ഹെക്ടർ, ഫ്യൂവൽ മരങ്ങൾ 42 ഹെക്ടർ എന്നിങ്ങനെയാണ് കൃഷികൾ.

95—96 വർഷം 6927122 രൂപ ആദായമുണ്ടായതായി കണക്കുകളിൽ കാണുന്നു. ഈ സ്ഥാപനത്തിന് 317 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. അതിവിശദമായ പരിശോധന നടത്തി ഈ പദ്ധതി പുനഃസംവിധാനം ചെയ്തില്ലെങ്കിൽ ആരംഭകാലത്തെ ലക്ഷ്യങ്ങളിൽ നിന്ന് പിറകോട്ട് പോക്ക് നടക്കാം.

## ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

### പൊഴുതന സർവ്വീസ് സഹകരണബാങ്ക്

ഈ പഞ്ചായത്ത് പ്രവർത്തനപരിധിയാക്കി ഒരു സഹകരണബാങ്ക് രൂപീകരിക്കുക. ഇപ്പോൾ വൈത്തിരി സർവ്വീസ് സഹകരണബാങ്കിന്റെ ബ്രാഞ്ചാണ് പൊഴുതനയിൽ പ്രവർത്തിക്കുന്നത്. മൂവായിരത്തിലേറെ കൃഷിക്കാരെ മുഴുവൻ അംഗങ്ങളാക്കി അവരിൽ നിന്ന് പരമാവധി ഷെയർ പിരിച്ചു ബാക്കി പൊഴുതന സർവ്വീസ് സഹകരണബേങ്ക് ആരംഭിച്ചാൽ വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോർ എന്നിവ അനുബന്ധമായി തുടങ്ങാൻ കഴിയും. 10 പേർക്കെങ്കിലും പുതിയ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയും.

### ക്ഷീരവ്യവസായ സഹകരണസംഘം

ക്ഷീരവ്യവസായ സഹകരണസംഘത്തിന് ഇവിടെ നല്ല സാദ്ധ്യതകൾ ഉണ്ട്. ഇപ്പോൾ പാൽ ഉൽപ്പാദകർ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വളരെ വിഷമിക്കുന്നു. എല്ലാ വാർഡുകളിലും കലക്ഷൻ ഡിപ്പോ തുറന്നുകൊണ്ട് മുഴുവൻ പാലും ശേഖരിക്കാൻ കഴിയണം. തോട്ടം തൊഴിലാളികൾ പോലും അനുബന്ധമായി പശുക്കളെ വളർത്തുന്നുണ്ട്. ഈ സാദ്ധ്യതയും ക്ഷീരസംഘത്തിന് നല്ല പുരോഗതിയുണ്ടാക്കും. കാലിത്തീറ്റ നിർമ്മാണം, പാൽകൊണ്ടുള്ള ഉപോല്പന്നങ്ങൾ ഉണ്ടാക്കൽ എന്നീ യൂണിറ്റുകളും ആരംഭിക്കാൻ കഴിയും. പ്രത്യക്ഷമായും പരോക്ഷമായും 30 പേർക്കെങ്കിലും തൊഴിൽ സാദ്ധ്യതയുണ്ട്.

### തോട്ടം തൊഴിലാളി സഹകരണസംഘങ്ങൾ

അച്ചൂർ എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണസംഘം രജിസ്ട്രേഷൻ നടന്നു. ഇതുപോലൊരെണ്ണം കുറിച്യാർമലയിലും ആരംഭിക്കാം.

ഈ രണ്ടു സംഘങ്ങൾ വഴി തൊഴിലാളികളുടെ വായ്പാ, കൺസ്യൂമർ, കാൻറീൻ മേഖലകളിൽ സജീവമായി ഇടപെട്ടാൽ 25 പേർക്ക് പ്രത്യക്ഷത്തിൽ തന്നെ തൊഴിൽ ഉണ്ടാക്കാം. മാനേജ്മെൻറ് കൂടി സഹകരിച്ചാൽ വളരെ പെട്ടെന്ന് ഈ സംഘങ്ങളെ നന്നാക്കി നടത്താൻ കഴിയും.

തൊഴിലാളികൾക്ക് അവരുടെ ചെറിയ ആവശ്യങ്ങൾക്ക് വായ്പ, സഹകരണ സ്റ്റോർ, ഗൃഹോപകരണ വായ്പ, എല്ലാ ഡിവിഷനിലും കാൻറീൻ എന്നിവ പ്രയോഗത്തിൽ കൊണ്ടുവരാം.

ഈ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചാൽ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ തന്നെ മാറ്റാൻ കഴിയും. വലിയ വിഭാഗം ഇന്ന് ബ്ലേഡ് കമ്പനികളെ ആശ്രയിക്കുന്നു. സാധനങ്ങൾക്ക് അമിതവില ഗൃഹോപകരണ വിതരണവും തവണവ്യവസ്ഥയിലും വമ്പിച്ച ചൂഷണം ഇതൊക്കെ മാറ്റാൻ സഹകരണസംഘം പ്രവർത്തനം ആരംഭിക്കുകയേ രക്ഷയുള്ളൂ.

4000 പേർക്കെങ്കിലും ഈ സംഘങ്ങളിൽ അംഗത്വമെടുക്കാൻ കഴിയും. പൊഴുതനയിലെ തോട്ടം തൊഴിലാളികളുടെ സാമൂഹ്യ ജീവിതത്തിൽ തന്നെ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലയാണ് സഹകരണസംഘം.

### എസ്.സി—എസ്.ടി സഹകരണസംഘം

ജനസംഖ്യയിൽ നല്ലൊരു വിഭാഗം ഹരിജനങ്ങളും ഗിരിജനങ്ങളുമാണ് പൊഴുതനയിൽ. ഈ വിഭാഗത്തെ സഹായിക്കാൻ കേന്ദ്ര—സംസ്ഥാന ഗവൺമെൻറുകൾ സഹകരണ മേഖലയിൽ തന്നെ കോടിക്കണക്കിന് രൂപ വിനിയോഗിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം രൂപീകരിച്ചാൽ നേരിട്ട് 5

പേർക്കും അല്ലാതെ 20പേർക്കും തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാം.വനവിഭവ ശേഖരണം, തുന്നൽ ക്ലാസ്, ടൈപ്പ് റൈറ്റർ പരിശീലനം തുടങ്ങിയ മേഖലകളിൽ ഈ സംഘത്തിന് ശ്രദ്ധിക്കാം.

### വനിതാ വ്യവസായ സഹകരണസംഘം

പുതിയ തലമുറയ്ക്ക് തോട്ടങ്ങളിൽ തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുവരുന്നു. ഒരു വനിതാ സഹകരണസംഘം രൂപീകരിച്ചാൽ മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബേക്കറി, അച്ചാർ നിർമ്മാണം എന്നീ വിവിധ തുറകളിൽ പുതുതായി 25 പേർക്ക് തൊഴിൽ സാദ്ധ്യതകളുണ്ട്.

### പഴം, പച്ചക്കറി സംഘം

പല സ്ഥലങ്ങളിലും ഇതുപോലുള്ള പച്ചക്കറി, പഴം സംസ്കരണ സഹകരണസംഘങ്ങൾ നന്നായി പ്രവർത്തിക്കുന്നു. പച്ചക്കറി, വിപണനരംഗത്തു പഴംസംസ്കരണ യൂണിറ്റുമായി ഇതിന് പ്രവർത്തിക്കാം.

### മാർക്കറ്റിംഗ് സൊസൈറ്റി

കൃഷിക്കാരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ പല തരത്തിലും ചൂഷണം ചെയ്യപ്പെടുന്നു. നാണ്യവിളകൾ ശേഖരിക്കാനും വില്പന നടത്താനും ഒരു മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കാൻ കഴിയും.

ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട സഹകരണമേഖലയെക്കുറിച്ചുള്ള കാര്യങ്ങളാണ് മുകളിൽ വിശദീകരിച്ചത്. മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി നിലവിലുള്ളത് പുനഃക്രമീകരിക്കുകയല്ല പുതിയ സംഘങ്ങൾ ആരംഭിക്കുകയാണ് നമുക്ക് വേണ്ടത്. വളരെ സാദ്ധ്യതകൾ ഉള്ള സംഘങ്ങളെക്കുറിച്ചാണ് ഗ്രാമസഭകൾ പ്രധാനമായും ചർച്ച ചെയ്തത്. പ്രത്യക്ഷത്തിൽ തന്നെ 150 പേർക്ക് അനുബന്ധമായി തൊഴിൽ ലഭിക്കാൻ സാദ്ധ്യതകൾ ഈ മേഖലയിൽ ഉണ്ട്.

പൊഴുതന പഞ്ചായത്തിലെ പ്രധാന വിഭാഗങ്ങളാണ് തോട്ടം തൊഴിലാളികൾ, ആദിവാസികൾ, കൃഷിക്കാർ. ഈ മൂന്നു വിഭാഗങ്ങളുടെയും സൂക്ഷ്മമായ ആവശ്യങ്ങളാണ് സഹകരണരംഗത്തെ ചർച്ചയ്ക്കിടയിൽ ഉയർന്നുവന്നത്.

ജനകീയ ആസൂത്രണപദ്ധതിയിൽ മുൻഗണന നിശ്ചയിക്കുന്നതിന് മുകളിൽ കൊടുത്ത നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

സഹകരണരംഗത്തിലൂടെ പൊഴുതന പഞ്ചായത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി ഉറപ്പു വരുത്താൻ മുകളിൽ നിർദ്ദേശിച്ച പദ്ധതികൾക്ക് കഴിയും.

# പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യ 1991—ലെ കാനേശ്മാരി കണക്കുപ്രകാരം അതിൽ 1199 പട്ടികജാതിക്കാരും 2905 പട്ടികവർഗ്ഗക്കാരും ഇവിടെ താമസിച്ചുവരുന്നു.

വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ചെറിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണമായും മോചനം നേടാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകുന്ന സഹായങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്ന സ്ഥിതിയും ഉണ്ട്. ഈ വിഭാഗത്തിന്റെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളിൽ കുറെയൊക്കെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറിച്യ സമുദായക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടെങ്കിലും പണിയ സമുദായത്തിൽപ്പെട്ടവരും, കാട്ടുനായ്ക്ക വിഭാഗവും ഇന്നും ശോചനീയാവസ്ഥയിൽ തന്നെയാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ആദിവാസികളിൽ നേർപകുതിയോളം ഇപ്പോഴും നിരക്ഷരരാണ്. കുട്ടികളെ വിദ്യാലയങ്ങളിലയക്കുന്നതിൽ രക്ഷിതാക്കൾക്ക് വളരെ താൽപര്യം കുറവാണ്. പത്താം ക്ലാസ് വരെ പൂർത്തീകരിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽ തുടർ വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ല. ആദിവാസി വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോവുന്നത് തടയാനും, ഉയർന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കാനും ബോധവൽക്കരണവും, നിർബന്ധ വിദ്യാഭ്യാസ സംവിധാനവും ഉണ്ടാക്കണം. പട്ടികവർഗ്ഗക്കാരെ അപേക്ഷിച്ച് പട്ടികജാതിയൽപ്പെട്ടവർ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിലാണ്. എന്നാലും തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഈ വിഭാഗത്തിനും മെച്ചപ്പെടുത്തേണ്ടതുണ്ട്.

## തൊഴിൽ

നെൽവയലുകൾ അപ്രത്യക്ഷമായതോടുകൂടി ആദിവാസി സ്ത്രീകൾക്കും

പണിയില്ലാതായ അവസ്ഥയും, വന വിഭവങ്ങൾ ശേഖരിച്ച് ജീവിക്കുന്ന വിവിധ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വർഷത്തിൽ നാമമാത്രമായ ജോലിയാണ് ഇപ്പോഴും ലഭിച്ചുവരുന്നത്. ആദിവാസി സ്ത്രീകൾ ഉൾപ്പെടെ കെട്ടിട നിർമ്മാണജോലികൾക്കാണ് ഇന്ന് പോയിക്കൊണ്ടിരിക്കുന്നത്. സ്വയംതൊഴിലും സ്വയം കൃഷിയും ഉള്ള കുറിച്യ വിഭാഗക്കാർ മാത്രമാണ് അൽപമെങ്കിലും സ്വാശ്രയത്വം നേടിയിട്ടുള്ളത് കാർഷികമേഖല അഭിവൃദ്ധി പ്പെടുത്തുകയും നെൽകൃഷി ലാഭകരമാക്കാനുള്ള സംവിധാനവും ഉണ്ടാക്കിയാൽ, തൊഴിൽ പ്രശ്നങ്ങൾ കുറെയൊക്കെ പിഹരിക്കാൻ കഴിയും. പട്ടികജാതി വിഭാഗം ഒന്നിച്ചുള്ള താമസം ഇല്ലാത്തതിനാൽ ഈ രംഗത്തുള്ള അവരുടെ പ്രശ്നങ്ങൾ കൂടുതൽ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല. വിവിധ സർക്കാർ ഏജൻസി വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഈ രംഗത്ത് ഒരു പരിധി വരെ സഹായകമായിട്ടുണ്ട്. കുടിലുകളിൽ താമസിക്കുന്ന കുടുംബങ്ങൾ ഇപ്പോഴും ഉണ്ട്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ കുറവു കാരണം പല വീടുകളും പൂർത്തീകരിക്കാതെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മാത്രമല്ല വീടുകളിൽ കക്കൂസുകൾ ഇല്ലാത്തതിനാൽ ആരോഗ്യരംഗത്തും പ്രശ്നങ്ങൾ ഉണ്ടാവുന്നു.

## പ്രശ്നങ്ങൾ

1. ആദിവാസികളിലെ നിരക്ഷരത
2. വിദ്യാർത്ഥികളുടെ തൊഴിഞ്ഞുപോക്ക്
3. തുടർവിദ്യാഭ്യാസത്തിനുള്ള സംവിധാനം ഇല്ലാത്തത്
4. കാർഷികമേഖലയിലെ തൊഴിലില്ലായ്മ
5. എല്ലാവർക്കും സ്വന്തമായി വീടില്ലാത്തത്
6. വീടുവെക്കാനുള്ള സ്ഥലമില്ലായ്മ
7. വീടുവെക്കാൻ നൽകുന്ന സഹായം കൊണ്ട് പണി പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥ
8. കുടിവെള്ളം മുഴുവൻ കോളനികളിലും ഇല്ലാത്തത്
9. മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ലാത്തത്
10. ഭൂമിയുള്ളവർക്ക് പട്ടയം ലഭിക്കാത്തത്
11. ആരോഗ്യ സംരക്ഷണ സംവിധാനമില്ലാത്തത്

## പരിഹാര നിർദ്ദേശങ്ങൾ

1 കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2 പഞ്ചായത്തിൽ ഒരു പട്ടികജാതി; പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിച്ച് വന വിഭവങ്ങൾ ശേഖരിച്ച് വിപണനം തുടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കുക

3 കുടിവെള്ളപ്രശ്നം പരിഹരിക്കാൻ നിലവിലുള്ള ജലസേചന പദ്ധതികൾ വഴിയും സൗകര്യങ്ങൾ ഉണ്ടാക്കിയും ശുദ്ധജലമെത്തിക്കുക

4 വൈദ്യുതിയെത്താത്ത കോളനികളിൽ വൈദ്യുതിയെത്തിക്കാൻ മുൻഗണന നൽകുക

5 കോളനികളിൽ നിലവിലുള്ള വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക

6 വീടുകളില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി വീടുകൾ നൽകുക

7 പട്ടികവർഗ്ഗ വിഭാഗക്കാരെയും പട്ടികജാതി വിഭാഗക്കാരെയും ഇടകലർന്ന് ജീവിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. സുഗന്ധഗിരി പ്രൊജക്ട് ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിച്ച് നടപടി എടുക്കുക

8 വീടുകളുടെ സഹായധനം പഞ്ചായത്തിന്റെ കീഴിൽ മുഴുവനായും കൊണ്ടുവരിക.

9 വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക

10 ഓരോ കുടുംബത്തിനും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക

11 വീടുവെക്കാൻ ഭൂമിയില്ലാത്തവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക

12 പട്ടികജാതി വിഭാഗങ്ങളിലെ കുടുംബങ്ങളിലെ ഒരു പൊതു വിവരം ശേഖരിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുക

13 പട്ടികജാതി–പട്ടികവർഗ്ഗ കോളനികളിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് സ്കീമുകൾ തയ്യാറാക്കുക.

## സാദ്ധ്യതകൾ

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച്

പഠിക്കുന്നതിന് പോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക

2 പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ, അന്തിമൂല സുഗന്ധഗിരി, വയനാംകുന്ന് എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക.

3 പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പട്ടികജാതി സഹകരണസസംഘവും, പട്ടികവർഗ്ഗ സഹകരണ സംഘത്തിനും സാദ്ധ്യതയുണ്ട്.

4 ആദിവാസി സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള പരിശീലനയൂനിറ്റും വനിതാ സഹകരണ സംഘവും സ്ഥാപിക്കുക.

5 പാട്ട വ്യവസ്ഥയിൽ ഭൂമി നൽകു കൃഷിയെ പ്രോത്സാഹിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക

6 ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ഒരു ഇൻഫർമേഷൻ സെൽ സ്ഥാപിക്കുക.

# വിഭവസമാഹരണം

ജനങ്ങളുടെ മിതവും ന്യായവുമായ ആവശ്യങ്ങൾ പോലും നിർവ്വഹിക്കാനും ഭാവി ഭദ്രമാക്കാനും ഉതകുന്ന വികസനപ്രവർത്തനങ്ങൾ ഏറെക്കുറെ ഏറ്റെടുക്കാൻ പഞ്ചായത്തിന് കഴിയാത്തത് സാമ്പത്തികശേഷി ഇല്ലാത്തതിനാലാണ്. പഞ്ചായത്തുകൾ സമാഹരിക്കുന്ന മുഴുവൻതുകയും അതാത് പഞ്ചായത്തുകളുടെ വികസനത്തിനാണ് ചെലവഴിക്കുന്നതെന്ന് മനസിലാക്കി പ്രവർത്തിക്കുന്നതിന് ഗ്രാമീണ ജനങ്ങൾക്ക് സാധിക്കണം.

കാർഷികമേഖലയിൻ നോക്കുമ്പോൾ ഇവിടത്തെ ഭൂരിഭാഗം ഭൂമിയും ചായത്തോട്ടമാണ്. വൻകിട എസ്റ്റേറ്റന്റെ പരിധിയിലല്ലാത്ത ചെറുകിട കൃഷിത്തോട്ടങ്ങൾ ഈ പഞ്ചായത്തിൽ മൂന്ന് വാർഡുകളിൽ മാത്രമാണുള്ളത്. കാർഷികമേഖലയെ ബന്ധപ്പെടുത്തി ചെുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്.

## ചെറുകിട വ്യവസായം

സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കാപ്പിച്ചെടി വേരുകൾ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണം, അച്ചാർ നിർമ്മാണം, ഇഷ്ടികനിർമ്മാണം എന്നീ വ്യവസായത്തിന് സാദ്ധ്യതകൾ ഉണ്ട്.

## വൻകിട വ്യവസായം

വൻകിട വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ കുറവാണ്. എന്നിരുന്നാലും ഇപ്പോൾ അത്തിമൂലയിൽ ഒരു ഓട്ടുകമ്പനി ഉള്ളത് നിശ്ചലമായിരിക്കുകയാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കണം.

## വിദേശ മലയാളികൾ

ഈ പഞ്ചായത്തിൽ അഞ്ഞൂറിലധികം വരുന്ന ആളുകൾ അറേബ്യൻ നാടുകളിൽ പോയി ജോലി ചെയ്തുവരുന്നു. അവരുടെ വരുമാനം നമ്മുടെ പഞ്ചായത്തിൽ തന്നെ ഉപയോഗപ്പെടുത്താൻ കഴിയണം. എന്നാൽ അവരുടെ പണം ഭവനനിർമ്മാണത്തിനും മറ്റും ചെലവഴിക്കപ്പെടുന്നതുവഴി പ്രത്യുൽപാദനപരമല്ലാത്ത കാര്യത്തിനുപയോഗിക്കുന്നതിനാൽ കൃഷിക്കും മറ്റും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ആയത് കഴിയണം.

## കെട്ടിടനികുതി

പഞ്ചായത്തിന്റെ മുഖ്യവരുമാനം കെട്ടിട നികുതിയാണ്. ഒരു ലക്ഷം രൂപ നിർമ്മാണച്ചെലവുള്ള കെട്ടിടത്തിന് 567 രൂപ നിയമാനുസരണം ചുമത്താം. എന്നാൽ പഞ്ചായത്തിന് പൊതുജനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഇല്ലാത്തതിനാൽ ഇവ ഭാഗികമായി മാത്രമേ നടപ്പക്കാൻ കഴിയുന്നുള്ളൂ. ഉദാഹരണമായി കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മാണ ചെലവിന് നികുതി ചുമത്തുക എന്നത് വളരെ വിഷമകരമായ കാര്യമാണ്. അതിൽ മാറ്റം വരണം. പഞ്ചായത്തുകൾ നികുതി ചുമത്തുന്ന സമയത്ത് മാത്രമേ നാട്ടുകാർക്ക് വിഷമതയുള്ളൂ. ആയതിൽ മാറ്റം വരണം. തികഞ്ഞ ബോധവൽക്കരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയും അതിൻറ ഉള്ളിലുള്ള ആഡംബരവസ്തുക്കളുടെ വിലയും കണക്കിലെടുത്തുമായിരിക്കണം നികുതി ചുമത്തുന്നുത്. 1.4.97 മുതൽ കെട്ടിട നികുതിയിൽ മൊത്തം പഞ്ചായത്തുകളിൽ ഒരു

ഏകീകൃത സ്വഭാവം ഉണ്ടാക്കണം.

## തൊഴിൽനികുതി

നിലവിലുള്ള തൊഴിൽ നികുതി ഘടന മാറ്റി തൊഴിൽ ചെയ്യുന്ന എല്ലാവരും തൊഴിൽ നികുതിയടക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ബോധവൽക്കരണം നടത്തണം. എല്ലാ പഞ്ചായത്തിലും എല്ലാ വിഭാഗം തൊഴിലാളികൾക്കും നികുതി ചുമത്തണം.

പഞ്ചായത്തിൽ ഭൂവരി ഏർപ്പെടുത്തുക വഴി വിഭവസമാഹരണം കണ്ടെത്താം. അതിനായി എല്ലാ പഞ്ചായത്തിലും വിവേചനാധികാരമില്ലാതെ ഭൂവരി ചുമത്തുനനതിന് നിയമം ഉണ്ടാകണം.

ഇൻകംടാക്സ് കൊടുക്കുന്നവർക്ക് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്നവർക്കും ഉണ്ടാകണം. എന്നാലേ ഐ.വി.പി. പോലുള്ള ഡിപ്പോസിറ്റുകൾ വഴി പഞ്ചായത്തിൽ വിഭവസമാഹരണം ഉണ്ടാക്കാൻ കഴിയൂ.

വസ്തുകൈമാറ്റം നടക്കുമ്പോൾ ഡ്യൂട്ടിയിനത്തിൽ മുഴുവൻ തുകയും ആയത് കമ്പനി നിയമപ്രകാരം ഷെയർ കൈമാറ്റമായാലും സ്വത്തിൻെറ വില കണക്കാക്കിയതായ വിലക്കുള്ള മുദ്രപത്രം പഞ്ചായത്തിൽ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എന്നാൽ മാത്രമേ വൻകിട തോട്ടം ഉള്ളതായ പൊഴുതന പോലുള്ള പഞ്ചായത്തിൽ ഡ്യൂട്ടിയിനത്തിൽ വിഭവസമാഹരണം ഉണ്ടാകൂ.

## പുറമ്പോക്ക് സ്ഥലം

പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലം ലീസിന് കൊടുക്കണം. പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാൻ നിയമം ഉണ്ടാക്കണം.

എസ്റ്റേറ്റ് വക പുറമ്പോക്ക് സ്ഥലവും എസ്റ്റേറ്റ് തൊഴിലാളികൾക്ക് കൃഷിക്ക് പതിച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടും ഉണ്ടായാൽ അതുവഴി കാർഷിക അഭിവൃദ്ധിയും വിഭവസമാഹരണവും നടപ്പാക്കാം.

മുൻകാലങ്ങളിൽ പൊഴുതനയിൽ ഒരു ചന്ത ഉണ്ടായിരുന്നു. ആയത് പുനഃസ്ഥാപിക്കുകയും ആഴ്ചയിലൊരിക്കലെങ്കിലും വാണിജ്യവിളകൾ വിപണനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം.

വിനോദനികുതിയിനത്തിൽ വരുമാനം ഉണ്ടാകാൻ നടപടികൾ വേണം.

ഇത്തരം പ്രവൃത്തികൾ വഴി പഞ്ചായത്തിൻെറ വിഭവസമാഹരണം അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹാകരമായിരിക്കും.

# ടൂറിസം

വയനാടിൻെറ വേറിട്ടുനിൽക്കുന്ന പ്രകൃതിരമണീയതക്ക് ഒന്നുകൂടി ആക്കം കൂട്ടുന്ന തരത്തിലുള്ളതാണ് പൊഴുതനയിലെ ചായത്തോട്ടങ്ങൾ.

പഞ്ചായത്തിലെ കുറിച്ച്യർ മറ എസ്റ്റേറ്റിൻെറ ഏറ്റവും മുകളിൽ കയറിയാൽ കാണുന്ന കാഴ്ച തന്നെ ഇവിടത്തെ ടൂറിസ്റ്റുകളെ ആകർഷിക്കും.

കൂടാതെ ഇപ്പോൾ സുഗന്ധഗിരി ഏലത്തോട്ടം സ്ഥിതി ചെയ്യുന്ന അംബ എന്ന പ്രദേശത്ത് മലമുകളിൽ പാമ്പിൻപാറ എന്ന ഒരു സ്ഥലത്ത് അതിപുരാതന കാലത്തുള്ള പല അവശിഷ്ടങ്ങളും ഉണ്ട്. ഇപ്പോഴും ഇവിടെ വലിയ ഗുഹകൾ, പാമ്പിൻെറ കല്ലുകൊണ്ടുള്ള രൂപം, കല്ലുകൊണ്ട് നിർമ്മിതമായ വാൾ എന്നിവയും സായിപ്പന്മാർ താമസിച്ചിരുന്ന ബംഗ്ലാവിൻെറ അവശിഷ്ടങ്ങളും കാണുന്നു. അവിടം വികസിപ്പിച്ച് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കിയെടുക്കാൻ പ്ലാൻ തയ്യാറാക്കണം.



## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

### പൊതുവിതരണകേന്ദ്രങ്ങൾ എണ്ണം: 6

| വർഷം | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എൻ.ഇ. | ഇ. | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ 3—12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് (ലിറ്റർ) | കാർഡ് വഴി വിതരണം ചെയ്തത് (ലിറ്റർ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1994—95 | 2832 | 230 | 3062 | 12890 | 2947 | 23222 | 59553 | 54417 | 87287 | 92416 | 697 | 342 | 7664 | 154210 |
| 1995—96 | 2810 | 348 | 3158 | 14085 | 2695 | 23208 | 63746 | 59041 | 94350 | 99436 | 11740 | 354 | 7217 | 173594 |

## പട്ടിക

### വിവിധ പദ്ധതികളിൽ നിർമ്മിച്ച വീടുകൾ

| കൊല്ലം | പദ്ധതി | എണ്ണം | പദ്ധതി | എണ്ണം |
|---|---|---|---|---|
| 1989—90 | ജെ.ആർ.വൈ. | 15 | ആൺടൈഡ് | |
| 1990—91 | ,, | 18 | ,, | 7 |
| 1991—92 | ,, | 7 | ,, | 6 |
| 1992—93 | ,, | 7 | ,, | 10 |
| 1993—94 | ,, | 13 | ,, | — |
| 1994—95 | ,, | 22 | ,, | — |
| 1995—96 | ,, | 14 | ,, | — |
| | | 99 | | 23 |

മില്യൺവെൽ, ഇന്ദിര ആവാസ യോജന എന്നീ പദ്ധതികൾ 43 വീടുകൾ

പട്ടിക 3

## പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ (Ref: പെൻഷൻ രജിസ്റ്റർ)

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാകാര/ സാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലി ല്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| അച്ചൂർ | — | 45 | 37 | 17 | — | — | 2 | — | — | — | — |
| പൊഴുതന | | 8 | 18 | 13 | | | | | | | |
| ആകെ | | 53 | 55 | 30 | | | 2 | | | | |

പട്ടിക

## ആവശ്യമായ വീടുകളുടെ വാർഡുതല വിവരം

| വാർഡ് നമ്പർ | ആവശ്യമായ വീടുകൾ |
|---|---|
| 1 | 20 എസ്.സി/എസ്.ടി. |
| 2 | 80 എസ്.സി/എസ്.ടി. |
| | ജനറൽ 50 |
| 3 | 15 എസ്.സി/എസ്.ടി. |
| | ജനറൽ 50 |
| 4 | 155 ജനറൽ |
| | 30 എസ്.സി/എസ്.ടി. |
| 5 | 150 ജനറൽ |
| | 50 എസ്.സി/എസ്.ടി. |
| 6 | 70 ജനറൽ |
| | 20 എസം.സി/എസ്.ടി. |
| 7 | 100 ജനറൽ |
| | 20 എസ്.സി/എസ്.ടി. |
| 8 | 50 ജനറൽ |
| | 25 എസ്.സി/എസ്.ടി. |
| 9 | 200 ജനറൽ |
| | 10 എസ്.സി/എസ്.ടി. |

പട്ടിക

| പഞ്ചായത്തിലെ മൊത്തം കെട്ടിങ്ങളുടെ എണ്ണം | 1991—92 | 1992—93 | 1993—94 | 1994—95 | 1995—96 |
|---|---|---|---|---|---|
| 22716 | 4341 | 4416 | 4486 | 4549 | 4924 |

പട്ടിക

| വിധവ പെൻഷൻ ലഭിക്കാത്തവരുടെ എണ്ണം | |
|---|---|
| വാർഡ് | വിധവകൾ |
| 1 | 50 |
| 2 | 30 |
| 3 | 30 |
| 4 | 50 |
| 5 | 30 |
| 6 | 50 |
| 7 | 50 |
| 8 | 30 |
| 9 | 50 |
| | 370 |

ഏറ്റെടുത്ത ജെ.ആർ.വൈ. പണികൾ സംബന്ധിച്ച വിവരങ്ങൾ

പട്ടിക

| | പണിയുടെ പേര് | ജനറൽ | | എസ്.സി/എസ്.ടി. | |
|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| | 1 | 2 | 3 | 4 | 5 |
| 1 | ദുർബല വിഭാഗത്തിനുള്ള വീടുകൾ | 94800<br>15800 | 75550 | — | — |
| 2 | പട്ടികജാതിക്കാർക്കായി 8 വീടുകൾ | — | — | 126400 | 85050 |
| 3 | ആനോത്ത് പാപ്പാലമൂല റോഡ് സോളിംഗ് | 210000 | 206219 | - | completed |
| 4 | പുത്തൻവീട് പണിയ കോളനിയൽ കക്കൂസ് | 15000 | 13117 | — | |
| 5 | തേവക്ക പണിയ കോളനിയിൽ കക്കൂസ് | 15000 | 2000 | — | completed |
| 6 | ഇടിയംവയൽ പണിയോം റോഡ് ടാറിംഗ് | 150000 | 150000 | — | completed |

# ചരിത്രം, സാമൂഹികം, സാംസ്കാരികം

എവിടെയും പുഴ തന്നെ. പഞ്ചായത്തിൽ മടങ്ങിയും നിവർന്നും ഒഴുകിക്കൊണ്ടിരിക്കുന്ന പുഴകളും തോടുകളും തന്നെ. എവിടെയും പുഴ തന്നെ എന്ന പദമാണ് പൊഴുതന എന്നായി തീർന്നത്. ഐതീഹ്യങ്ങളും കേട്ടുകേൾവികളും ഒക്കെ ആ നിഗമനത്തിലെത്താനാണ് നമ്മെ സഹായിക്കുന്നത്. പ്രസിദ്ധമായ പൊഴുതനയിടം തറവാട് ഈ പേരുമായി ബന്ധപ്പെട്ടുകിടക്കുന്നു. കോട്ടയം തമ്പുരാൻെറ പലയിടങ്ങളിൽ ഒന്നാണ് പെഴുതനയിടം. വലിയ ഭൂവുടമകളായിരുന്ന അവർ 1957ലെ കാർഷിക ബന്ധ ബില്ലും 1969ലെ ഭൂപരിഷ്കരണ ബില്ലും വരുന്നതുവരെയും ആ നില തുടർന്നതായി കാണാം. പൊഴുതന പ്രദേശത്തിൻെറ ചരിത്രത്തിൽ പൊഴുതനയിടത്തിൻെറ സ്ഥാനം നിർണ്ണായകമാണ്. നിഷേധാത്മകവും നിർമ്മാണാത്മകവുമായി അത് വെളിപ്പടുന്നുണ്ട്. തരിയോട്, പൊഴുതന, കുറ്റ്യാടി പ്രദേശങ്ങളുമായി പതിനായിരക്കണക്കിനേക്കർ ഭൂമി കൃഷിഭൂമിയും വനങ്ങളുമടക്കം അവരുടെ കൈവശത്തിലുണ്ടായിരുന്നുവെന്നാണ് കേൾവി. ഇതിൽ വലിയ ഭാഗം നിക്ഷിപ്തവനമായി 1974ൽ ഗവൺമൻറ് ഏറ്റെടുത്തു. കുറ്റ്യാടിക്കടുത്ത് ഓലത്തുക്കി, അരിയിളക്കൽ, മലവാരമൊക്കെ അതിൽപെടും. ഇന്ന് സുഗന്ധഗിരി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്ന അംബ എസ്റ്റേറ്റ് അത്തരം ഭൂമിയാണ്.

പൊഴുതന പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചായത്തോട്ടം പൊഴുതനയിടം ചാർത്തിക്കൊടുത്ത ഭൂമിയാണ്. 99 കൊല്ലത്തേക്കാണ് ചാർത്ത്. അവധിയെത്തിയാൽ എല്ലാ ഉഭായങ്ങളോടും കൂടി ഒഴിഞ്ഞുകൊടുക്കണമെന്നാണ് വ്യവസ്ഥ. ക്ഷേത്രങ്ങളുടെ കഥയും ആ വിധം തന്നെയാണ്. മിക്ക ദേവീക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും പൊഴുതനഎടവുമായി ബന്ധപ്പെട്ടതാണ്. എടത്തറ ശിവക്ഷേത്രം, കൊയിലോമൂല ദേവീക്ഷേത്രം, എടംതറവാടിൽ സ്ഥാപിച്ച ദേവീക്ഷേത്രം, കൂട്ടകാവ് ദേവീക്ഷേത്രം, അമ്പലക്കുന്ന് മാരിയമ്മ ക്ഷേത്രം എന്നിവ അതിൽ പെടും. എന്നാൽ കാലത്തിൻെറ ഗതിവേഗത്തിൽ നശിച്ചുപോയ പല കാവുകളും പ്രതിഷ്ഠകളും ക്ഷേത്രങ്ങളുമുണ്ട്. ചില പുതിയ ക്ഷേത്രങ്ങൾ വരികയും ചെയ്തിട്ടുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ ബ്രിട്ടീഷുകാർ ഈ പ്രദേശത്ത് വന്നിരിക്കണം. സുഗന്ധഗിരി പ്രൊജക്ട് സ്ഥിതി ചെയ്യുന്ന അംബ എസ്റ്റേറ്റ് ഒരു വ്യവസ്ഥപ്പെടുത്തിയ കാപ്പിത്തോട്ടമായിരുന്നു. അക്കാലത്ത് കാപ്പി അതിശൈത്യം മൂലമായിരിക്കാം, കായ് ഉള്ളുറക്കുകയില്ലെന്ന് പറയുന്നു. ഒരു എസ്റ്റേറ്റ് രീതി അംബയിലുണ്ടായിരുന്നു. യൂറോപ്യന്മാർ സ്ഥാപിച്ച ബംഗ്ലാവുകളുടെ അവശിഷ്ടം അംബ എസ്റ്റേറ്റിലുണ്ട്. ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള അംബ എന്ന പ്രദേശത്ത് മലയുടെ മുകളിൽ പാമ്പൻപാറ അതിപുരാതന കാലത്തുള്ള അവശിഷ്ടങ്ങളുടെ ഭാഗമായി നിലനിൽക്കുന്നു. ഇപ്പോഴും അവിടെ വലിയ ഗുഹകൾ പാമ്പിൻെറ കല്ലുകൊണ്ടുള്ള രൂപം, കല്ലുകൊണ്ടുള്ള വാൾ മുതലായ പല കാഴ്ചവസ്തുക്കളും കാണാം.

നാരങ്ങ, ചാമ്പക്ക, മറ്റു പല പഴവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു. പഴയ പാറക്കുന്ന് എന്ന സ്ഥലത്ത് കാപ്പിക്കുരു സംസ്കരിക്കുന്ന ഫാക്ടറി ഉണ്ടായിരുന്നതായി പറയുന്നു. വർഷം

1800 മുതൽ ഈ പ്രദേശത്ത് ബ്രിട്ടിഷുകമ്പനികൾ പലരീതിയിലും പ്രവർത്തിച്ചിരുന്നുവെന്നു കാണാം. ആദ്യകാല കൃഷി നാരങ്ങയും. കാപ്പിയുമായിരുന്നു. അത് പ്രതികൂലകാലാവസ്തയിൽ ലാഭകരമല്ലാത്തതുകൊണ്ടായിരിക്കണം— ആ സംരംഭം അവർ ഉപേക്ഷിക്കുകയും പകരം ചായത്തോടങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേക്ക് പ്രവേശിക്കുകയും ചെയ്തിരിക്കണം. 1860 മുതൽ ഈ പഞ്ചായത്തിലെ ചായത്തോട്ടങ്ങൾ സ്ഥാപിച്ചുവെന്നു വിശ്വസി ക്കുന്നതിൽ തെറ്റില്ല. വിദേശ മുതലാളിമാർ ആദ്യം വ്യക്തികൾ എന്ന നിലയിലും പിന്നീട് കമ്പനി അടിസ്ഥാനത്തിലും ഇവിടെ പ്രവർത്തിയ്യതായി കാണാം. അവർക്ക് ആവശ്യമായ ഭൂമിയുടെ രേഖ പൊഴുതനയിടം ഭൂഉടമകാളാണ് നൽകിയെന്നതും കാണാം.

പൗരാണിക കാലത്ത് വയനാട്, കോട്ടയം തമ്പുരാക്കമാരുടെ അധീനതയിലും രക്ഷയിലുമായിരുന്നു. അക്കാലത്ത് ചില അവസരങ്ങളിൽ കോട്ടയം തമ്പുരാൻ വയനാട്ടിലേക്ക് രാജ്യക്ഷേമ അന്വേഷണത്തിനായി എഴുന്നള്ളാറുണ്ട്. ആ അവസരങ്ങളിൽ ഹരിചന്ദ്രപെരുമാളുടെ വംശജനായ മുഴക്കുന്നിലെ ശ്രീ പേർക്കലി സങ്കൽപ്പത്തേയും, അവരുടെ തേവാരാദേവകളായ, ശ്രീ ധർമ്മശാസ്താ, കിരാതമൂത്തി,സാളഗ്രാമം, എന്നിവയേയും കൊണ്ടു നടക്കുകപതിവായിരുന്നു. അവർ ഈ ഭാഗങ്ങളിൽ വരുമ്പോൾ ഇന്നത്തെ കോവിലകം ക്ഷേത്രം എന്നറിയപ്പെടുന്ന സ്ഥലത്താണത്രെ താമസിച്ചിരുന്നത്. ഇന്നത്തെ കോവിലകം ക്ഷേത്രത്തിലെ ശ്രീകോവിൽ അപ്രകാരം ആരാധന നടത്തിയിരുന്ന കോട്ടയം രാസ്വരുപം വക പൂജമുറിയാണെന്നും ഊഹിക്കാം. 1921 ലെ മലബാർ ലഹളയിൽപ്പെട്ട് രാജ്യം വിടേണ്ടിവന്ന പല മാപ്പിള പടയാളികളും ഈപ്രദേശത്തുവന്നു താമസിച്ചതായി കാണാം. അവരിൽ പലരും തോട്ടം കൂലികാരായി ജോലി സ്വീകരിച്ചിരുന്നു. കർണ്ണാടകത്തിൻെറ ഉൾപ്രദേശത്തുനിന്നും, തമിഴ്നാടിൻെറ ഉൾപ്രദേശത്തുനിന്നും, റിക്രൂട്ട് ചെയ്ത തൊഴിലാളികളോടൊപ്പം ഈ തൊഴിലാളികളും ചേർന്നു. 19—ാം നൂറ്റാണ്ടിലെ ആദ്യകാലത്ത് ഈ പ്രദേശത്തിലെ സാമൂഹ്യജീവിതം ഈ വിഭാഗങ്ങളെല്ലാവരും കൂടി കരുപിടിപ്പിച്ചതത്രേ.

അക്കാലത്ത് കങ്കാണിമാർ (മേസ്ത്രിമാർ) മുഖേന തൊഴിലാളികളെ, കർണ്ണാടക,തമിഴ്മാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കേരളത്തിൻെറ മറ്റുപല ഭാഗങ്ങളിലും നിന്ന് കൊണ്ടുവന്നാണ് ജോലി ചെയ്യിച്ചിരുന്നത്. ഈ ചരിത്രത്തിൽ തൊഴിലാളികൾ അനുഭവിച്ച മർദ്ദനം രേഖപ്പെടുത്താതിരിക്കാൻവയ്യ. അക്കാലത്ത് തൊഴിലാളികളെകൊലപ്പെടുത്തുക വരെ ചെയ്തിട്ടുണ്ട്. എസ്റ്റേററുമുതലാളിമാർ ബ്രിട്ടീഷുകാരാവുക എന്നതു കൂടിയായപ്പോൾ മർദ്ദനത്തിന് ശക്തികൂടി. ഇതിൽനിന്ന് തൊഴിലാളികൾ കുറച്ചെങ്കിലും രക്ഷപ്രപിക്കാൻ തുടങ്ങിയത് ചരിത്രപ്രസിദ്ധമായ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു ശേഷമാണ്. സ്വാതന്ത്ര്യം കിട്ടിയതോടെ തൊഴിലാളികളുടെ ഈ സ്ഥിതി സ്വാഭാവികമായും തൊഴിലാലി യൂണിയനുകളെ സൃഷ്ടിച്ചു. തൊഴിലാളികളെ യൂണിയനുകളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി കേരളത്തിലെ അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളുടെ പ്രവർത്തനവും വയനാട്ടിൽ ഉണ്ടായിരുന്നു. അവരിൽ സഖാവ് ഏ. കെ. ജി., സി.എച്ച്. കണാരൻ, എം.വി. ദേവൻ എന്നിവരും കെ. രാധാഗോ പിമേനോൻ, രാഘവൻ, കൊയിലാണ്ടി കുമാരൻ എന്നറിയപ്പെടുന്ന കെ. കുമാരൻ, മുഹമ്മദ് അഷ്റഫ്, എന്നീ സംസ്ഥാന നേതാക്കളും, കെ. കുഞ്ഞികൃഷ്ണൻ നായർ, പട്ടത്താനം പുളിക്കൽവാസു, കെ. കുഞ്ഞികോയ, കേന്ദ്രം കുഞ്ഞിമരക്കാർ, പുളളിയിൽ കുഞ്ഞാറ എന്നീ പ്രാദേശിക നേതാക്കളും സജീവമായി രംഗത്തുണ്ടായിരുന്നു. ആദ്യകാലത്ത് ഉണ്ടായിരുന്നത് എ.ഐ ടി.യു.സി.യും പിന്നീട് ഐ. എൻ. ടി. യു.സിയും വന്നു, പിന്നീട് സി. ഐ.ടി.യു, എസ്.ടി.യു എന്നീ പല പല യൂണിയനുകളും തൊഴിൽ രംഗത്തെ സജീവമാക്കി. ഇന്ന് തൊഴിലാളി രംഗം പഞ്ചായത്തിൻെറ നാനാമുഖങ്ങളായ പുരോഗതിക്ക് വലിയ പങ്കുവഹിക്കുന്നു.

ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ നിന്ന് ഗോവവിമോചന സമരത്തിൽ പങ്കെടുത്ത ശ്രീ. കെ. ഗോവിന്ദൻ എന്നാളുടെ പേർ ഇവിടെ രേഖപ്പെടുത്തുന്നത് ഉചിചമായിരിക്കും. ഭൂ സ്വത്തുക്കളുടെ 90 ശതമാനം പൊഴുതന ഇടം

ജന്മിമാരുടെതായിരുന്നു. കൃഷിക്കുവേണ്ടി അവർ ചാർത്തികൊടുത്തതാണ് മലയാളം പ്ലാൻേറഷൻ, ഇംഗ്ലീഷ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഭൂമിപൊഴുതന പഞ്ചായത്തിലെ സേട്ടുകുന്ന് എന്ന പ്രദേശം നാഗ്ജി സേട്ടു എന്ന ആളിൽ നിന്ന് ഒരു എഗ്രിമെൻറ് അടിസ്ഥാനത്തിൽ തരുവണപള്ളിയിൽ ആലിഹാജിയെന്ന മദ്ധ്യവർത്തിവരികയും ആഭൂമി കൃഷികാർക്ക് ചുരുങ്ങിയ വിലവാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ഈ സംഭവം ഭൂമി അനായസേന കൈവശംവന്ന കൃഷിക്കാരുടെ സാമൂഹ്യ ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കി. 1957 ലെ ആദ്യകമ്മ്യൂണിസ്റ്റ് ഗവർമെൻറ് പാസ്സാക്കിയ കാർഷിക ബന്ധബിൽ 1969ൽ ഐക്യമുന്നണി പാസ്സാക്കിയതും 1970ൽ നടപ്പാക്കിയതുമായ ഭൂപരിഷ്കരണ നിയമവും പാട്ടത്തിന് വാങ്ങി കൃഷിചെയ്തു കൈവശം വെച്ച ഭൂമി കൃഷികർക്ക് സ്വന്തമായി ഭൂവുടമ ബന്ധത്തിൽ വന്ന ഈ മാറ്റം കേരളത്തിലാകെ എന്നതുപോലെ ഈപഞ്ചാ യത്തിലും

സാമൂഹ്യജീവിതത്തിലും ഗുണാത്മകമായി പ്രതിഫലിച്ചു. പൊഴുതന സാമൂഹ്യജീവിതത്തിന് ട്രേഡുയൂണിയൻ പ്രവർത്തനത്തിൻെറ പങ്ക് വിസ്മരിക്കാവുന്നതല്ല. 1972 കാലത്ത് നടന്ന കർഷകതൊഴിലാളി സമരത്തോടെ പല ഭൂമി കൈയേറ്റ സമരങ്ങളും നടന്നു. പ്രധാനമായി കമ്പനിവക തരിശുഭൂമിയിലാണ് സമരം നടന്നത്. സമരകേന്ദ്രം ഇടിയംവയലിലാണ് പിന്നീട് അച്ചൂർ 13, പെരിങ്കോട 1—ാം നമ്പ്ര്, മയിലും പാത്തി, കർപ്പൂരക്കാട് മുത്താറിക്കുന്ന് എന്നിവിടങ്ങളിലെല്ലാം. നൂറുകണക്കിന് വളണ്ടറിയന്മാർ അവകാശം സ്ഥാപിച്ചുസമരവുമായി ബന്ധപ്പെട്ടു. കർഷകസംഘം നേതാക്കാം, യു.കുഞ്ഞിരാമൻ, കെ. മൂസകുട്ടി, പി. കുഞ്ഞിക്കണ്ണൻ, എന്നീവരെ ാക്കെ പൊഴുതനയിൽ വന്നിരുന്നു. പി. കുഞ്ഞിക്കണ്ണനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. സമരഫലമായി അച്ചൂർ 13 ഭാഗങ്ങലിലെ വയലുകളിൽ കൈയേറിയവർക്ക് എസ്റ്റേററ് കൃഷിചെയ്യാൻ അനുവാദം നൽകി. മുത്താറിക്കുന്ന് വളണ്ടിയർമാർ കൈവശമാക്കുകയും ചെയ്തു. വൈത്തിരി പഞ്ചായത്തിൻെറ ഭാഗമായിരുന്നു—പൊഴുതന. ജനാധിപത്യാ ടിസ്ഥാനത്തിൽ ആദ്യമായി തെരഞ്ഞെടുപ്പുനടന്നത് 1963ലാണ്. 1964ൽ ആ പഞ്ചായത്ത് പ്രവർത്തനമാരംഭിച്ചു. ശ്രീ. എൻ. ആർ. നാണുനായർ, കെ. ഗോവിന്ദൻ, പി. രാഘവൻ നായർ, സി.കെ. മമ്മുഹാജി. എന്നിവർ അക്കാലത്ത് പൊഴുതന പഞ്ചായത്തിൻെറ പ്രദേശത്തുനിന്ന് തെരഞ്ഞെ ടുത്തു. അതിൻെറ മുമ്പ് നടന്ന കൈപ്പൊക്കി വോട്ടിംഗിൽ ഈ പ്രദേശത്തു നിന്ന് കാണൂളി കുഞ്ഞിമരക്കാർ, ദേവമ്പു മേസ്തിരി, അയമുമേസ്തിരി, എന്നിവർ മെമ്പർമാരായിരിന്നു. 1968ൽ പൊഴുതന പ്രദേശത്ത് ഒരു പുതിയ പഞ്ചായത്ത് രൂപികരിക്കണമെന്ന പ്രമേയം വൈത്തിരിപഞ്ചായത്തു ബോർഡിൽ മെമ്പർ ശ്രീ. കെ. ഗോവിന്ദൻ അവതരിപ്പിക്കുകയും പി. രാഘവൻ നായർ പിൻതാങ്ങുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ 1972ൽ പുതിയ പൊഴുതന പഞ്ചായത്ത് രൂപീകൃതമായി.

1972ൽ ജനുവരിമാസത്തിൽ രൂപീകൃതമായ പൊഴുതന പഞ്ചായത്തിൻെറ ഔദ്യോഗികമായ ഉദ്ഘാടനം പൊഴുതന ബസാറിൽ വെച്ച് ശ്രീ. ഒതയോത്ത് ജനാർദ്ധനൻ എന്നയാാം വാടകക്ക് നൽകിയതായ കെട്ടിടത്തിൽ ഒരു ആദിവാസി പൗരനായ കൊയിലോംമൂല ചണ്ണൻ എന്നയാാം നിർവഹിച്ചു. പഞ്ചായത്തിൻെറ പ്രഥമയോഗ ത്തിൽതന്നെ ഓഫീസിനു സ്വന്തമായി കെട്ടിടം വേണമെന്ന് തീരുമാനമെടുക്കുകയും അതിൻെറ നടപടികാം ആരംഭിക്കുകയും ചെയ്തു. ഈക്കാര്യത്തിന് പഞ്ചായത്ത് 2 ഏക്ര 13 സെൻറ് സ്ഥലം വിലക്കെടുത്തു. തുടർന്ന് 1980ൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു. വൈത്തിരിയിൽ നിന്ന് വേർതിരിഞ്ഞ് വരുന്ന സമയത്ത് ഈ പഞ്ചായത്തിൽ കാര്യമായ വികസനം ഒന്നുംതന്നെ നടന്നിട്ടില്ലായിരുന്നു. വൈത്തിരി കുതിരപാണ്ടിറോഡ് എന്ന പറയപ്പെടുന്ന വൈത്തിരി തരുവണ റോഡ് അക്കാലത്ത് പൊഴുതന കലന്തൻ മേസ്തിരി എന്നവരുടെ വീട് വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടം വരെ മാത്രമേ വാഹനഗതാഗത സൗകര്യവും ഉണ്ടായിരുന്നുള്ളു. പിന്നീട് മേപ്പടിറോഡ് പടിഞ്ഞാറത്തറ പുതുശ്ശേരിക്കടവു വരെ ടാറിങ്ങ് നടക്കുകയും ചെയ്തു.

എന്നാൽ പൊഴുതന പഞ്ചായത്തിൻെറ

ഉൾപ്രദേശത്തേക്ക് അതിലെ നിവാസികൾക്ക് വലിയ ഒരളവ് യാത്രാ സൗകര്യം ഉണ്ടാക്കുന്നതിന് അയ്യൂർ എസ്റ്റേററ് മലയാളം പ്ലാന്റേഷൻ കമ്പനി സഹായിച്ചുവെന്നു പറയാതിരിക്കാൻ വയ്യ. കാരണം എസ്റ്റേററിന്റെ ഉള്ളിലുളള എല്ലാ റോഡുകളും അവർ നിർമ്മിച്ചവയാണ്. എന്നാൽ മേപ്പടി റോഡുകൾ അവർ പഞ്ചായത്തിന് വിട്ടുതരുന്ന പക്ഷം വികസനത്തിന് ഇനിയും സാദ്ധ്യതകളുണ്ട്. വൈത്തിരിയിൽ നിന്ന് വേർതിരിഞ്ഞതിന് ശേഷം ഈ പഞ്ചായത്തിന് 32—500 കി.മി. റോഡ് നിർമ്മിക്കുകയുണ്ടായി. ഇപ്പോൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എറെ വാഹനസൗകര്യം ഉണ്ട്. എന്നാൽ പൊഴുതന പഞ്ചായത്തിന്റെ ആനോത്ത് പുഴയ്ക്ക് ആനോത്ത് എന്ന സ്ഥലത്ത് ഒരു പാലം ഇല്ലാത്തതിന്റെ വിഷമം വളരെ കൂടുതലാണ് വൈത്തിരി പഞ്ചായത്തിൽ നിന്ന് വഭജിച്ച് വരുന്ന ഈ പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിന് ഒരു കിണർ ഒഴികെ മററു സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. പുതുതായി രൂപീകൃതമായ പഞ്ചായത്ത് കുടിവെള്ളത്തിന് വളരെയധികം പ്രാധാന്യം നല്കുകയും 1975 ആയപ്പോഴേക്കും ശുദ്ധജലസൗകര്യമായി. വലിയ പാറശുദ്ധജല വിതരണ പദ്ധതിയെന്ന പേരിൽ ഒരു വലിയ ശുദ്ധജലവിതരണ പദ്ധതി എൽ.എസ്.സി സഹായത്തോടെ രൂപം നല്കി പ്രവർത്തനം ആരംഭിച്ചെങ്കിലും നാളിതുവരെ അതു പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമായി ഇപ്പോൾ രണ്ടേക്ര പതിമൂന്ന് സെൻറ് ഭൂമിയും ഒരു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും ആറു പീടികമുറികളും ഒരുസാംസ്കാരിക കേന്ദ്രവും ഒരു വായനശാലയും നാല് അംഗൻ വാടികളും ഒരു ടി.വി.ഷെഡും അഞ്ച് ബസ് വെയിറ്റിംഗ് ഷെഡുകളും രണ്ടു കന്നുകാലി ഷെഡു കളും ഒരു മിനി കമ്യൂണിറ്റി ഹാളും മൂന്നു കുളിക്കടവു കളുമുണ്ട്. പൊതുവെ പഞ്ചായത്തിന്റെ പ്രവർത്തനത്തിനും വികസനത്തിനും കഴിഞ്ഞ ഭരണ സമിതികളും ഉദ്യോഗസ്ഥരും ഒരുപോലെ പ്രവർത്തിച്ചുവെന്നു പറയാതെ വയ്യ. വിനോദത്തെ പ്പറ്റി പറയുകയാണെങ്കിൽ പഞ്ചായത്തിന് ഇതുവരെ കളിസ്ഥലം ഉണ്ടായിരുന്നില്ല. ഇപ്പോൾ മിനിസ്റ്റേ ഡിയം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 1982 ജൂലൈ മാസത്തിൽ രൂപീകൃതമായ ഒരു താല്ക്കാലിക സിനിമാശാലയല്ലാതെ മറ്റു സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. പൊഴുതന ഗ്രാമപഞ്ചായത്ത് മൊത്തത്തിൽ അച്ചൂരാനം വില്ലേജ് എന്ന പേരിൽ ഒറ്റ വില്ലേജായിരുന്നു. എന്നാൽ അടുത്തകാലത്തായി അത് പൊഴുതന അച്ചൂരാനം എന്നീ രണ്ട് റവന്യൂ വില്ലേജുകളായി രൂപം കൊണ്ടു.

1992—ലെ 73ാം ഭരണഘടനാ ഭേദഗതി പ്രകാരം രൂപം കൊണ്ട ത്രിതല പഞ്ചായത്ത് സംവിധാനം ഇന്നു നമുക്ക് ഈ ആസൂത്രണപ്രക്രിയക്ക് തുടക്കം കുറിച്ചുവെന്നു പറയാതിരിക്കാൻ വയ്യ. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്തു തന്ന ഗ്രാമസ്വരാജ് നടപ്പിൽ വന്ന ഇത്തരുണത്തിൽ അദ്ദേഹത്തിന്റെ ആത്മാവിനു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

1926ൽ പൊഴുതന അച്ചൂരാനം മാപ്പിള ഗവ. എൽ.പി.സ്ക്കൂൾ സ്ഥാപിച്ചു. 1952ൽ പി.ടി ഭാസ്കര പ്പണിക്കരുടെ നേതൃത്വത്തിലുണ്ടായ ജില്ലാ ബോർഡ് ഒരു ഏകാദ്ധ്യാപക സ്ക്കൂൾ അച്ചൂരിൽ തുടങ്ങി. പിന്നീടത് അച്ചൂർ ഗവ.എൽ.പി.സ്ക്കൂളായും യു.പിസ്ക്കൂളായും ഇപ്പോൾ അത് ഹൈസ്ക്കൂളായും പ്രവർത്തിക്കുന്നു. ഏകദേശം ഇതേ കാലത്തുതന്നെ പിണങ്ങോട്ട് ഒരു എൽ.പി. സ്ക്കൂൾ തുടങ്ങി. ഇപ്പോൾ അത് യു.പിയായി പ്രവർത്തിക്കുന്നു. 1973ൽ വലിയപാറ എൽ.പി. സ്ക്കൂൾ ആരംഭിച്ചു. അതേവർഷം തന്നെ കുറിച്യർമല എൽ.പി.സ്ക്കൂളും ആരംഭിച്ചു. ഇപ്പോൾ ഈ പഞ്ചായത്തിലാകെ അഞ്ച് എൽ.പി.സ്ക്കൂളുകളും രണ്ട് യു.പിസ്ക്കൂളുകളും പ്രവർത്തിച്ചുവരുന്നു. പൊഴുതന പ്രദേശത്തെ ആദ്യകാല വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളെ പറ്റി പറയുമ്പോൾ ജില്ലാ ബോർഡ് മെമ്പറായിരുന്ന ജനാബ് മുസ്തഫ പൂക്കോയ തങ്ങളുടെ പേർ അനുസ്മരിക്കുന്നു. ഈ പഞ്ചായത്തിൽ പൊഴുതനയിലുണ്ടായിരുന്ന ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ കുറച്ചുവർഷങ്ങൾക്കുമുമ്പ് സബ് പോസ്റ്റാഫീസാക്കി മാറ്റി. ഇപ്പോൾ സുഗന്ധഗിരി അച്ചൂരാനം എന്നീ ബ്രാഞ്ച് പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു.

1959ൽ പൊഴുതനയിൽ വൈദ്യുതി വന്നു. ജനങ്ങൾ ശ്രമദാനം നടത്തിയാണ് പോസ്റ്റ് കൊണ്ടുവന്നത്. കൂട്ടമുണ്ട ലൈൻ ചുണ്ട,. രത്നഗിരി എസ്റ്റേറ്റിലെത്തിയപ്പോൾ ആനോത്ത് വഴിയാണ് ലൈൻ വലിച്ചത്. എല്ലാ വിഭാഗം ജനങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതിൽ സഹകരിച്ചു. ഇതിൽ പൊഴുതനയിലെ ഒരു കണക്കെഴുത്തുകാരനായ കുമാരൻ നായരുടെ പേർ എടുത്തുപറയേണ്ടതാണ്. ഇതിൽ പ്രതിപാദിക്കാത്ത ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിധി കാരണം ഇവിടെ അവസാനിപ്പിക്കുന്നു.

## പട്ടിക
## അംഗൻവാടികളുടെ എണ്ണം

| ക്രമ നമ്പർ | വാർഡ് നമ്പർ | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 4 | | 100 | പ്രൊക്ട വക | — | — | — | — | 4 | |
| | 2 | 1 | | 40 | | 1 | | — | | 1 | |
| | 3 | 2 | | 200 | എസ്റ്റേറ്റ് വക | 2 | | 2 | | 2 | |
| | 4 | 2 | | 100 | 2 | | | | | 2 | |
| | 5 | 1 | | 50 | 1 | | | | | 1 | |
| | 6 | 1 | | 50 | 1 | | | | | 1 | |
| | 7 | 3 | | 120 | 2 | 1 | | 1 | | 3 | |
| | 8 | 1 | | | 1 | | | | | 1 | |
| | 9 | 2 | | | 2 | | | | | 2 | |

## ഗ്രാമസഭകളുടെ വിവരം

| വാർഡ് | തിയതി | സ്ഥലം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|---|
| 1 | 29—9—96 11 മണി | കല്ലൂർ ലീഫ് വെയിറ്റിംഗ് ഷെഡ് | 22 | 142 | 164 |
| 2 | 29—9—96 2 മണി | വോങ്ങോത്തോട് | 40 | 151 | 151 |
| 3 | 2—10—96 2 മണി | പാറക്കുന്ന് മാസ്റ്റർറോൾ ഷെഡ് | 165 | 137 | 302 |
| 4 | 29—9—96 2 മണി | ജി.എൽ.പി.എസ്. വല്യപ്പാറ | 8 | 93 | 101 |
| 5 | 1—10—96 2 മണി | ജി.എൽ.പി.എസ്. അച്ചൂരാന | 70 | 135 | 205 |
| 6 | 30—9—96 2 മണി | ജി.എൽ.പി.എസ്. അച്ചൂരാന | 50 | 240 | 295 |
| 7 | 22—9—96 2 മണി | കമ്മാടംകുന്ന് | 30 | 206 | 236 |
| 8 | 2—10—96 2 മണി | ജി.എൽ.പി.എസ്. പിണങ്ങോട് | 20 | 116 | 136 |
| 9 | 26—9—96 2 മണി | കൃഷിഭവൻ, ഇടിയംവയൽ | 25 | 130 | 155 |

പൊഴുതന ഗ്രാമ പഞ്ചായത്ത്

# ഉപസംഹാരം

സുസ്ഥിരമായ വികസനം ഉറപ്പു വരുത്തണമെങ്കിൽ ദീർഘവീക്ഷണത്തോടുകൂടിയ ആസൂത്രണം അനിവാര്യമാണ്. വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണവും വികസനത്തിൻെറ മറ്റൊരു ഘടകമാണ്. മുൻകാലങ്ങളിൽ നടന്ന പുരോഗതിയുടെ വൈകല്യങ്ങൾ കണക്കിലെടുത്ത്, നിലവിലുള്ള സൗകര്യങ്ങളുടെ പരിമിതകൾ മനസ്സിലാക്കി ഭാവിയെ ചിട്ടപ്പെടുത്തുക.

പ്രകൃതി നിയമങ്ങൾക്ക് വിപരീതമായി അശാസ്ത്രീയമായ രീതിയിൽ ഭൂവിഭവങ്ങളെ ചൂഷണം ചെയ്തതിൻെറ ഭവിഷ്യത്തുക്കൾ പ്രകടമായിക്കൊണ്ടിരിക്കയാണല്ലോ? കാലാവസ്ഥയിൽ വന്ന മാറ്റവും പ്രകൃതിക്ഷോഭങ്ങളും എല്ലാം വരാൻ പോകുന്ന കൊടുംവിപത്തിൻെറ മുന്നോടികളാണ്. ഇതിനുപുറമെ സാംസ്കാരികവും സാമൂഹികവുമായ മൂല്യച്യുതി, സമൂഹത്തിലെ തിന്മകളെ ബലവത്തായ രീതിയിൽ ചെറുത്തുനിൽക്കാൻ പറ്റാത്ത അവസ്ഥ, അഭ്യസ്ഥവിദ്യരുടെ ഇടയിലെ തൊഴിലില്ലായ്മയുടെ ദൂഷ്യവശങ്ങൾ, കാർഷിക മേഖലയിലെ ഉൽപാദനക്കുറവ്, ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസനിലവാരത്തിലും വന്നുചേർന്ന പോരായ്മകൾ ഉത്തരവാദിത്വങ്ങളെ മറന്ന് അവകാശങ്ങൾക്ക് വേണ്ടി മാത്രം മുറവിളി കൂട്ടുന്ന സമൂഹം എന്നീ നിരവധി കാരണങ്ങളാൽ തന്നെ വരുംകാലങ്ങളിലെ വികസനപ്രക്രിയ ജനങ്ങളുടെ അഭിലാഷങ്ങളേയും ആഗ്രഹങ്ങളേയും പരിപോഷിപ്പിക്കുവാൻ ഉതകുന്ന രീതിയിൽ രൂപ്പപെടുത്തണം.

പ്രകൃതിവിഭവങ്ങൾ, മാനവശേഷി എന്നിവ ഉപയോഗിച്ച് പ്രാദേശിക പ്രശ്നങ്ങളെ നീതിപൂർവ്വമായ രീതിയിൽ ദീർഘവീക്ഷണത്തോടെ പ്രായോഗികമായ പരിഹാരമാർഗ്ഗങ്ങൾ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് സാങ്കേതിക വിഭാഗക്കാരുടെ സ്ഥിരമായ സേവനം ലഭിച്ചേ തീരൂ. പഞ്ചായത്തിൻെറ സമഗ്രമായ വികസനരേഖ വിശദമായ വിശകലനത്തിനും ചർച്ചകൾക്കും വേണ്ടി വികസന സെമിനാറിനു മുമ്പേ സമർപ്പിക്കുന്നു.

അധികാരം ജനങ്ങളിലേക്ക്



